● വാർഷിക വരിസംഖ്യ: ₹60

# മലബാർ വിഷൻ

താമരശ്ശേരി രൂപതാ മുഖപത്രം

● 2024 ● മെയ് - ജൂൺ ● പുസ്തകം: 07 ● ലക്കം: 03 ● RNI Regn No: KERMAL/2017/73545

# മാറുന്ന വിദ്യാഭ്യാസരംഗം

**ഓരോ വിദ്യാർത്ഥിയിലും തൊഴിൽപരമായ ചിന്തയും തൊഴിൽ നേടാനുള്ള നൈപുണ്യ വികസനവും ഉറപ്പുവരുത്തുന്ന രീതിയിൽ കരിക്കുലം നവീകരണമെന്ന ആശയം പുതിയ നയരേഖ പങ്കുവയ്ക്കുന്നു.**





## കവർ സ്റ്റോറി

**ഡോ. സജി കുര്യാക്കോസ്**

2020 ജൂലൈ 29-ന് കേന്ദ്രസർക്കാർ പ്രഖ്യാപിച്ച പുതിയ വിദ്യാഭ്യാസനയത്തെ പ്രധാനമന്ത്രി നരേന്ദ്രമോദി വിശേഷിപ്പിച്ചത് ഇരുപത്തിയൊന്നാം നൂറ്റാണ്ടിലേക്കുള്ള രാഷ്ട്രത്തിന്റെ സ്വപ്നമെന്നാണ്. സ്കൂൾതലം മുതൽ ഉന്നത വിദ്യാഭ്യാസരംഗംവരെ സമൂലമായ മാറ്റം ഉന്നംവച്ചുകൊണ്ടു പ്രഖ്യാപിച്ച ഈ വിദ്യാഭ്യാസനയം അനുകൂലവും പ്രതികൂലവുമായ ഒട്ടേറെ അഭിപ്രായങ്ങളും വിമർശനങ്ങളും നേരിട്ടുകൊണ്ടിരിക്കുകയാണ്.

ഈ പദ്ധതി നടപ്പിലാക്കാൻ നാം വൈകേണ്ടതുണ്ടോ? കേരളത്തിൽ ഈ പദ്ധതി നടപ്പിലാക്കിയാൽ എന്തൊക്കെ മാറ്റങ്ങളാണ് വിദ്യാഭ്യാസരംഗത്തുണ്ടാകുക?

പുതിയ വിദ്യാഭ്യാസനയത്തിലൂന്നിയ പരിഷ്ക്കാരങ്ങൾ നേരത്തെ നടപ്പിലാക്കേണ്ടിയിരുന്നതാണ് എന്ന് അഭിപ്രായപ്പെടുന്നവരുണ്ട്. പ്രത്യേകിച്ച് ഇന്നു സംഭവിച്ചുകൊണ്ടിരിക്കുന്ന സാങ്കേതികരംഗത്തെ വിപ്ലവങ്ങളും അത് ജീവിതത്തിന്റെ സമൂലരംഗങ്ങളിൽ കൊണ്ടുവരാൻ പോകുന്ന മാറ്റങ്ങളും, അത് ഉൾക്കൊള്ളാൻ നാളത്തെ യുവതലമുറയെ സജ്ജമാക്കാൻ പഴയ വിദ്യാഭ്യാസരീതികളിൽ നിന്നുള്ള മാറ്റങ്ങൾ അനിവാര്യമാണ്. നിർമ്മിതബുദ്ധിയുടെ ഇടപെടൽ ജീവിതത്തിന്റെ എല്ലാ തലങ്ങളിലും വന്നുകൊണ്ടിരിക്കുകയാണ്. ഉന്നതസാങ്കേതികവിദ്യാഭ്യാസം ഇപ്പോഴും ഊന്നൽ നൽകുന്ന ഉൽപാദന-വിതരണ മേഖല ഇതേപടി തുടർന്നാൽ നിലവിലെ 80 ശതമാനം ജോലികളും ഇല്ലാതാകുമെന്നും ഇന്ത്യയിലെ ജനസംഖ്യയുടെ ഭൂരിഭാഗം വരുന്ന യുവജനതയുടെ നിലനിൽപ്പിനെ എങ്ങനെ ബാധിക്കുമെന്നും ചർച്ച ചെയ്യുമ്പോഴാണ് പുതിയ വിദ്യാഭ്യാസ നയത്തിന്റെ പ്രസക്തി വർധിക്കുന്നത്.

അതിനായി പ്രാഥമിക വിദ്യാഭ്യാസം മുതൽ ബിരുദാനന്തര-ഗവേഷണതലം വരെയുള്ള എല്ലാ ഘട്ടങ്ങളിലും ഘടനാപരവും അക്കാദമികപരവുമായ മാറ്റങ്ങൾക്ക് വേണ്ടിയുള്ള നിർദ്ദേശങ്ങളെ പ്രതിപാദിക്കുന്നതാണ് 2020-ലെ 'ദേശീയ വിദ്യാഭ്യാസനയം'.

### പ്രൈമറി വിദ്യാഭ്യാസം

അടിസ്ഥാന വിദ്യാഭ്യാസമേഖലയെ കൂടുതൽ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ പ്രൈമറി വിദ്യാഭ്യാസ ഘട്ടത്തിലേക്ക് പ്രീ-പ്രൈമറി കൂട്ടിച്ചേർക്കുവാനുള്ള നിർദ്ദേശം മൂന്നു വയസുമുതലുള്ള കുട്ടികളുടെ വിദ്യാഭ്യാസം മുഖ്യധാരയിലേക്ക് കൊണ്ടുവരാനുദ്ദേശിച്ചുള്ളതാണ്. ഓരോ വിദ്യാർത്ഥിയിലും തൊഴിൽപരമായ ചിന്തയും തൊഴിൽ നേടാനുള്ള നൈപുണ്യ വികസനവും ഉറപ്പുവരുത്തുന്ന രീതിയിൽ കരിക്കുലം നവീകരണമെന്ന ആശയം പുതിയ നയരേഖ പങ്കുവയ്ക്കുന്നു. സെക്കൻഡറിതലം മുതൽ ഒരു വിദ്യാർത്ഥിയുടെ അഭിരുചിക്കും ഇഷ്ടത്തിനും പ്രാധാന്യം നൽകി ഇഷ്ടവിഷയങ്ങൾ തിരഞ്ഞെടുക്കാനുള്ള അവസരം പുതിയ വിദ്യാഭ്യാസനയം നൽകുന്നു.

പേജ് 3-ൽ തുടരുന്നു ▸

**വലിയ മാറ്റങ്ങൾക്ക് വഴിയൊരുക്കും**

## Inside

പേജ് 2 ▸ ക്ലീൻ സ്ലേറ്റിലെഴുതുന്ന ജീവിത ചിത്രങ്ങൾ
പേജ് 4 ▸ മൂല്യാധിഷ്ഠിത വിദ്യാഭ്യാസം ഒരു പുനർവിചിന്തനം
പേജ് 7 ▸ രക്ഷിതാക്കളുടെ ശ്രദ്ധയ്ക്ക്
പേജ് 13 ▸ ദാമ്പത്യ ജീവിതത്തിന്റെ താൽക്കാലിക വേർപിരിയൽ
പേജ് 18 ▸ സിവിൽ സർവീസ് പരീക്ഷയ്ക്ക് ഒരുങ്ങാം



## എഡിറ്റോറിയൽ

● പുസ്തകം: 7 ● ലക്കം: 3

# കലാപകേന്ദ്രങ്ങളാകുന്ന കലാലയങ്ങൾ

സാങ്കേതികവിദ്യയുടെയും അറിവിന്റെയും മേഖലയിൽ വിജ്ഞാന വിസ്ഫോടനം നടക്കുന്ന ഈ കാലഘട്ടത്തിൽ മാറ്റമുണ്ടാകാത്തത് കേരളത്തിലെ കലാലയങ്ങൾക്കാണ്. പുത്തൻ നൂറ്റാണ്ടിലേക്കുള്ള രാഷ്ട്രത്തിന്റെ സ്വപ്നമെന്ന പേരിൽ അവതരിപ്പിക്കപ്പെടുന്ന നവവിദ്യാഭ്യാസനയങ്ങൾ നടപ്പിലാക്കുന്നതിന് മുമ്പ് അടിമുടി മാറ്റം വരുത്തേണ്ടത് കലാപഭൂമിയായി മാറുന്ന നമ്മുടെ കലാലയങ്ങളിലാണ്.

കേരളത്തിലെ ഉന്നത വിദ്യാഭ്യാസരംഗം പ്രതിസന്ധികളുടെ നടുവിലാണ്. രാഷ്ട്രീയപാർട്ടികളുടെ സംരക്ഷകരായി വിദ്യാർത്ഥികളും അധ്യാപകരും മാറുമ്പോൾ വിദ്യാഭ്യാസമേഖല നിലവാരത്തകർച്ചയിലേക്ക് കൂപ്പുകുത്തുന്നു. സ്വാതന്ത്ര്യസമരകാലം മുതൽ വിദ്യാർത്ഥി രാഷ്ട്രീയം ഇന്ത്യയൊട്ടാകെ വലിയ മാറ്റങ്ങൾക്ക് വഴിതെളിച്ചിട്ടുണ്ട്. പക്ഷേ, പിന്നീടത് അവിശ്വസനീയമാംവിധം അപചയത്തിലായി. കലാലയ രാഷ്ട്രീയമെന്നത് അധോലോക സമാനമായ രീതിയിൽ അധഃപതിച്ചതിനാലാണ് അത് നിരോധിക്കുന്നതിനെക്കുറിച്ച് കോടതികൾക്കു പോലും പറയേണ്ടിവന്നത്.

ഒരിക്കൽ ആദർശങ്ങളുയർത്തി കെട്ടിപ്പടുത്തതും ഇപ്പോൾ കപടമുദ്രാവാക്യങ്ങളുടെയും ഗുണ്ടായിസത്തിന്റെയും പിൻബലത്തിൽ നിലനിൽക്കുന്നതുമായ വിദ്യാർത്ഥി പ്രസ്ഥാനങ്ങൾ സ്വേച്ഛാധിപത്യ ശൈലിയിൽ കലാലയങ്ങളെ വരുതിയിലാക്കിയിരിക്കുകയാണ്. കറപുരണ്ട വ്യക്തിത്വങ്ങൾ കലാശാലകളുടെ തലപ്പത്ത് പ്രതിഷ്ഠിക്കപ്പെടുമ്പോൾ വിദ്യാർത്ഥികളുടെ ഭാവി തെരുവിലേക്ക് വലിച്ചെറിയപ്പെടുന്നു.

നവവിദ്യാഭ്യാസ പദ്ധതികൾ വിഭാവനം ചെയ്യുമ്പോഴും നമ്മെ ആശങ്കപ്പെടുത്തുന്നത് കൊടുംക്രൂരതകൾ കലാലയങ്ങളിൽ നടമാടിയിട്ടും പൈശാചിക സംഭവങ്ങളിൽ പ്രതികരിക്കാത്ത മുഖ്യമന്ത്രിയും പാർട്ടി ഗുണ്ടകൾ വിളയാടുന്ന ക്യാമ്പസുകളും സാംസ്കാരികനായകരുടെ ഒളിച്ചോട്ടവും കുറ്റവാളികളെ സംരക്ഷിക്കുന്ന അധ്യാപകരുടെ അധാർമ്മികതയും പ്രതികരണശേഷിയില്ലാത്ത വിദ്യാർത്ഥികളുമാണ്. വിദ്യാർത്ഥികളുടെ സമഗ്ര വളർച്ചയ്ക്ക് ഇടമാകണം കലാലയങ്ങൾ. കോടതിയും വിദ്യാഭ്യാസ വിചക്ഷണരും രാഷ്ട്രീയ സംഘടനകളും മാതാപിതാക്കളും ഇക്കാര്യത്തിൽ ആത്മാർത്ഥമായി ഇടപെടണം. ആക്രമിക്കപ്പെടുകയും കൊല്ലപ്പെടുകയും ചെയ്യുന്നത് സ്വന്തം മക്കളല്ലെന്ന ആശ്വാസത്തിൽ നാം നിശബ്ദത പാലിച്ചാൽ ഈ വിദ്യാഭ്യാസ മേഖലയുടെ അപചയത്തിന് നാം ക്രൂരമായി പങ്കാളികളാവുകയാണ്.

# പ്രതീക്ഷകളോടെ ഭാരതം

## ഇടയശബ്ദം



മാർ റെമീജിയോസ് ഇഞ്ചനാനിയിൽ

**നിരാശയ്ക്ക് നിരവധി കാരണങ്ങളുണ്ട്. പക്ഷേ, പ്രതീക്ഷ കൈവിട്ട് നിഷ്ക്രിയരാകാനല്ല നമ്മുടെ നിയോഗം. സമാധാനവും പുരോഗതിയും കൂട്ടുത്തരവാദിത്വമാണെന്ന ചിന്തയോടെ നവഭാരത സൃഷ്ടിക്കായി നമുക്ക് യത്നിക്കാം**

'അസംബന്ധവും അസാധ്യവുമാണെന്നാരിഞ്ഞിട്ടും ഞാനെന്റെ സ്വപ്നങ്ങളെ ഇനിയും ഉപേക്ഷിച്ചിട്ടില്ലെന്നത് അതിശയകരമാണ്. കാരണം, എല്ലാറ്റിനുമപ്പുറം മനുഷ്യഹൃദയത്തിലെ നന്മയിൽ ഞാൻ വിശ്വസിക്കുന്നു.'– ഹിറ്റ്ലറുടെ വംശഹത്യക്കാലത്ത് നാസി തടങ്കലിൽ മരിച്ച യഹൂദ പെൺകുട്ടി ആൻ ഫ്രാങ്കിന്റെ വാക്കുകളാണിത്. മതതീവ്രവാദവും തീവ്രദേശീയതയും സ്വാർത്ഥതയും അനീതിയുമൊക്കെ ദുരന്തങ്ങളുടെ കാൽപെരുമാറ്റം കേൾപ്പിക്കുന്നുണ്ടെങ്കിലും പൊതുതിരഞ്ഞെടുപ്പിനെയും അതിലൂടെ സംസ്ഥാപിതമാകുന്ന മന്ത്രിസഭയേയും പ്രതീക്ഷയോടെ വരവേൽക്കാം.

രാഷ്ട്രം പൊതുതെരഞ്ഞെടുപ്പിലൂടെ ഏപ്രിൽ 19 മുതൽ ജൂൺ 2 വരെ കടന്നുപോവുകയാണ്. ഈ തെരഞ്ഞെടുപ്പോടെ ഭരണഘടന നൽകുന്ന മതസ്വാതന്ത്ര്യം, മതനിരപേക്ഷത, ന്യൂനപക്ഷ സംരക്ഷണം എന്നിവയൊക്കെ പഴങ്കഥയാകുമെന്ന് നാമൊക്കെ ഭയപ്പെടുന്നുണ്ട്. ഭരണഘടന പൊളിച്ചെഴുതുവാൻ വെമ്പൽ കൊള്ളുന്നവർ രാഷ്ട്രത്തെ നയിച്ചാൽ ഭാരതം ഒരു മതാധിഷ്ഠിത, മതമൗലിക രാജ്യമായി മാറിയേക്കാം.

ഭാരതത്തിൽ സമ്പന്നർ കൂടുതൽ സമ്പന്നരും ദരിദ്രർ കൂടുതൽ ദരിദ്രരുമായെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. രാജ്യത്തെ കർഷകആത്മഹത്യകൾ വാർത്തയല്ലാതായി. മാധ്യമ സ്വാതന്ത്ര്യം കൂപ്പുകുത്തി. ജനങ്ങളുടെ അടിസ്ഥാന പ്രശ്നങ്ങൾ പോലും പാർലമെന്റിൽ ചർച്ച ചെയ്യുന്നില്ല. നിസാര കാരണങ്ങൾ ഉയർത്തി പ്രതിപക്ഷത്തെ താറടിച്ചു കാണിക്കുന്നതാണ് മിടുക്കെന്ന് ഭരണപക്ഷം ധരിച്ചിരിക്കുന്നു. രാഷ്ട്രത്തിന്റെ അഖണ്ഡതയും പുരോഗമനവും തെരഞ്ഞെടുപ്പു വിഷയമാക്കാതെ മതം രാഷ്ട്രവിഷയമായിരിക്കുന്നു.

പ്രകൃതിസ്നേഹത്തിന്റെയും വനസംരക്ഷണത്തിന്റെയും പേരുപറഞ്ഞു കർഷകരെ പീഡിപ്പിക്കുന്നത് അഴിമതിയാണെന്ന് ഏവർക്കും അറിയാം. കാർബൺ ക്രെഡിറ്റ് ഫണ്ട് ലക്ഷ്യമിട്ടുകൊണ്ടാണ് ഇവയെല്ലാം ചെയ്തു കൂട്ടുന്നത്. ആരാധനാലയങ്ങളെയും അൾത്താരകളെയും യുദ്ധക്കളമാക്കി, 'സമാധാനമത'മെന്ന് പ്രഖ്യാപിക്കുന്നവർ നാടിന്റെ സുസ്ഥിതിക്ക് തുരങ്കം വയ്ക്കുകയാണ്. വ്യത്യസ്ത അഭിപ്രായമോ വിയോജിപ്പോ ഉള്ളവരെ സൈബറിടങ്ങളിൽ അക്രമിച്ചും സാമ്പത്തിക നിയമനിർവ്വഹണ ഏജൻസിയുടെ കേസുകളിൽ ഉൾപ്പെടുത്തിയും സ്വഭാവഹത്യ നടത്തുന്നത് മൂല്യബോധമുള്ള ജനതക്ക് ചേർന്നതല്ല. അഴിമതിയിലും ആഡംബരത്തിലും സ്വജനപക്ഷപാതത്തിലും ധാർഷ്ട്യത്തിലും വിഹരിക്കുന്ന അധികാരികളിൽ നിന്ന് നമ്മുടെ നാട് വിമുക്തമാകുന്ന നല്ല നാളെ നമുക്ക് സ്വപ്നം കാണാം.

നിരാശയ്ക്ക് നിരവധി കാരണങ്ങളുണ്ട്. പക്ഷേ, പ്രതീക്ഷ കൈവിട്ട് നിഷ്ക്രിയരാകാനല്ല നമ്മുടെ നിയോഗം. സമാധാനവും പുരോഗതിയും കൂട്ടുത്തരവാദിത്വമാണെന്ന ചിന്തയോടെ നവഭാരത സൃഷ്ടിക്കായി നമുക്ക് യത്നിക്കാം.

# ക്ലീൻ സ്ലേറ്റിലെഴുതുന്ന ജീവിത ചിത്രങ്ങൾ

## അകം പുറം



കെ.എഫ്. ജോർജ്

യുദ്ധരംഗത്തെ ചിത്രങ്ങളെല്ലാം ക്രൂരവും ദയനീയവുമാണെങ്കിലും കൂടുതൽ ചങ്കുലയ്ക്കുന്നത് അവിടുത്തെ കുഞ്ഞുങ്ങളുടെ മുഖങ്ങളാണ്. ഉറ്റവർ നഷ്ടപ്പെട്ട്, പഠനം തകരാറിലായി, കീറിയ ഉടുപ്പിട്ട് ഭക്ഷണത്തിനു പാത്രം നീട്ടുന്ന ഇളം തലമുറ ടിവി ചിത്രങ്ങളിൽ നിറഞ്ഞു നിൽക്കുന്നു. വംശീയ വൈരവും തീവ്രവാദവും തരിപ്പണമാക്കിയ പല ആഫ്രിക്കൻ –പശ്ചിമേഷ്യൻ രാജ്യങ്ങളിൽ നിന്നുള്ള ഇത്തരം സങ്കടകരമായ ദൃശ്യങ്ങൾ ദിവസവും കാണേണ്ടി വരുന്നു. കഠിനമായ അവസ്ഥകളിൽക്കൂടി ബാല്യം കടന്നു പോകുന്ന ഈ കുഞ്ഞുങ്ങൾ മുതിരുമ്പോൾ ക്രിമിനലുകളോ ചോരയ്ക്കു പകരം ചോദിക്കുന്ന പ്രതികാരദാഹികളോ ആയേക്കാം.

കുട്ടിക്കാലത്തെ സാഹചര്യങ്ങളാണ് ഭാവിശതി നിർണയിക്കുന്നത്. നന്മയായോ തിന്മയായോ അത് ജീവിതാവസാനം വരെ കൂടെയുണ്ടാകും.

മനുഷ്യൻ പാടിത്തുടങ്ങുന്നതിന് എത്രയോ മുമ്പ് പക്ഷികൾ പാടിക്കൊണ്ടിരുന്നു. പക്ഷേ, അവയുടെ പാട്ടിന് ഒരു വളർച്ചയുമുണ്ടായിട്ടില്ല. ഉണ്ടായകാലംതൊട്ട് പാടുന്ന പാട്ടുതന്നെ ഇന്നും പക്ഷികൾ പാടിക്കൊണ്ടിരിക്കുന്നു. എത്രയോ കഴിഞ്ഞ് പാടാൻ പഠിച്ച മനുഷ്യൻ സ്വയംസൃഷ്ടിച്ചെടുത്ത സംഗീത സാഗരത്തെ ദിനംപ്രതി വിപുലവും വൈവിധ്യവുമാക്കിക്കൊണ്ടിരിക്കുന്നു. അടുത്തകാലത്തു മാത്രം പറക്കാൻ വിമാനം കണ്ടുപിടിച്ച മനുഷ്യൻ വേഗതയിൽ പക്ഷികളെ പെട്ടെന്ന് തോൽപ്പിച്ചു കളഞ്ഞു.

ഏതു കഴിവും മെച്ചപ്പെടുത്താനുള്ള ശേഷിയും ബുദ്ധിയുമാണ് മനുഷ്യനെ മറ്റു ജീവികളിൽ നിന്ന് വേറിട്ടു നിർത്തുന്നത്.

പ്രായമാകുംതോറും ബാല്യകാല അനുഭവങ്ങളാണ് മനസ്സിൽ കൂടുതൽ തെളിഞ്ഞു വരിക. മുതിർന്നതിനു ശേഷമുള്ള സംഭവങ്ങൾ ഇത്രയും തെളിച്ചത്തിൽ ഉള്ളിൽ ഉണരാറില്ല. കുഞ്ഞുങ്ങളുടെ തലച്ചോർ ക്ലീൻ സ്ലേറ്റാണ്. അതിൽ എന്തും എഴുതാം. അന്ന് അറിഞ്ഞോ അറിയാതെയോ രേഖപ്പെടുത്തിയതെല്ലാം പ്രായമാകുമ്പോൾ കൂടുതൽ വെളിച്ചത്തിൽ കണ്ടുതുടങ്ങും. നമ്മെ നാം ആക്കിയതിൽ ഈ ഡേറ്റകൾക്ക് വലിയ പങ്കുണ്ട്.

പ്രശ്നങ്ങളുടെ തുടക്കം മോശം കുട്ടിക്കാലമാണെന്ന് പ്രീ–സ്കൂൾ പ്രസ്ഥാനത്തിനു തുടക്കമിട്ട മരിയ മോണ്ടിസോറി പറയുന്നു. ഇതിനു പരിഹാരമായാണ് നഴ്സറി സ്കൂൾ എന്നു നമ്മൾ വിളിക്കുന്ന പ്രീ–സ്കൂളിന് അവർ തുടക്കമിട്ടത്.

കുട്ടികളുടെ പഠനാന്തരീക്ഷത്തിന് അവർ പ്രാധാന്യം നൽകി. സ്വയം ബഹുമാനിക്കാനും പ്രപഞ്ചത്തെ സ്നേഹിക്കാനും ബോധേന്ദ്രിയ പരിശീലനം നൽകി. സ്വയം അറിയാനും നൈസർഗിക കഴിവുകൾ വളർത്താനും വേദികൾ ഒരുക്കി.

സ്വതന്ത്രവും വ്യക്തിഗതവുമായ വിദ്യാഭ്യാസം നൽകിയ മോണ്ടിസോറി സ്കൂളുകൾ ലോകശ്രദ്ധ പിടിച്ചുപറ്റി. കുട്ടികളിൽ യുദ്ധാഭിമുഖ്യം വളർത്താനും അവരെ ഭാവിയിൽ സൈനികരാക്കാനുമുള്ള ശ്രമത്തെ എതിർത്തതിനാൽ ഇറ്റലിയിലെ ഏകാധിപതിയായ മുസോളിനി അവരെ സ്പെയിനിലേക്ക് നാടുകടത്തുകയുണ്ടായി. തിയോസഫിക്കൽ സൊസൈറ്റിയുടെ ക്ഷണപ്രകാരം ഇന്ത്യയിലെത്തി ഇവിടെയും അവർ പ്രീ–സ്കൂളുകൾക്ക് തുടക്കമിട്ടിരുന്നു.

ബുദ്ധിശക്തികൊണ്ടു മാത്രം ജീവിത വിജയം നേടാനാകില്ല. അതിനു വൈകാരിക ബുദ്ധികൂടി കാര്യക്ഷമമാകണം. വീടും ജീവിക്കുന്ന പരിസരവുമാണ് ഇതിനുള്ള അഭ്യാസക്കളരികൾ. സഹകരണ മനോഭാവം, അനുകമ്പ, സഹനശേഷി, കൂട്ടായ്മ, സ്നേഹം, വിട്ടുവീഴ്ച ഇവയെല്ലാം ഈ കളരികളിൽ നിന്ന് ജീവിതത്തിൽ ഉൾച്ചേരണം. ഈ കഴിവുകൾ തന്നെയാണ് മുതിർന്ന ശേഷം സ്ഥാപനങ്ങളിൽ ജോലി ചെയ്യുമ്പോൾ മറ്റൊരു രൂപത്തിൽ കരുത്തായി കൂട്ടുവരുന്നത്.

ഒരു ചക്കയിട്ട്, വെട്ടിപ്പെറുക്കി വേവിച്ചെടുക്കുമ്പോൾ അതിൽ കുടുംബാംഗങ്ങളുടെയെല്ലാം സഹകരണം ഉണ്ടായിരുന്നു. ഇഞ്ചി നടീൽ പോലുള്ള കൃഷികളിൽ കുട്ടികളടക്കം എല്ലാവർക്കും എന്തെങ്കിലും പങ്കാളിത്തമുണ്ടായിരുന്നു. ഇതിൽക്കൂടി വൈകാരിക ബുദ്ധിയുടെ കാര്യത്തിൽ മുമ്പു പറഞ്ഞ പല കാര്യങ്ങളും കുട്ടികൾ സ്വാഭാവികമായി സ്വായത്തമാക്കുകയും ചെയ്തിരുന്നു.

കുടുംബം വളരെ ചെറുതായി. കൃഷി ശോഷിച്ചു. പാചകരീതി പാടേ മാറി. ജീവിതം ഫോണിലേക്കു പറിച്ചുനട്ടതോടെ യഥാർത്ഥ ജീവിതം കാണാനും അനുഭവിക്കാനും ജീവിതപാഠങ്ങൾ സ്വായത്തമാക്കാനും കുഞ്ഞുങ്ങൾക്ക് വേദികൾ ഒരുക്കിക്കൊടുക്കേണ്ട അവസ്ഥയാണ്. അവധിക്കാലങ്ങൾ ഇതിനായി പ്രയോജനപ്പെടുത്താവുന്നതാണ്.

സിദ്ധാർത്ഥ രാജകുമാരൻ 29 വയസുവരെ കൊട്ടാരത്തിൽ സുഖജീവിതത്തിന്റെ മായാവലയത്തിലായിരുന്നു. പുറത്തിറങ്ങി വേദനയും വാർദ്ധക്യവും മരണവും കണ്ടു ബോധോദയമുണ്ടായപ്പോൾ ബുദ്ധനായി തീർന്നു.

ടൂറുകൾ നടത്തി ആനന്ദിക്കുന്നതിനൊപ്പം രോഗവും മരണവും ദാരിദ്ര്യവുമെല്ലാം കണ്ടു വളർന്നാൽ മാത്രമേ ഉള്ളുറപ്പുള്ള വ്യക്തികളാകൂ. ബന്ധുക്കളെയും പ്രായമായവരെയും സന്ദർശിക്കുകയും അവരുടെ സുഖദുഃഖങ്ങളിൽ കുഞ്ഞുങ്ങളെക്കൂടി പങ്കാളികളാക്കുകകയും ചെയ്യുന്നത് ഈ ലക്ഷ്യത്തോടെയാണ്. ജീവിതം വെറും മേളം മാത്രമല്ല, ഏറെ ക്ലേശങ്ങളും സങ്കീർണ്ണതകളും നിറഞ്ഞതാണെന്നും ഇതിൽ നിന്ന് ഒളിച്ചോടാനാവില്ലെന്നുമുള്ള സത്യം ഇളം മനസിൽ അങ്ങനെ ഉറച്ചുകിട്ടണം.

# വലിയ മാറ്റങ്ങൾക്ക് വഴിയൊരുക്കും

പേജ് ഒന്നിൽ നിന്ന് തുടർച്ച

രാജ്യത്തിന്റെ പതിനൊന്നാം പഞ്ചവത്സര പദ്ധതിയെ ഇന്ത്യയുടെ വിദ്യാഭ്യാസ പദ്ധതി എന്നാണ് അന്നത്തെ പ്രധാനമന്ത്രി മൻമോഹൻസിംഗ് വിശേഷിപ്പിച്ചത്. അതിനർത്ഥം രാജ്യപുരോഗതിയിൽ വിദ്യാഭ്യാസരംഗത്തിന് എത്രമാത്രം പങ്ക് വഹിക്കുന്നുണ്ട് എന്നുള്ളതാണ്. വിദ്യാഭ്യാസം രാജ്യപുരോഗതിയുടെ ആണിക്കല്ലാകണമെങ്കിൽ അതിനൊരു വ്യവസ്ഥാപിത നയവും ഘടനയും ആവശ്യമാണെന്ന തിരിച്ചറിവിലാണ് കാലോചിതമായി മാറ്റങ്ങളെ മുന്നിൽ കണ്ടുകൊണ്ടുള്ള പുതിയ വിദ്യാഭ്യാസ നയം. വിദ്യാഭ്യാസ പ്രക്രിയയുടെ കണ്ണികളായ അധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, വിദ്യാഭ്യാസ പ്രവർത്തകർ, ജനപ്രതിനിധികൾ അങ്ങനെ വിദ്യാഭ്യാസ പ്രക്രിയയിൽ പ്രത്യക്ഷത്തിലോ പരോക്ഷത്തിലോ പങ്കാളികളാകുന്ന എല്ലാവരും ഒരു ജനാധിപത്യരാജ്യമായ ഇന്ത്യയിൽ നടപ്പിലാക്കാൻ പോകുന്ന പരിഷ്ക്കരണങ്ങളെക്കുറിച്ച് ബോധവാൻമാരാവുകയും സമയാസമയം ക്രിയാത്മകമായ ഇടപെടലുകൾ നടത്തി വിദ്യാഭ്യാസ പ്രക്രിയയിലും രാഷ്ട്രനിർമ്മാണത്തിലും പങ്കാളികൾ ആവുകയും വേണം.

നയങ്ങൾ എന്തുമാവട്ടെ അത് നമ്മുടെ ഭാവിയിലേക്കുള്ള സ്വപ്നങ്ങളോ കാഴ്ച്ചപ്പാടുകളോ ആകാം. പ്രാവർത്തികമാക്കിയില്ലെങ്കിൽ അവ സ്വപ്നങ്ങൾ മാത്രമായി അവശേഷിക്കാം. അതിനാൽ വ്യക്തി താൽപര്യങ്ങൾക്കോ, രാഷ്ട്രീയ മാനദണ്ഡങ്ങൾക്കോ അതീതമായി അക്കാദമികവീക്ഷണത്തിലൂടെ വിദ്യാഭ്യാസ മേഖലയിലെ ഉത്തരവാദിത്വപ്പെട്ടവർ എന്ന നിലയിൽ ഇത്തരം നയപരമായ വിഷയങ്ങളെ കൃത്യമായി വിശകലനത്തിന് വിധേയമാക്കുകയും ഗുണപരമായ വശങ്ങളെ പ്രോത്സാഹിപ്പിക്കുകയും വേണം.

പ്രൈമറി വിദ്യാഭ്യാസത്തിൽ കേരളം മുന്നിലാണെങ്കിലും ഉന്നത വിദ്യാഭ്യാസരംഗത്തെ നിലവാരം വേണ്ടത്ര ആശാവഹമല്ല. ഉന്നത പഠനത്തിനായി ഇതര സംസ്ഥാനങ്ങളെയും രാജ്യങ്ങളെയും ആശ്രയിക്കുന്ന കേരളത്തിലെ വിദ്യാർത്ഥികൾക്ക് ഏറ്റവും ഗുണകരമാകാൻ പോകുന്ന വിധത്തിൽ 'ദേശീയ വിദ്യാഭ്യാസനയം 2020' മാറട്ടെ എന്ന് പ്രത്യാശിക്കാം.

പേജ് 6–ൽ തുടരുന്നു

## പുതുവിദ്യാഭ്യാസനയം ഒറ്റനോട്ടത്തിൽ

- മൂന്നു വയസിൽ തുടങ്ങി എട്ടുവയസുവരെ നീളുന്ന ഫൗണ്ടേഷണൽ (പ്രീ–കെജി–ക്ലാസ് 2), 3.4.5 ക്ലാസുകൾ അടങ്ങുന്ന പ്രിപ്പറേറ്ററി, 6,7,8 ക്ലാസുകൾ അടങ്ങുന്ന മിഡിൽ, 9,10,11,12 ക്ലാസുകൾ അടങ്ങുന്ന സെക്കൻഡറി എന്നിങ്ങനെ സ്കൂൾ വിദ്യാഭ്യാസം ഘടന മാറും.
- ഫൗണ്ടേഷൻ ലെവലിലും, പ്രിപ്പറേറ്ററി ലെവലിലും അടിസ്ഥാന ഗണിതത്തിനും, ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിലും ഊന്നൽ നൽകും. മാതൃഭാഷയിലുള്ള പഠനത്തിനു പ്രാധാന്യം.
- 6,7,8 ക്ലാസുകളിൽ എക്സ്പീരിയൻസ് ലേണിങ്. ക്രിട്ടിക്കൽ തിങ്കിങ് എന്നിവയ്ക്ക് പ്രാധാന്യം.
- മിഡിൽ ഘട്ടം കഴിയുമ്പോഴേക്കും ഒരു കുട്ടി തന്റെ അഭിരുചികളെയും കഴിവുകളെയും തിരിച്ചറിയാനുള്ള പ്രാപ്തി കൈവരിക്കും (നിലവിലെ സംവിധാനത്തിൽ ഇത് സംഭവിക്കുന്നില്ല എന്ന് നമുക്കറിയാം) 12–ാം ക്ലാസ് പൂർത്തിയാക്കുന്ന കുട്ടി തന്റെ കരിയറിനെക്കുറിച്ചും ചെയ്യാൻ പറ്റുന്ന കാര്യങ്ങളെക്കുറിച്ചും ബോധവാനാകുന്നു.
- മിനിമം ഗ്രേഡ് അഞ്ചുവരെ പഠനമാധ്യമം മാതൃഭാഷയാക്കണമെന്ന് നയം പറയുന്നു. ഗ്രേഡ് എട്ടുവരെ തുടർന്നും മാതൃഭാഷയിൽ പഠിപ്പിക്കാനും അതിനുശേഷം മറ്റു ഭാഷകളും പഠിപ്പിക്കാൻ പുതിയ നയം നിർദ്ദേശിക്കുന്നു.
- പരീക്ഷകൾ വർഷത്തിൽ രണ്ടെണ്ണം മാത്രം. പാഠ്യപരീക്ഷകളിലുപരി മറ്റു കഴിവുകളെ അടിസ്ഥാനമാക്കിയുള്ള വിലയിരുത്തലുകൾ. അധ്യാപകർ, രക്ഷകർത്താക്കൾ, സഹപാഠികൾ എന്നിവരെ ഉൾപ്പെടുത്തിയുള്ള 360 ഡിഗ്രി മൂല്യനിർണ്ണയം.
- അധ്യാപക പരിശീലനം സ്കോളർഷിപ്പോടെ ബി.എഡ് നാലുവർഷത്തെ കോഴ്സാക്കും.
- എല്ലാ വിദ്യാർത്ഥികളും ഏതെങ്കിലും തൊഴിൽ നൈപുണ്യം നേടുമെന്ന് ഉറപ്പുവരുത്തും.
- ബിരുദ കോഴ്സുകളുടെ കാലാവധി നാലുവർഷമാക്കും അതിന് ശേഷം ഒരു വർഷം കൊണ്ട് പിജി നേടാം. പിജി കഴിഞ്ഞവർക്ക് ഗവേഷണത്തിന് സൗകര്യം.
- ഉന്നതവിദ്യാഭ്യാസത്തിന്റെ ഭരണപരമായ മേഖലകളിൽ യുജിസി ഉൾപ്പെടെയുള്ള നിയന്ത്രണ ഏജൻസികളെ പൂർണ്ണമായിമാറ്റി പുതിയ കേന്ദ്രീകൃത സംവിധാനങ്ങൾ നിർദേശിക്കുന്നതാണ് പുതിയ നയം.
- ദേശീയ വരുമാനത്തിന്റെ ആറുശതമാനം വിദ്യാഭ്യാസത്തിന് മാറ്റിവയ്ക്കുക എന്ന നിർദേശം വിദ്യാഭ്യാസ രംഗത്തിന് രാജ്യം കൊടുക്കേണ്ട പ്രധാന്യത്തെ സൂചിപ്പിക്കുന്നു.
- ബിരുദ പഠനത്തിന്റെ ഏതു ഘട്ടത്തിലും പുറത്തു വരുവാനും ഏതു ഘട്ടത്തിൽ പഠനം നിർത്തിയോ അവിടെ നിന്നു പഠനം തുടരുവാനുമുള്ള സൗകര്യം. ഒരേ സമയം അഭിരുചിയുള്ള ഒന്നിലധികം കോഴ്സുകൾ. പഠിക്കാൻ അവസരം സയൻസ് പഠിക്കുന്നവർക്ക് ആർട്സ് വിഷയങ്ങളും തിരിച്ചും പഠിക്കാൻ സംവിധാനം. ഒരേ സമയം രണ്ടു ബിരുദങ്ങൾ നേടാൻ അവസരം.






# മൂല്യാധിഷ്ഠിത വിദ്യാഭ്യാസം: ഒരു പുനർവിചിന്തനം

**മൂല്യങ്ങളെക്കുറിച്ചും, കുട്ടികൾക്കിടയിൽ അവയ്ക്ക് സംഭവിച്ചുകൊണ്ടിരിക്കുന്ന അപചയങ്ങളെക്കുറിച്ചും അനുയോജ്യമായ മൂല്യശിക്ഷണത്തെക്കുറിച്ചും ചിന്തിക്കുക എന്നത് അനിവാര്യമാണ്**

## കവർ സ്റ്റോറി



ഡോ. ഫിലിപ്പ് ജോസഫ്



'കർത്താവു കായേനോടു ചോദിച്ചു: നിന്റെ സഹോദരൻ ആബേൽ എവിടെ? അവൻ പറഞ്ഞു എനിക്കറിഞ്ഞുകൂടാ. സഹോദരന്റെ കാവൽക്കാരനാണോ ഞാൻ?' മനുഷ്യകുലത്തിന്റെ പ്രഥമതലമുറയിൽ നടന്ന ഈ സംഭവത്തിന്റെ പുനർവായനയും വിചിന്തനവും ഈ വർത്തമാനകാലത്തും നമ്മുടെ മനസ്സിൽ ചെറുതല്ലാത്ത നോവ് സൃഷ്ടിക്കുന്നു.

ജീവിതം ശ്രേഷ്ഠമാക്കുന്നതിൽ സനാതനമൂല്യങ്ങൾക്ക് നിർണ്ണായക പങ്കുണ്ട്. എങ്കിലും, ഇന്നത്തെ സമൂഹത്തിൽ, കുടുംബങ്ങളിൽ, പ്രത്യേകിച്ച് നമ്മുടെ ക്യാംപസുകളിൽ ഈ മൂല്യങ്ങൾ ക്രൂശിക്കപ്പെടുകയോ, കുഴിച്ചുമൂടപ്പെടുകയോ ചെയ്യുന്നത് സർവസാധാരണമായിരിക്കുന്നു. അതുകൊണ്ട് മൂല്യങ്ങളെക്കുറിച്ചും, കുട്ടികൾക്കിടയിൽ അവയ്ക്ക് സംഭവിച്ചുകൊണ്ടിരിക്കുന്ന അപചയങ്ങളെക്കുറിച്ചും അനുയോജ്യമായ മൂല്യശിക്ഷണത്തെക്കുറിച്ചും ചിന്തിക്കുക അനിവാര്യമാണ്.

സത്യം, സ്നേഹം, നീതി തുടങ്ങിയ ഉദാത്തമൂല്യങ്ങൾ സ്ഥലകാലാതീതമാണ്. അതുകൊണ്ട്, പഴയകാല–പുതിയകാല മൂല്യങ്ങൾ, പാശ്ചാത്യ–സ്വദേശി മൂല്യങ്ങൾ എന്നിങ്ങനെയുള്ള വേർതിരിവുകൾക്ക് പ്രസക്തിയില്ല. എന്നാൽ മൂല്യങ്ങളുടെ പ്രയോഗത്തിലേക്ക് കടക്കുമ്പോൾ ചില വാദപ്രതിവാദങ്ങൾ പ്രസക്തമാണ്.

- സത്യം, ഗാന്ധിയുമായി ചേരുംപടി ചേർത്ത് പഠിച്ച കുട്ടി പരീക്ഷമുറിയിൽ ഒരു മടിയുമില്ലാതെ കോപ്പിയടിക്കുന്നു. താനുമായി ബന്ധപ്പെട്ടവരോടെല്ലാം ഒരു സങ്കോചവുമില്ലാതെ 'ചുമ്മാ കളവ്' പറയുന്നു.
- സ്നേഹം സർവോത്കൃഷ്ട മൂല്യമെന്ന് ചൊല്ലിപ്പഠിച്ച കുട്ടി 'നിങ്ങൾ ചെയ്യുന്നതൊക്കെ രക്ഷാകർതൃത്വത്തിന്റെ അനിവാര്യതയായി കണ്ടാൽ മതി' എന്ന് മാതാപിതാക്കളോട് ധാർഷ്ഠ്യത്തോടെ പറയുന്നു. ഒരു കായേനായി വേഷപ്പകർച്ച നടത്തി സഹപാഠിക്കെതിരെ വാളും കഠാരയുമെടുക്കുന്നു. ക്രൂരപീഡനസമയത്ത് കാഴ്ചക്കാരനായി നോക്കി നിൽക്കുന്നു.
- വർഗ, വർണ, ലിംഗ വ്യത്യാസമില്ലാതെ എല്ലാവരെയും തുല്യരായി കാണുകയും, പക്ഷപാതമില്ലാതെ പെരുമാറുകയും ചെയ്യുമ്പോഴാണ് നീതി ഉദയം ചെയ്യുന്നതെന്ന് അറിയുന്ന കുട്ടി നാട്ടിലെ പോക്സോ നിയമങ്ങൾ ദുരുപയോഗം ചെയ്യുന്നു. സ്വന്തം അധ്യാപകനെപ്പോലും ചതിയിൽ കുടുക്കുന്നു.

ഇത്തരത്തിലുള്ള കുരുത്തക്കേടുകൾ ആവർത്തിച്ച് ഗുരുത്വം നഷ്ടപ്പെട്ടവരുടെ ഗണത്തിലേക്ക് ഇന്നത്തെ കുട്ടികൾ ചേർന്നു കൊണ്ടിരിക്കുകയാണല്ലോ? വാക്കിലും പ്രവൃത്തിയിലും സത്യസന്ധത പുലർത്തുക, പരസ്പരം സ്നേഹിക്കുക, നീതിപൂർവം പെരുമാറുക തുടങ്ങിയ മനഃസാക്ഷിയുടെ സ്വരം കേൾക്കാൻ കഴിയാത്ത വിധം അവരുടെ കർണങ്ങൾ ബധിരമായിരിക്കുന്നു. കാലത്തിന്റെ മാറ്റത്തിന് അനുസൃതമായി എല്ലാം മാറുന്നതോടൊപ്പം കുട്ടികളുടെ മൂല്യബോധത്തിലും മാറ്റം വന്നുകൊണ്ടിരിക്കും എന്ന ഒഴുക്കൻ പ്രസ്താവന ഈ മൂല്യച്യുതിക്കുള്ള മറുമൊഴിയായി അംഗീകരിക്കാനാവുമോ?

***കുട്ടികൾക്കിടയിൽ ആശങ്കാജനകമായി വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഈ മൂല്യച്യുതിയുടെ ചില കാരണങ്ങൾ കൂടി പരിഗണിക്കുന്നത് ഉചിതമായിരിക്കും.***

- നവകുടുംബങ്ങളുടെ ഫോക്കസിൽ വന്ന മാറ്റം. കുട്ടികൾ മത്സരിക്കുക, നേടുക, എങ്ങനെയും പണം സമ്പാദിക്കുക തുടങ്ങിയ ഭൗതിക നേട്ടങ്ങളാണ് പരമ പ്രധാനം എന്ന് മാതാപിതാക്കൾ പോലും കരുതുന്നു.
- പുതിയകാല സാമൂഹിക നിയമങ്ങളിലെ പഴുതുകൾ ഉപയോഗിച്ച് എന്തുചെയ്താലും രക്ഷപ്പെടാമെന്ന ചിന്ത.
- വകതിരിവില്ലാത്ത വിദ്യാഭ്യാസ പരീക്ഷണങ്ങൾ മൂലം പഠിച്ചില്ലെങ്കിലും ജയിച്ചുകയറാമെന്ന മിഥ്യാധാരണ.
- സനാതനമൂല്യങ്ങളെ തമസ്ക്കരിക്കുന്ന ആധുനിക മാധ്യമ സൃഷ്ടികൾ.
- ദ്രുതഗതിയിലുള്ള മാറ്റങ്ങളുടെയും നിർമിതബുദ്ധി (എഐ) വരെയുള്ള സാങ്കേതിക വികാസങ്ങളുടെയും കുത്തൊഴുക്കിൽ സവിശേഷമൂല്യങ്ങൾ കുട്ടികൾ തന്നെ തള്ളിക്കളയുന്നു.

കുട്ടികൾക്കിടയിലെ സാർവത്രികവും അടിസ്ഥാനപരവുമായ മൂല്യങ്ങളുടെ പ്രയോഗത്തിൽ വന്ന ഇടിവ് പരിഹരിക്കുന്നതിന് എന്തുചെയ്യാൻ കഴിയും? മാതാപിതാക്കൾ, അധ്യാപകർ, വിദ്യാഭ്യാസപ്രവർത്തകർ സമൂഹം മുഴുവൻ ഉൾപ്പെടുന്ന ഒരു ബഹുമുഖസമീപനം ആവശ്യമാണ്. സംയോജിതവും മൂല്യാധിഷ്ഠിതവുമായ വിദ്യാഭ്യാസത്തിലൂടെ മൂല്യശിക്ഷണം എന്നതാണ് യഥാർത്ഥ പരിഹാരം. ക്ഷമയും സ്ഥിരോത്സാഹവും ആവശ്യപ്പെടുന്ന ഒരു നീണ്ട പ്രക്രിയയാണത്. തുറന്ന സംഭാഷണം പ്രോത്സാഹിപ്പിക്കുക, വിമർശനാത്മക ചിന്താശേഷി വളർത്തുക, പോസിറ്റീവ് റോൾ മോഡലുകൾ അവതരിപ്പിക്കുക, സ്കൂൾ പാഠ്യപദ്ധതിയിൽ മൂല്യാധിഷ്ഠിത പാഠങ്ങൾ സമന്വയിപ്പിക്കുക തുടങ്ങിയവ ചില ശ്രദ്ധേയമായ മാർഗ്ഗങ്ങളാണ്.

***ഇന്നത്തെ കുട്ടികൾക്കിടയിലെ മൂല്യച്യുതിയുടെയും കാരണങ്ങളുടെയും പശ്ചാത്തലത്തിൽ താഴെ കൊടുത്തിരിക്കുന്ന കർമപദ്ധതികളും പ്രസക്തമാണ്.***

- അടിസ്ഥാനവിദ്യാഭ്യാസം ആരംഭിക്കുന്നത് കുടുംബങ്ങളിൽ നിന്നാണ്. തങ്ങളുടെ മക്കളെ ഉദാത്തമായ മൂല്യങ്ങളുടെ അടിത്തറയിൽ വളർത്താൻ മാതാപിതാക്കൾ ഉത്തരവാദിത്വപ്പെട്ടവരാണ്. അവരുടെ മാതൃകാജീവിതവും, മാർഗ്ഗനിർദ്ദേശങ്ങളുമാണ് മൂല്യങ്ങൾ കൈമാറുന്നതിൽ സുപ്രധാനമായ പങ്ക് വഹിക്കുന്നത്. ആത്മീയതയിൽ കൂടി വളരാതെ വിദ്യാഭ്യാസം പൂർണമാകില്ല എന്ന ബോധ്യം മാതാപിതാക്കൾ മക്കൾക്ക് പകർന്നു നൽകണം.
- കുട്ടികളുടെ മൂല്യശിക്ഷണത്തിൽ സമൂഹത്തിന് നിർണായകമായ പങ്കുണ്ട്. ശക്തമായ സാമൂഹികബന്ധങ്ങൾ താങ്ങായി എപ്പോഴുമുണ്ടാകണം. അതോടൊപ്പം എല്ലാ പഴുതുകളുമടച്ച് നിയമങ്ങൾ നടപ്പാക്കുക, ക്യാംപസ് സൗഹൃദങ്ങൾ ഊട്ടിയുറപ്പിക്കുക, സാമൂഹ്യസേവന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക തുടങ്ങിയവ വഴി ഉത്തമ പൗരന്മാരായി കുട്ടികളെ രൂപപ്പെടുത്തിയെടുക്കാൻ സമൂഹത്തിന് കഴിയും
- ഔപചാരികമായ വിദ്യാഭ്യാസത്തിന്റെ പരമമായ ലക്ഷ്യം മൂല്യബോധമുള്ള ഒരു തലമുറയെ വളർത്തിയെടുക്കുക എന്നുള്ളതാണല്ലോ. അതിനനുസരിച്ചുള്ള നയരൂപീകരണവും പ്രവർത്തനങ്ങളുമാണ് അഭികാമ്യം. പ്രീ–സ്കൂൾ ക്ലാസുകൾ മുതൽ കുട്ടികളുടെ മനസിൽ ഉത്തമമൂല്യങ്ങളുടെയും ശീലങ്ങളുടെയും വിത്തുകൾ വിതയ്ക്കുകയെന്നതാണ് പ്രശംസനീയമായ രീതി. ലഘു സിനിമാ പ്രദർശനം, ചർച്ച, സ്വയം പഠനത്തിനായി വർക്ക് ബുക്ക് തുടങ്ങിയ പ്രവർത്തനങ്ങളുടെ ഒരു പരമ്പര തന്നെ നടപ്പിലാക്കി വിജയകരമായി മൂല്യശിക്ഷണം കുട്ടികൾക്കിടയിൽ നടത്തിയ കോഴിക്കോട് പട്ടണത്തിലെ ഒരു പ്രശസ്തമായ വിദ്യാലയത്തെക്കുറിച്ച് സാന്ദർഭികമായി സൂചിപ്പിക്കട്ടെ. കുട്ടികളെ പ്രചോദിപ്പിച്ച് കൂടെക്കൂട്ടാൻ അധ്യാപകർക്കും കഴിയണം.
- എല്ലാവിധ മാധ്യമങ്ങൾക്കും കുട്ടികളുടെ മൂല്യശിക്ഷണത്തിൽ വലിയ പങ്ക് വഹിക്കാനുണ്ട്. ഉന്നതമൂല്യങ്ങൾ പകർന്നുനൽകുന്ന വാർത്തകളും പരിപാടികളും പതിവായി വളരെ പ്രാധാന്യത്തോടെ സംപ്രേഷണം ചെയ്യുകയും പ്രസിദ്ധീകരിക്കുകയും ചെയ്യുക.
- കുട്ടികൾ സ്വയം പരിശീലിക്കുക എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. പുറത്തുനിന്ന് പഠിപ്പിക്കുക എന്നതിലുപരി ഉള്ളിൽ നിന്ന് സ്വാംശീകരിക്കേണ്ടതാണ് മൂല്യങ്ങൾ. അനുഭവങ്ങളെ അടിസ്ഥാനമാക്കിയുള്ള പഠനമാണ് ഫലപ്രദമായ രീതി. അനുഭവങ്ങളിലൂടെ വിചിന്തനത്തിലേക്കും അതിലൂടെ ബോധ്യങ്ങളിലേക്കും കുട്ടികൾ വളരണം. സ്വാംശീകരിച്ച മൂല്യങ്ങൾ ജീവിതത്തിന്റെ ഭാഗമാകുകയും ചെയ്യണം. മഹാന്മാരുടെയും പുണ്യാത്മാക്കളുടെയും മാതൃകകൾ എക്കാലത്തും അവർക്ക് വഴികാട്ടിയായി ഉണ്ടാകും.

ചുരുക്കത്തിൽ കുട്ടികളുടെ ജീവിതം ശോഭനമാക്കുന്നതിൽ മൂല്യാധിഷ്ഠിത വിദ്യാഭ്യാസം ഒഴിച്ചുകൂടാനാവാത്ത കാര്യമാണ്. മൂല്യങ്ങൾ നിറഞ്ഞ പാതയിലൂടെ മുന്നേറാൻ വഴിവിളക്കായി അത് കുട്ടികളോടൊപ്പം ഉണ്ടാകും. ആ സവിശേഷ പാതയിലൂടെ മുന്നോട്ട് കുതിക്കുന്ന കുട്ടി തീർച്ചയായും സഹോദരന്റെ കാവൽക്കാരൻ തന്നെയായിരിക്കും 'മറ്റുള്ളവർ നിങ്ങൾക്ക് ചെയ്തു തരണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നതെല്ലാം നിങ്ങൾ അവർക്കു ചെയ്യുവിൻ' (മത്തായി 7:12) എന്ന സുവർണ്ണനിയമം മാർഗദീപമായി നമ്മുടെ കുട്ടികളുടെ വഴിത്താരയിലുണ്ടാകട്ടെ.

*ബാലുശ്ശേരി കെഇടി കോളജ് ഓഫ് ടീച്ചർ എഡ്യൂക്കേഷനിൽ അസി. പ്രൊഫസറാണ് ലേഖകൻ

**വേർപാടിന്റെ 6 വർഷങ്ങൾ**
04-04-2024 24-03-2024



ജോസഫ് തെങ്ങുംപിള്ളിൽ
കൂടരഞ്ഞി

അന്നക്കുട്ടി തെങ്ങുംപിള്ളിൽ
വയലിൽ കുടുംബാംഗം
ആനക്കാംപൊയിൽ

എന്നെന്നും സ്നേഹം മാത്രം ഞങ്ങൾക്ക് നൽകിയ ഞങ്ങളുടെ പ്രിയപ്പെട്ട ചാച്ചന്റെയും അമ്മച്ചിയുടെയും ഓർമകൾക്ക് മുന്നിൽ
പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ


VIMAL JYOTHI
ENGINEERING COLLEGE (AUTONOMOUS)
Jyothi Nagar, Chemperi (PO), Kannur - Kerala, India
വിമൽ ജ്യോതി എൻജിനീയറിങ് കോളേജ്
ഓട്ടോണോമസ് പദവിയിൽ
B.TECH M.TECH
MBA Ph.D
Founder Chairman
Msgr. Mathew M. Chalil
10,000 രൂപ
വാർഷിക ഫീസിൽ
എഞ്ചിനീയറിംഗ്
പഠിക്കാം
SANJOSE ACADEMY
For more details contact :
8281750777
8281730777
GERMAN OET UKVI IELTS PTE
Scholarships (B.Tech)
Msgr. Mathew M Chalil Scholarship
200 students, who secure more than 90% marks in Physics, Chemistry, and Mathematics for the +1 examination, can study B. Tech with a tuition fees of Rs.10,000 per year.
A student, who secures more than 85% marks in Physics, Chemistry, & Mathematics for the +1 examination, can study B. Tech with a scholarship of Rs. 15,000 per year.
A student, who secures more than 80% marks in Physics, Chemistry, & Mathematics for the +1examination can study B. Tech with a scholarship of Rs. 10,000 per year.
KEAM RANK SCHOLARSHIP
KEAM 2024 Rank 1-5000
Scholarship Entire College Fee
KEAM 2024 Rank 5001-8000
Scholarship : ₹2,65,400/- (₹66,350*4 years)
Tuition Fee = Government Fee only.
KEAM 2024 Rank 8001-10000
Scholarship : ₹1,20,000/- (₹30,000*4 years)
KEAM 2024 Rank 10001-20000
Scholarship : ₹20,000/- (₹5,000*4 years)
Under the Catholic Archdiocese of Thalassery | Approved by AICTE | Affiliated to KTU & Kannur University
9400062919 | 9846423448 | 7907231291

# പുതിയ വിദ്യാഭ്യാസനയം: ഉയരുന്ന ആശങ്കകൾ

**നിലവിൽ പല സംസ്ഥാനങ്ങളും വിദ്യാഭ്യാസനയത്തിലെ വിവിധ വിഷയങ്ങളെ സംബന്ധിച്ച് എതിർപ്പുകൾ ഉയർത്തിയിട്ടുണ്ട്. സമാന്തര നയരൂപീകരണത്തെപ്പറ്റി കർണാടകയും സമയമെടുത്ത് മാത്രമേ നടപ്പാക്കൂ എന്ന് കേരളവും പറയുന്നു. കൺകറന്റ് വിഷയമായതിനാൽ എല്ലാ സംസ്ഥാനങ്ങളും നടപ്പാക്കിയേ തീരൂ എന്ന് കേന്ദ്രവും ഒറ്റയടിക്ക് നടപ്പിലാക്കുന്നത് പ്രായോഗികമല്ലെന്ന് വിദ്യാഭ്യാസ വിദഗ്ധരും അഭിപ്രായപ്പെടുന്നു.**

▸ പേജ് മൂന്നിൽ നിന്ന് തുടർച്ച

● മാതൃഭാഷയ്ക്ക് നൽകുന്ന അമിതമായ പ്രാധാന്യം ലോക ഭാഷയായ ഇംഗ്ലീഷിന്റെ പ്രാവീണ്യം കുറയ്ക്കുമോ എന്ന ആശങ്ക പലരും പങ്കുവയ്ക്കുന്നുണ്ട്. മാതൃഭാഷാ പഠനം കുട്ടികളിൽ ഭാഷാ നൈപുണ്യം വർദ്ധിപ്പിക്കുമെന്ന കാര്യത്തിൽ ആർക്കും സംശയമില്ല. എന്നാൽ ഇന്ന് ഇംഗ്ലീഷ് മീഡിയത്തിൽ പഠിക്കുന്ന മിക്ക കുട്ടികൾക്കും മാതൃഭാഷയിലോ പഠിക്കുന്ന മീഡിയമായ ഇംഗ്ലീഷിലോ പ്രാവീണ്യം ഇല്ല എന്നതാണ് വാസ്തവം. അതിനാൽ മാതൃഭാഷാപഠനത്തോടൊപ്പം തന്നെ മറ്റ് ലോകഭാഷകൾ പഠിക്കാനുള്ള നിർദ്ദേശങ്ങൾ പുതിയ വിദ്യാഭ്യാസ നയത്തിൽ ഉണ്ടെങ്കിലും അത് കൃത്യമായി നടപ്പാക്കാനുള്ള ക്രിയാത്മകമായ നടപടി ആവശ്യമാണ്.

● ഉന്നത വിദ്യാഭ്യാസമേഖലയിൽ ഒരു കോളജിൽ നിന്ന് മറ്റൊന്നിലേക്ക് മാറാനുള്ള സൗകര്യവും ഒരു കോഴ്സ് പഠിച്ചുകൊണ്ടിരിക്കുമ്പോൾ താരതമ്യേന ബന്ധപ്പെട്ടതല്ലാത്ത മറ്റൊരു കോഴ്സ് തിരഞ്ഞെടുക്കാനുള്ളഅവസരവുമുണ്ട്.എന്നാൽ കൃത്യമായി തിരിച്ചറിവില്ലാതെ നീങ്ങുമ്പോൾ ഒരു വിദ്യാർത്ഥി അബദ്ധങ്ങളിൽ ചെന്ന് ചാടാം. അക്കാദമിക്ക് ഫ്ളെക്സിബിലിറ്റി കണ്ടറിഞ്ഞ് ചെയ്തില്ലെങ്കിൽ



അത് വിപരീത ഫലം ചെയ്യുമെന്ന് വിദ്യാഭ്യാസ വിദഗ്ദർ അഭിപ്രായപ്പെടുന്നുണ്ട്.

● നാലു വർഷ ബിരുദം എന്നത് നീണ്ട കാലയളവായതിനാൽ വിദ്യാർത്ഥികൾ ഇടയ്ക്ക് വച്ച് കോഴ്സ് നിർത്തിപ്പോകാനുള്ള സാധ്യത കൂടുതലാണ്. അതുവരെ പഠിച്ച കാലത്തിന്റെ സർട്ടിഫിക്കറ്റ് ലഭിക്കുമെന്നതിനാൽ പിന്നീട് പഠനം പൂർത്തിയാക്കാമെന്ന ധാരണയിൽ അവസാനിപ്പിച്ചാൽ തുടർന്ന് അതിലേക്ക് തിരിച്ചുവരാനുള്ള സാധ്യത കുറവാണ്.

● സ്കൂൾ തലത്തിൽ പഠിക്കേണ്ട സംസ്കാരങ്ങൾ, മൂല്യങ്ങൾ എന്നിവയിൽ ആർഷഭാരത സംസ്കാരത്തെകുറിച്ച് മാത്രമേ പരാമർശിക്കുന്നുള്ളൂ. എന്നാൽ മറ്റ് സംസ്കാരങ്ങളെക്കുറിച്ച് പഠിക്കാനുതകുന്ന രീതിയിലുള്ള കരിക്കുലം രൂപീകരിക്കാൻ വേണ്ടത്ര നടപടി പുതിയ വിദ്യാഭ്യാസനയത്തിൽ ഇല്ലാ എന്നുള്ളതാണ് മറ്റൊരു ആശങ്ക.

● പുതിയ വിദ്യാഭ്യാസനയം ലോകത്തിലെ പല രാജ്യങ്ങളിലും നടപ്പിലാക്കിയ പുരോഗമനപരമായ നിരവധി ആശയങ്ങൾ മുന്നോട്ടുവയ്ക്കുന്നുണ്ട്. എങ്കിലും ഇന്ത്യൻ പശ്ചാത്തലത്തിൽ അവ നടപ്പിലാക്കാൻ വേണ്ട മാനവവിഭവശേഷി, സാമ്പത്തികം, പദ്ധതി രൂപരേഖകൾ എന്നിവയിൽ കൂടുതൽ വ്യക്തത ആവശ്യമാണെന്നും വിദഗ്ദർ അഭിപ്രായപ്പെടുന്നു.

● ഭരണഘടന വിഭാവനം ചെയ്യുന്ന മതേതരത്വം ഉൾപ്പെടെയുള്ള മൂല്യങ്ങൾക്ക് പുതിയ വിദ്യാഭ്യാസനയം പരിഗണന നൽകുന്നില്ല എന്ന വിമർശനം പലരും ഉയർത്തുന്നുണ്ട്. കാലങ്ങളായി ഇന്ത്യൻ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ കാതലായിരുന്ന സംവരണം, സാർവത്രിക വിദ്യാഭ്യാസം തുടങ്ങിയ അടിസ്ഥാനനയങ്ങൾക്ക് ഊന്നൽ നൽകാത്തതാണ് പുതിയ പദ്ധതിയെന്ന വിമർശനം നിലനിൽക്കുന്നുണ്ട്.

## എപ്പോൾ നടപ്പിലാകും?

പുതിയ വിദ്യാഭ്യാസനയത്തിലെ വിവിധ പരിഷ്ക്കരണങ്ങൾ 2030–ഓടെ ഘട്ടം ഘട്ടമായി നടപ്പിലാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. നിലവിൽ പല സംസ്ഥാനങ്ങളും വിദ്യാഭ്യാസനയത്തിലെ വിവിധ വിഷയങ്ങളെ സംബന്ധിച്ച് എതിർപ്പുകൾ ഉയർത്തിയിട്ടുണ്ട്. സമാന്തര നയരൂപീകരണത്തെപ്പറ്റി കർണാടകയും സമയമെടുത്ത് മാത്രമേ നടപ്പാക്കൂ എന്ന് കേരളവും പറയുന്നു. കൺകറന്റ് വിഷയമായതിനാൽ എല്ലാ സംസ്ഥാനങ്ങളും നടപ്പാക്കിയേ തീരൂ എന്ന് കേന്ദ്രവും ഒറ്റയടിക്ക് നടപ്പിലാക്കുന്നത് പ്രായോഗികമല്ലെന്ന് വിദ്യാഭ്യാസ വിദഗ്ദരും അഭിപ്രായപ്പെടുന്നു.

---

**കോഴിക്കോട് പ്രവർത്തിക്കുന്ന എംബിഎ സ്ഥാപനമായ SNES IMSAR–ന്റെ ഡയറക്ടറാണ് ലേഖകൻ*







# രക്ഷിതാക്കളുടെ ശ്രദ്ധയ്ക്ക്

**ഏതു സാഹചര്യത്തിലും മാതാപിതാക്കൾ ഒപ്പമുണ്ടാകുമെന്ന മാനസികധൈര്യം തിന്മകളെ അതിജീവിക്കാനും നന്മകളെ മുറുകെ പിടിക്കുവാനും കുട്ടികളെ സഹായിക്കും.**

കവർ സ്റ്റോറി



ഡോ. സിനി സൂസൻ

മൂല്യച്യുതികൾ വർധിച്ചുവരുന്ന ആധുനിക സമൂഹങ്ങളിൽ കുടുംബം എന്ന ആശയം അതീവപ്രാധാന്യമർഹിക്കുന്നു. കുടുംബത്തിൽ നിന്നു ലഭിക്കുന്ന സ്നേഹം, പരിചരണം, സന്തോഷം, വിശ്വാസം, പ്രോത്സാഹനം മുതലായവ ഒരു വ്യക്തിയുടെ ജീവിതത്തിൽ നിർണായക സ്വാധീനം ചെലുത്തുന്നുണ്ട്. കുടുംബം നൽകുന്ന സ്നേഹവും നിരുപാധിക പിന്തുണയും വ്യക്തികളുടെ സ്വഭാവരൂപീകരണത്തിൽ വലിയ പങ്കുവഹിക്കുന്നുണ്ട്. കുടുംബമാണ് ഒരു കുട്ടിയുടെ ആദ്യത്തെ വിദ്യാലയം,രക്ഷിതാക്കളാണ്അവരുടെആദ്യത്തെ അധ്യാപകർ. നന്മതിന്മകളെ തിരിച്ചറിഞ്ഞ് ആത്മവിശ്വാസത്തോടെ സമൂഹത്തിൽ മുന്നേറാൻ കുടുംബത്തിന്റെയും വിശേഷാൽ മാതാപിതാക്കളുടെയും പിന്തുണ കുട്ടികൾക്ക് അനിവാര്യമാണ്. ഏതു സാഹചര്യത്തിലും തങ്ങളുടെ മാതാപിതാക്കൾ ഒപ്പമുണ്ടാകുമെന്ന മാനസിക ധൈര്യം തിന്മകളെ അതിജീവിക്കാനും നന്മകളെ മുറുകെ പിടിക്കുവാനും കുട്ടികളെ സഹായിക്കും.

## എന്താണ് സാമൂഹിക തിന്മകൾ?

വ്യക്തികളെയും സമൂഹത്തെയും ദോഷകരമായി ബാധിക്കുന്ന കാര്യങ്ങൾ സാമൂഹിക തിന്മകളുടെ പരിധിയിൽ ഉൾപ്പെടുന്നു. ഇവ സ്വസ്ഥമായ സാമൂഹിക ജീവിതത്തെ അപകടത്തിലാക്കുകയും അതുകൊണ്ടുതന്നെ സമൂഹത്തിന്റെ എതിർപ്പിന് കാരണമാവുകയും ചെയ്യുന്നു. മദ്യപാനം, ലഹരി ഉപയോഗം, സമൂഹമാധ്യമങ്ങൾ, മൊബൈൽ ഫോൺ എന്നിവയുടെ അമിത ഉപയോഗം തുടങ്ങിയവ വ്യക്തിയുടെയും കുടുംബത്തിന്റെയും സമൂഹത്തിന്റെയും സമാധാനം തകർക്കുകയും അതിലൂടെ സാമൂഹിക അരക്ഷിതാവസ്ഥയ്ക്ക് കാരണമാവുകയും ചെയ്യുന്നു. അതിനാൽ ബന്ധങ്ങളുടെ പ്രാധാന്യം മനസിലാക്കാനും അതിലൂടെ അർത്ഥവത്തായ സാമൂഹിക ബന്ധങ്ങൾ വളർത്തിയെടുക്കാനും കുടുംബം കുട്ടികളെ പ്രാപ്തരാക്കണം. കുടുംബത്തോടൊപ്പം കൂടുതൽ സമയം ചെലവഴിക്കുന്നത് പരസ്പരസ്നേഹവും സഹകരണവും വളർത്തുന്നതോടൊപ്പം മികച്ച ആശയവിനിമയശേഷി ഉറപ്പുവരുത്താനും കുട്ടികളെ സഹായിക്കുന്നു. ക്ഷമയുടെ ബാലപാഠങ്ങൾക്കൊപ്പം ഉയർന്ന മൂല്യവ്യവസ്ഥ കുട്ടികളിൽ രൂപപ്പെടുത്തുന്നതിനും ഒരു നല്ല കുടുംബാന്തരീക്ഷം അത്യാവശ്യമാണ്. തന്റെ കുട്ടിയുടെ മാനസികാവസ്ഥ, പെരുമാറ്റം, പ്രവൃത്തികൾ എന്നിവയെക്കുറിച്ച് കൃത്യമായ ധാരണ രക്ഷിതാക്കൾക്കുണ്ടെങ്കിൽ അവരുടെ സുഖദുഃഖങ്ങളിൽ പങ്കുചേർന്ന് അവർക്കു വേണ്ട കരുതലും പിന്തുണയും ഉറപ്പാക്കാൻ രക്ഷിതാക്കൾക്ക് ബുദ്ധിമുട്ടേണ്ടിവരില്ല.

മക്കൾ തങ്ങളെ അനുസരിക്കുന്നില്ല എന്ന പരാതിയുമായി അധ്യാപകരെ സമീപിക്കുന്ന രക്ഷിതാക്കളുടെ എണ്ണം വർധിച്ചു വരികയാണ്. കുടുംബങ്ങളിലെ ആശയ വിനിമയത്തിലുണ്ടാകുന്ന പാകപ്പിഴകളാണ് ഇതിന് വലിയൊരളവുവരെ കാരണമാകുന്നത്. മക്കളോട് സ്നേഹം പ്രകടിപ്പിക്കേണ്ടത് അവർ ആവശ്യപ്പെടുന്ന പണവും മറ്റു വിലയേറിയ വസ്തുക്കളും നൽകിക്കൊണ്ടല്ല, മറിച്ച് അവരുടെ സ്വഭാവരൂപീകരണത്തിൽ സ്വയം മാതൃകയായി കുട്ടികളുടെ പ്രായത്തിനനുസരിച്ചുള്ള സ്വാതന്ത്ര്യവും പിന്തുണയും നൽകുന്നതാണ് യഥാർത്ഥ സ്നേഹം. അമിതലാളന കുട്ടികളുടെ മാതൃകാപരമല്ലാത്ത പ്രവർത്തനങ്ങളെ വളരെയധികം പ്രോത്സാഹിപ്പിക്കുന്ന ഒന്നാണ് എന്ന് രക്ഷിതാക്കൾ തിരിച്ചറിയണം.

## ലഹരി സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ

ലഹരി വസ്തുക്കളുടെ ഉപയോഗം തലച്ചോറിനെ വേഗത്തിൽ ബാധിക്കുകയും സ്വയം ചിന്തിക്കാനും പ്രവർത്തിക്കാനുമുള്ള വ്യക്തികളുടെ കഴിവിനെ അപകടപ്പെടുത്തുകയും ചെയ്യും. വ്യക്തികളുടെ മാനസിക-ശാരീരിക ആരോഗ്യം തകരുന്നതിനോടൊപ്പം തൊഴിലിനെയും സാമൂഹ്യ ജീവിതത്തെയും ഇത് ദോഷകരമായി ബാധിക്കും. വിഷാദം, ഉത്കണ്ഠ, ഹൈപ്പർ ആക്ടിവിറ്റി മുതലായവ അനുഭവപ്പെടുന്ന കുട്ടികളിൽ ലഹരി വസ്തുക്കളോടുള്ള ആസക്തി കൂടുതലായിരിക്കുമെന്നും ലഹരി ഉപയോഗം ഇത്തരം മാനസിക പ്രശ്നങ്ങൾക്ക് കാരണമാകുമെന്നും രക്ഷിതാക്കൾ അറിഞ്ഞിരിക്കണം. സംഘർഷഭരിതമായ ഗൃഹാന്തരീക്ഷം, സ്കൂളിലോ ജോലി സ്ഥലത്തോ ഉള്ള സംഘർഷങ്ങൾ, മയക്കുമരുന്ന് ഉപയോഗിക്കുന്നവരുമായുള്ള സംസർഗം എന്നിവ ലഹരിയുപയോഗത്തിനുള്ള പ്രധാന കാരണങ്ങളാണ്.

പുതുതലമുറ മയക്കു മരുന്നുകളായ എൽഎസ്ഡി സ്റ്റാമ്പുകൾ, എംഡിഎംഎ മുതലായവയുടെ ഉപയോഗം ഉടനടി ശാരീരിക മാറ്റങ്ങൾക്ക് കാരണമാകുന്നില്ല. അതിനാൽത്തന്നെ മദ്യപാനം പോലെ ഗന്ധമോ, ശാരീരിക ബലക്ഷയമോ നമുക്ക് തിരിച്ചറിയാൻ അടയാളമായി ലഭിക്കുന്നില്ല. പക്ഷേ ഇവ തലച്ചോറിന്റെ റിവാർഡ് സർക്യൂട്ടിനെ ബാധിക്കുകയും സ്വബോധത്തെയും മാനസികാരോഗ്യത്തെയും തകർക്കുകയും ചെയ്യും. ലഹരിവസ്തുക്കൾ കേന്ദ്രനാഡീവ്യൂഹത്തെ ബാധിക്കുന്നതിലൂടെ വ്യക്തിയുടെ മസ്തിഷ്കം ചുരുങ്ങുകയും നാഡീവ്യവസ്ഥയുടെ വൈകല്യങ്ങൾക്ക് കാരണമാവുകയും ചെയ്യുന്നു. ഗുളികകൾ, സ്റ്റാമ്പുകൾ, സിഗരറ്റുകൾ, കുത്തിവയ്പുകൾ, പൊടികൾ എന്നീ രൂപങ്ങളിലാണ് പ്രധാനമായും ലഹരിവസ്തുക്കൾ മനുഷ്യശരീരത്തിൽ എത്തിച്ചേരുന്നത്.

ലഹരിയുപയോഗിക്കുന്ന കുട്ടികളിൽ കാണുന്ന പ്രധാന ലക്ഷണങ്ങളായ പഠന പിന്നോക്കാവസ്ഥ, വിഷാദം, നിഷേധസ്വഭാവം, മാനസികവിഭ്രാന്തി, സുഹൃത്തുക്കളോടുള്ള അകൽച്ച, ഒറ്റപ്പെടൽ, ശ്രദ്ധക്കുറവ്, അമിത ഉറക്കം, കലഹസ്വഭാവം, ചുവന്നതോ വീർത്തതോ ആയ കണ്ണുകൾ, ശരീരഭാരത്തിലെ ഏറ്റക്കുറച്ചിലുകൾ, സ്ഥിരമായ ചുമയും മൂക്കൊലിപ്പും, ദൈനംദിന കാര്യങ്ങളിലെ താൽപര്യക്കുറവ് എന്നിവ നേരത്തേ തിരിച്ചറിയാൻ കഴിയും. മാതാപിതാക്കളോടുള്ള അടുപ്പം, നല്ല കൂട്ടുകെട്ടുകൾ, സ്കൂളിലെ ആരോഗ്യപരമായ ഇടപെടലുകൾ എന്നിവ കുട്ടികൾക്കു ചുറ്റും സംരക്ഷണവലയം തീർക്കുന്നതിന് സഹായിക്കും.



മയക്കുമരുന്നിന് അടിമകളാകുന്നവർക്ക് എത്രയും പെട്ടെന്ന് കൗൺസിലിങ്, മരുന്നുകൾ എന്നിവ ഉൾപ്പെടുന്ന ചികിത്സകൾ നൽകാൻ രക്ഷിതാക്കൾ മടികാണിക്കരുത്. തിന്മകളോട് സ്നേഹപൂർവ്വം അരുത് എന്നു പറയാൻ മക്കളെ വീടുകളിൽ വച്ചു തന്നെ പരിശീലിപ്പിക്കുക. സ്നേഹത്തോടെയുള്ള ശാസനകൾ, കുട്ടികളെ സാമൂഹികവിരുദ്ധ പ്രവർത്തനങ്ങളിൽ നിന്നും തടയുന്നതിന് തികച്ചും ഫലപ്രദമാണ്. കാര്യകാരണ സഹിതം ക്ഷമയോടെയുള്ള ഉപദേശങ്ങൾ സ്വീകരിക്കുന്നതിന് കുട്ടികൾ ഒരിക്കലും മടി കാണിക്കാറില്ല. കൂടാതെ ലഹരിയുപയോഗം, വിൽപ്പന എന്നിവയ്ക്കെതിരേയുള്ള നിയമനടപടികളെക്കുറിച്ചുള്ള ധാരണയും കുട്ടികൾക്ക് പകർന്നു നൽകാൻ രക്ഷിതാക്കൾ ശ്രദ്ധിക്കണം.

## സമൂഹ മാധ്യമങ്ങൾ

പ്രായഭേദമന്യേ ഡിജിറ്റൽ ഉപകരണങ്ങൾ വിവരശേഖരണത്തിനും വിനോദത്തിനുമായി ജനങ്ങൾ ഉപയോഗപ്പെടുത്താൻ ആരംഭിച്ചതോടെ ഈ മേഖലയിലും നിരവധി പ്രശ്നങ്ങൾ അനുഭവപ്പെടാൻ ആരംഭിച്ചു.

മൊബൈൽ ഗെയിമുകൾ, സൗഹൃദത്തിന്റെ ചതിക്കുഴികൾ, സാമ്പത്തിക തട്ടിപ്പുകൾ, മറ്റുവിധത്തിലുള്ള ചൂഷണങ്ങൾ എന്നിവമൂലം ഉണ്ടാകുന്ന കുറ്റകൃത്യങ്ങളും പീഡനങ്ങളും ആത്മഹത്യകളും ഇന്ന് സർവ്വസാധാരണമായി മാറിയിരിക്കുന്നു ഇത്തരത്തിലുള്ള പ്രശ്നങ്ങളെ നേരിടാൻ മാതാപിതാക്കളുടെ സ്നേഹപൂർവമായ ഇടപെടലുകൾക്ക് സാധിക്കും. തുറന്ന ചർച്ചകളിൽ മക്കളെയും പങ്കാളികളാക്കുക, എല്ലാ കുടുംബാംഗങ്ങളുടെയും സമൂഹമാധ്യമ ഉപയോഗത്തിൽ സമയനിയന്ത്രണം ഏർപ്പെടുത്തുക, കുട്ടികൾക്ക് ആവശ്യമായ വിധത്തിലുള്ള ഡിജിറ്റൽ ഉപകരണങ്ങൾ മാത്രം വാങ്ങി നൽകുക, അവ കുട്ടികൾക്കൊപ്പം കളിക്കാനും പഠിക്കാനും ഉപയോഗിക്കുക, ഏകാന്തതയിലുള്ള ഫോൺ ഉപയോഗം നിരുത്സാഹപ്പെടുത്തുക എന്നിവ രക്ഷിതാക്കൾക്ക് ചെയ്യാവുന്ന കാര്യങ്ങളാണ്.

ഇ-സാക്ഷരത നേടുവാൻ മക്കളുടെ സഹായം തേടുന്നതിൽ രക്ഷിതാക്കൾ മടികാണിക്കേണ്ടതില്ല. മൊബൈൽ ഫോൺ ഉപയോഗം അമിതമാകാതെ മക്കൾക്ക് മാതൃകയാവാനും രക്ഷിതാക്കൾ തയാറാക്കേണ്ടതാണ്. കൃത്യമായ 'ഫാമിലി ടൈം' ഭവനത്തിൽ ഉണ്ടെന്ന് ഉറപ്പാക്കുക ഒന്നിച്ച് ഭക്ഷണം കഴിക്കൽ, വ്യായാമം, പ്രാർത്ഥന, വിനോദങ്ങളിൽ ഏർപ്പെടൽ എന്നിവ ഒരേ സമയം ശാരീരിക-മാനസിക ആരോഗ്യം വർദ്ധിപ്പിക്കുകയും വെർച്വൽ ലോകത്തേക്കാൾ കുടുംബബന്ധങ്ങൾക്ക് പ്രാധാന്യം നൽകാൻ കുടുംബാംഗങ്ങളെ പ്രേരിപ്പിക്കുകയും ചെയ്യും.

സ്വന്തം ഭവനങ്ങളിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും തുല്യ അവസരങ്ങളും ചുമതലകളും ഉറപ്പാക്കി അവരെ സാമ്പത്തിക സ്വാശ്രയത്വത്തിന്റെ പാതയിലേക്കു നയിക്കാൻ രക്ഷിതാക്കൾ പ്രത്യേകം ശ്രദ്ധിക്കണം. സമത്വം ഉറപ്പാക്കുന്നതിനും ലിംഗവിവേചനം തടയുന്നതിനുമായി ഇന്ത്യൻ ശിക്ഷാ നിയമത്തിലുള്ള ഗാർഹിക പീഡനനിരോധന നിയമം, സ്ത്രീധന നിരോധന നിയമം മുതലായ വിവിധ നിയമങ്ങളെക്കുറിച്ചുള്ള പ്രാഥമിക ധാരണ എല്ലാ വ്യക്തികൾക്കും ഉണ്ടാകേണ്ടതാണ്. സ്വന്തം കുടുംബത്തിൽ സംഘർഷങ്ങളും പ്രശ്നങ്ങളും ഉണ്ടാകുന്ന ഘട്ടത്തിൽ വിശ്വാസയോഗ്യരായ വ്യക്തികളോടുള്ള തുറന്ന ചർച്ചകൾ പ്രശ്നപരിഹാരത്തിനുള്ള ആരോഗ്യകരമായ സാഹചര്യം സൃഷ്ടിക്കുന്നു.

അണുകുടുംബങ്ങളിലെ ഒറ്റപ്പെട്ട ജീവിതം, തുറന്ന ഇടപെടലുകൾ നടത്താൻ വ്യക്തികളെ മടിയുള്ളവരാക്കുന്നു. ഇത് സംഘർഷങ്ങൾ വർധിക്കുന്നതിനും അനാവശ്യമായ പ്രശ്നങ്ങളിലേക്ക് എത്തിച്ചേരുന്നതിനും നിമിത്തമാകുന്നു. ആരോഗ്യകരമായ സാമൂഹിക ബന്ധങ്ങൾ സാമൂഹിക തിന്മകൾ സൃഷ്ടിക്കുന്ന പ്രതിസന്ധികളെ മറികടക്കാൻ ഉത്തമമാണ്. അതിനാൽ സാമൂഹികതിന്മകളെ തിരിച്ചറിയുന്നതിനും പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും പ്രായോഗിക പരിശീലനം ലഭിച്ച പക്വമതികളായ വ്യക്തികളുടെ സേവനം പ്രയോജനപ്പെടുത്താൻ നാം ഓരോരുത്തരും തയ്യാറാകുന്നത് ഒരു സുസ്ഥിര സമൂഹനിർമിതിക്ക് അത്യന്താപേക്ഷിതമാണ്.

> കൃത്യമായ 'ഫാമിലി ടൈം' ഭവനത്തിൽ ഉണ്ടെന്ന് ഉറപ്പാക്കുക ഒന്നിച്ച് ഭക്ഷണം കഴിക്കൽ, വ്യായാമം, പ്രാർത്ഥന, വിനോദങ്ങളിൽ ഏർപ്പെടൽ എന്നിവ ഒരേ സമയം ശാരീരിക-മാനസിക ആരോഗ്യം വർദ്ധിപ്പിക്കുകയും വെർച്വൽ ലോകത്തേക്കാൾ കുടുംബബന്ധങ്ങൾക്ക് പ്രാധാന്യം നൽകാൻ കുടുംബാംഗങ്ങളെ പ്രേരിപ്പിക്കുകയും ചെയ്യും.

*ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ (സീനിയർ)
ജിഎച്ച്എസ്എസ് കൊടുവള്ളി, കോഴിക്കോട്

# വിശ്വാസദീപ്തിയിൽ കുളത്തുവയൽ തീർത്ഥാടനം

**കുളത്തുവയൽ:** ക്രിസ്തുവിന്റെ പീഡാസഹനം ധ്യാനിച്ചും യുദ്ധക്കെടുതികൾ മൂലം ക്ലേശം അനുഭവിക്കുന്നവരെയും വന്യജീവി ഭീതിയിൽ കഴിയുന്ന മലയോര മേഖലയെയും ദുരിതത്തിലായ കർഷകരെയും പരീക്ഷയെഴുതുന്ന വിദ്യാർത്ഥികളെയും യുവജനങ്ങളെയും പ്രത്യേക നിയോഗമായി സമർപ്പിച്ചും ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിലിന്റെ നേതൃത്വത്തിൽ നടത്തിയ കുളത്തുവയൽ തീർത്ഥാടനം ഭക്തിസാന്ദ്രമായി. താമരശ്ശേരി മേരിമാതാ കത്തീഡ്രലിൽ നിന്ന് കുളത്തുവയൽ കുടിയേറ്റ തീർത്ഥാടന കേന്ദ്രത്തിലേക്ക് 35 കിലോമീറ്ററുകളോളം നീളുന്ന തീർത്ഥയാത്രയിൽ വൈദികരും സന്യസ്തരും നിരവധി വിശ്വാസികളും പങ്കുചേർന്നു.

ഒരു വർഷം പ്രവർത്തിക്കാനുള്ള ഊർജമാണ് കുളത്തുവയൽ തീർത്ഥാടനത്തിലൂടെ തനിക്ക് ലഭിക്കുന്നതെന്ന് ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പറഞ്ഞു. നാൽപതാം വെള്ളി സന്ദേശം താമരശ്ശേരി രൂപതാ വികാരി ജനറൽ മോൺ. അബ്രഹാം വയലിൽ പങ്കുവച്ചു. 'നമ്മുടെ വേദനകളുടെ വഴിയെ നമുക്ക് മുമ്പേ സഞ്ചരിച്ചവനാണ് യേശു. ജീവിത സഹനങ്ങളെ എങ്ങനെ നേരിടണമെന്ന് യേശു സ്വജീവിതത്തിലൂടെ കാട്ടിത്തന്നു. സഹനത്തിന്റെ വില ദൈവത്തിന്റെ മുമ്പിലുള്ള ഉയർത്തപ്പെടലാണ്. വ്യക്തികൾ ഇന്ന് 'ഇലക്ട്രോണിക്കലി' ബന്ധപ്പെട്ടിരിക്കുന്നു. പക്ഷെ, 'സൈക്കോളജിക്കലി' വളരെ അകലത്തിലാണ്. ഊഷ്മളമായ വ്യക്തിബന്ധങ്ങളിലേക്കുള്ള തിരിച്ചുപോക്ക് അനിവാര്യമാണ്' മോൺ. അബ്രഹാം വയലിൽ പറഞ്ഞു.




ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിലിന്റെ നേതൃത്വത്തിൽ നടന്ന കുളത്തുവയൽ തീർത്ഥാടനത്തിൽ നിന്ന്

മോൺ. അബ്രഹാം വയലിൽ, രൂപതാ ചാൻസലർ ഫാ. സുബിൻ കാവളക്കാട്ട്, താമരശ്ശേരി മേരിമാതാ കത്തീഡ്രൽ വികാരി ഫാ. മാത്യു പുളിമൂട്ടിൽ, കുളത്തുവയൽ തീർത്ഥാടന കേന്ദ്രം റെക്ടർ ഫാ. സണ്ണി കളപ്പുരയ്ക്കൽ എന്നിവർ തീർത്ഥാടനത്തിന് നേതൃത്വം നൽകി. കട്ടിപ്പാറ വികാരി ഫാ. മിൽട്ടൺ മുളങ്ങാശ്ശേരി, തലയാട് വികാരി ഫാ. സായി പാറൻകുളങ്ങര, കല്ലാനോട് വികാരി ഫാ. ജിനോ ചുണ്ടയിൽ, കൂരാച്ചുണ്ട് ഫൊറോന വികാരി ഫാ. വിൻസെന്റ് കണ്ടത്തിൽ എന്നിവർ അതതു കേന്ദ്രങ്ങളിൽ തീർത്ഥാടകരെ സ്വീകരിക്കുകയും സൗകര്യങ്ങളൊരുക്കുകയും ചെയ്തു. മാർച്ച് 21-ന് രാത്രി 10-ന് താമരശ്ശേരി കത്തീഡ്രലിൽ നിന്നാണ് തീർത്ഥാടനം ആരംഭിച്ചത്. കുരിശിന്റെ വഴിയും ജപമാലയും ചൊല്ലിയാണ് തീർത്ഥാടകർ 35 കിലോമീറ്റർ താണ്ടിയത്.

## മൂന്നാമത് എപ്പാർക്കിയൽ അസംബ്ലി മെയ് 20 മുതൽ ബഥാനിയായിൽ

താമരശ്ശേരി രൂപതയുടെ മൂന്നാമത് എപ്പാർക്കിയൽ അസംബ്ലി മെയ് 20 മുതൽ 22 വരെ പുല്ലൂരാംപാറ ബഥാനിയാ റിന്യൂവൽ സെന്ററിൽ നടക്കും. രൂപതയുടെ ഭാവി പ്രവർത്തനങ്ങൾ സുവിശേഷാടിസ്ഥാനത്തിൽ രൂപപ്പെടുത്താൻ ലഭിക്കുന്ന മികച്ച അവസരമാണ് റൂബി ജൂബിലിയുടെ പശ്ചാത്തലത്തിൽ നടക്കുന്ന മൂന്നാമത് എപ്പാർക്കിയൽ അസംബ്ലിയെന്ന് ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ അഭിപ്രായപ്പെട്ടു.

എപ്പാർക്കിയൽ അസംബ്ലിക്കായി ഒരു വർഷം നീണ്ട ഒരുക്കമാണ് രൂപത നടത്തിയത്. ആദ്യഘട്ടത്തിൽ കുടുംബക്കൂട്ടായ്മ കേന്ദ്രീകൃതമായും ഫൊറോന തലത്തിലും അസംബ്ലികൾ സംഘടിപ്പിച്ചിരുന്നു. രൂപതയിലെ വൈദികരുടെയും സമർപ്പിതരുടെയും അൽമായരുടെയും പ്രതിനിധികളാണ് എപ്പാർക്കിയൽ അസംബ്ലിയിൽ പങ്കെടുക്കുന്നത്.

'ഉണർന്നു പ്രശോഭിക്കുക' (ഏശയ്യ 60:1) എന്നതാണ് എപ്പാർക്കിയൽ അസംബ്ലിയുടെ ആപ്തവാക്യം. 'സഭ ഏവർക്കും വെളിച്ചമായി മാറാൻ വിളിക്കപ്പെട്ടിരിക്കുന്നു. ചരിത്രപരമായ ഈ ദൗത്യം ഇന്ന് ഏറ്റെടുക്കുവാൻ നമ്മെ ഓരോരുത്തരെയും ക്രിസ്തു ക്ഷണിക്കുകയാണ്. ഇതിനുള്ള കാൽവയ്പ്പാണ് രൂപതാ അസംബ്ലിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്. വിശ്വാസം, കുടുംബം, സമുദായം എന്നീ വിഷയങ്ങളെ അധികരിച്ചുള്ള പഠനവും വിചിന്തനവുമാണ് മൂന്നാമത് എപ്പാർക്കിയൽ അസംബ്ലിയുടെ ഓരോ ഘട്ടത്തിലും രൂപപ്പെടുത്തിയിരിക്കുന്നത്' - ബിഷപ് കൂട്ടിച്ചേർത്തു.

എപ്പാർക്കിയൽ അസംബ്ലിയിൽ നടക്കുന്ന ചർച്ചകൾ സുഗമമാക്കാൻ വിഷയാവതരണരേഖ (instrumentum laboris) പുറപ്പെടുവിച്ചിട്ടുണ്ട്. രൂപതാ അസംബ്ലിക്ക് പ്രാരംഭമായി കുടുംബകൂട്ടായ്മകളിലും ഫൊറോനയിലും നടന്ന ചർച്ചകളുടെയും വിലയിരുത്തലുകളെയും അടിസ്ഥാനത്തിലാണ് വിഷയാവതരണ രേഖ രൂപപ്പെടുത്തിയിരിക്കുന്നത്.

## ആൽഫാ മരിയ അക്കാദമിക്ക് സ്വപ്നസാക്ഷാത്ക്കാരം

**കുന്നമംഗലം:** വിവിധ മത്സര പരീക്ഷകളുടെ പരിശീലന കേന്ദ്രമായ ആൽഫാ മരിയ അക്കാദമി കുന്നമംഗലത്ത് നിർമിച്ച പുതിയ കെട്ടിടം ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. അത്യാധുനിക സൗകര്യങ്ങളോടെ റസിഡൻഷ്യൽ കോഴ്സുകൾ ആരംഭിക്കുകയെന്ന ലക്ഷ്യത്തോടെയാണ് താമരശ്ശേരി രൂപതയുടെ കീഴിൽ പ്രവർത്തിക്കുന്ന ആൽഫാ മരിയ അക്കാദമി പുതിയ കെട്ടിടം പൂർത്തിയാക്കിയത്. കെട്ടിടത്തിന്റെ വെഞ്ചരിപ്പ് കർമം ബിഷപ് നിർവഹിച്ചു.

പൊതുസമ്മേളനം ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. ആൽഫാ അക്കാദമിക്ക് ഇത് സ്വപ്നസാക്ഷാത്ക്കാരമാണെന്ന് ബിഷപ് പറഞ്ഞു. വിവിധങ്ങളായ പരിശീലനത്തിലൂടെ നിരവധി കുട്ടികളെ ഉന്നത വിദ്യാഭ്യാസത്തിനും മത്സരപരീക്ഷകൾക്കും സജ്ജരാക്കാൻ ആൽഫയ്ക്കു കഴിഞ്ഞു. ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഇനിയും ഉയരങ്ങൾ കീഴടക്കാൻ ആൽഫയ്ക്കു കഴിയുമെന്നും ബിഷപ് കൂട്ടിച്ചേർത്തു.

താമരശ്ശേരി രൂപത വികാരി ജനറൽ മോൺ. അബ്രഹാം വയലിൽ അധ്യക്ഷത വഹിച്ചു. പാറോപ്പടി സെന്റ് ആന്റണീസ് ഫൊറോന വികാരി ഫാ. ജോസഫ് കളരിക്കൽ, ആൽഫാ അക്കാദമി ഡയറക്ടർ ഫാ. ജോസഫ് പുളിച്ചമാക്കൽ, ജോസ് ലൂക്ക് വെളിയംകുളത്ത്, ബേബി പഴംപ്ലാക്കിൽ എന്നിവർ പ്രസംഗിച്ചു.

കെട്ടിട നിർമാണം പൂർത്തിയാക്കിയ കരാറുകാരെയും അനുബന്ധ ജോലിക്കാരെയും ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ആദരിച്ചു. രൂപതാ ചാൻസലർ ഫാ. സെബാസ്റ്റ്യൻ കാവളക്കാട്ട്, പ്രൊക്യുറേറ്റർ ഫാ. കുര്യാക്കോസ് മുഖാല, വിവിധ ഇടവകകളിൽ നിന്നുള്ള വൈദികർ, അൽമായർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

## പുത്തൻപാന ആലാപന മത്സരം: ചേവായൂർ സെന്റ് ജോൺസ് കുടുംബ കൂട്ടായ്മ ഒന്നാമത്

**കോഴിക്കോട്:** താമരശ്ശേരി രൂപത ലിറ്റർജി കമ്മീഷന്റെ നേതൃത്വത്തിൽ രൂപതയിലെ കുടുംബ കൂട്ടായ്മകൾക്കുവേണ്ടി സംഘടിപ്പിച്ച പുത്തൻപാന ആലാപന മത്സരത്തിൽ ചേവായൂർ സെന്റ് ജോൺസ് കുടുംബ കൂട്ടായ്മ ഒന്നാം സ്ഥാനം നേടി. മഞ്ചേരി സെന്റ് ജോസഫ്സ്, പുല്ലൂരാംപാറ സെന്റ് പോൾസ് കൂട്ടായ്മകൾ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.

സംസ്ഥാന സർക്കാരിന്റെ ഫോക്ലോർ അക്കാദമി അവാർഡ് ജേതാവും പുത്തൻപാനയെക്കുറിച്ച് നിരവധി ഗ്രന്ഥങ്ങളും പ്രബന്ധങ്ങളും രചിച്ച ഗ്രന്ഥകാരനുമായ എഫ്. ആന്റണി പുത്തൂർ വിജയികൾക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്തു.

റോസമ്മ പുല്ലാട്ട് മെമ്മോറിയൽ ട്രോഫിയും 7000 രൂപയുമാണ് ഒന്നാം സമ്മാനം. രണ്ടാം സമ്മാനം ത്രേസ്യാമ്മ കോലാട്ടുവെളിയിൽ മെമ്മോറിയൽ ട്രോഫിയും 5000 രൂപയും മൂന്നാം സമ്മാനം റവ. ഫാ. ഗിൽബർട്ട് ഗോൺസാൽവോസ് ട്രസ്റ്റ് മെമ്മോറിയൽ ട്രോഫിയും 3000 രൂപയുമാണ്.

മേരിക്കുന്ന് പിഎംഒസിയിൽ നടന്ന ഫൈനൽ മത്സരത്തിൽ 12 ടീമുകളിലായി നൂറോളം പേർ പങ്കെടുത്തു. താമരശ്ശേരി രൂപതാ ലിറ്റർജി കമ്മീഷൻ കൺവീനർ ഫാ. ജോസഫ് കളത്തിൽ, പിഎംഒസി അസി. ഡയറക്ടർ ഫാ. മാറ്റസ് കോരംകോട്ട്, റിജോ കുത്രപ്പള്ളി എന്നിവർ നേതൃത്വം നൽകി.

## യൂദിത്ത് ഫോറം നിയമാവലി പ്രകാശനം ചെയ്തു

**തിരുവമ്പാടി:** വിധവകളുടെ സംഘടനയായ യൂദിത്ത് ഫോറത്തിന്റെ താമരശ്ശേരി രൂപതാ വാർഷിക സമ്മേളനവും നിയമാവലി പ്രകാശനവും തിരുവമ്പാടി ഫൊറോനാ ദേവാലയത്തിൽ നടന്നു. ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. യൂദിത്ത് ഫോറം രൂപത ഡയറക്ടർ ഫാ. ജെയിംസ് പെണ്ണാപറമ്പിൽ അധ്യക്ഷനായിരുന്നു.

സിഎംസി പ്രൊവിൻഷ്യൽ സിസ്റ്റർ പവിത്ര റോസ് ക്ലാസെടുത്തു. തിരുവമ്പാടി ഫൊറോന വികാരി ഫാ. തോമസ് നാഗപറമ്പിൽ, മരിയാപുരം എപ്പിസ്കോപ്പൽ വികാരി ഫാ. ജെയിംസ് വാമറ്റത്തിൽ, യൂദിത്ത് ഫോറം രൂപത ആനിമേറ്റർ സിസ്റ്റർ റെനി ജോസ് സിഎംസി, എസ്എച്ച് കോൺഗ്രിഗേഷൻ യൂദിത്ത് ഫോറം കോർഡിനേറ്റർ സിസ്റ്റർ വിമല എസ്എച്ച്, യൂദിത്ത് ഫോറം രൂപത പ്രസിഡന്റ് മേരി പൗലോസ്, ജോളി ജോസഫ് തുടങ്ങിയവർ പ്രസംഗിച്ചു. മരിയാപുരം എപ്പിസ്കോപ്പൽ ദേവാലയത്തിലെ യൂദിത്ത് ഫോറം അംഗങ്ങൾ കേരള കത്തോലിക്ക നസ്രാണികളുടെ പാരമ്പര്യ കലയായ വില്ലടിച്ചാൻ പാട്ട് മനോഹരമായി അവതരിപ്പിച്ചു.

## കെസിവൈഎം മേഖലാ യൂത്ത് കോൺഫ്രൻസ്

**പാറോപ്പടി:** കെസിബിസി യുവജന വർഷത്തിന്റെ ഭാഗമായി രൂപതയിലെ കെസിവൈഎം യൂണിറ്റ് ഭാരവാഹികൾക്കായി സംഘടിപ്പിക്കുന്ന ഏകദിന യുവജന കോൺഫ്രൻസിന്റെ രൂപതാതല ഉദ്ഘാടനം പാറോപ്പടി മേഖലയിൽ ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ നിർവഹിച്ചു. ജോഫിൻ ജോസഫ് അധ്യക്ഷത വഹിച്ചു.

ഫാ. സായി പാറൻകുളങ്ങര, ഫാ. ആൽബിൻ സ്രാമ്പിക്കൽ, ജോബി മുണ്ടയ്ക്കൽ, കരോൾ ജോൺ, സിസ്റ്റർ പാവന സിഎംസി, അതുല്യ, ആൻമരിയ റോയ് എന്നിവർ പ്രസംഗിച്ചു. മുൻ പ്രസിഡന്റുമാരെ ആദരിച്ചു.

യുവജന വർഷ കർമ്മപരിപാടികൾ, പ്രസംഗപരിശീലന കളരി, സംഘടന സംവിധാനാത്മകത, ഭാരതവളർച്ചയ്ക്കായി ക്രൈസ്തവർ നൽകിയ സംഭാവനകൾ, റൂബി ജൂബിലി യൂത്ത് ഫോർമേഷൻ പ്രൊജക്ട് പ്രാഥമിക ചർച്ച, ആനുകാലിക വിഷയത്തെ സംബന്ധിച്ച പൊതുപരിപാടി തുടങ്ങിയവയാണ് മേഖലാ യൂത്ത് കോൺഫ്രൻസിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

# താമരശ്ശേരി രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി

# അക്ഷര ദീപങ്ങളേ, ആത്മപ്രണാമം

## താമരശ്ശേരി രൂപതയുടെ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിൽ നിന്നും ഈ വർഷം വിരമിച്ചവരെ ആദരിച്ചു

കുടിയേറ്റത്തിന്റെ കഷ്ടാരിഷ്ടതകൾ അതിജീവിച്ച് കാട് നാടാക്കിമാറ്റി മണ്ണിൽ പൊന്നുവിളയിച്ച് നാമിന്നു കാണുന്ന മലബാറിനെ സമ്മാനിച്ച സുറിയാനി കത്തോലിക്കരുടെ ആത്മീയ പരിപാലനത്തിനു വേണ്ടി 1953–ൽ തലശ്ശേരി രൂപത സ്ഥാപിതമാവുകയും പ്രഥമ രൂപതാദ്ധ്യക്ഷനായി അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവ് നിയമിക്കപ്പെടുകയും ചെയ്തു. തുടർന്നുള്ള വർഷങ്ങളിൽ രൂപതയ്ക്കുണ്ടായ അഭൂതപൂർവ്വമായ വളർച്ച കണക്കിലെടുത്ത് രൂപത വിഭജിച്ച് മാനന്തവാടി, താമരശ്ശേരി രൂപതകൾ രൂപം കൊണ്ടു. രൂപതയിലെ വിവിധ ഇടവകകളുടെ കീഴിലായിരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കാര്യക്ഷമവും ഏകീകൃതവുമായ നടത്തിപ്പ് ഉറപ്പുവരുത്തുന്നതിനായി 1967–ൽ തലശ്ശേരി രൂപത കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി രൂപീകരിക്കപ്പെട്ടു. പ്രഥമ കോർപ്പറേറ്റ് മാനേജരായി ബഹു. ഫാ. സി.ജെ. വർക്കി നിയമിതനായി. 1972–ൽ അദ്ദേഹത്തിന്റെ പിൻഗാമിയായി ഫാ. മാത്യു എം. ചാലിൽ ചുമതലയേറ്റു. തലശ്ശേരി കോർപ്പറേറ്റ് വിഭജിച്ച് 1980–ൽ മാനന്തവാടി കോർപ്പറേറ്റും 1987–ൽ താമരശ്ശേരി കോർപ്പറേറ്റും പ്രവർത്തനം ആരംഭിച്ചു.



ഫാ. ജോസഫ് വർഗീസ്
(കോർപ്പറേറ്റ് മാനേജർ)

താമരശ്ശേരി രൂപതയുടെ ആദ്യത്തെ കോർപ്പറേറ്റ് മാനേജർ ബഹു. ഫാ. അഗസ്റ്റിൻ മണക്കാട്ടുമറ്റം ആയിരുന്നു. തുടർന്ന് ഫാ. മാത്യു മറ്റക്കോട്ടിൽ, ഫാ. മാത്യു മാവേലി, ഫാ. ജോസഫ് കളരിക്കൽ, ഫാ. സെബാസ്റ്റ്യൻ പുരയിടത്തിൽ എന്നിവർ രൂപതാ കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ സാരഥികളായി സ്തുത്യർഹസേവനം കാഴ്ചവെച്ചു. 1987–ൽ 41 സ്കൂളുകളുമായി പ്രവർത്തനം ആരംഭിച്ച ഈ കോർപ്പറേറ്റിനുകീഴിൽ നിലവിൽ 12 ഹയർ സെക്കൻഡറി സ്കൂളുകളും 20 ഹൈസ്കൂളുകളും 22 യു.പി. സ്കൂളുകളും 20 എൽ.പി. സ്കൂളുകളുമടക്കം 74 സ്കൂളുകൾ വിജയകരമായി പ്രവർത്തിക്കുന്നുണ്ട്. മൂല്യാധിഷ്ഠിതവും മാതൃകാപരവുമായ പ്രവർത്തനങ്ങളിലൂടെ അധ്യാപക–അനധ്യാപക സമൂഹത്തിന്റെയും രക്ഷിതാക്കൾ, വിദ്യാഭ്യാസ വകുപ്പധികാരികൾ എന്നിവരുടെയും സഹകരണത്തോടെ ഗുണമേന്മയുള്ള വിദ്യാഭ്യാസം ഭാവി തലമുറയ്ക്ക് പ്രദാനം ചെയ്യുന്നതിന് കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി പ്രതിജ്ഞാബദ്ധമാണ്.

കോർപ്പറേറ്റ് മാനേജ്മെന്റിന്റെ നയപരിപാടികൾ ആവിഷ്ക്കരിക്കുന്നതിനും ഭരണപരമായ കാര്യങ്ങളിൽ സഹായിക്കുന്നതിനുമായി വിദ്യാഭ്യാസ വിദഗ്ധരുൾപ്പെടുന്ന അഡ്വൈസറി ബോർഡിനെയും ഉദ്യോഗാർത്ഥികളിൽ നിന്നും സ്വഭാവശുദ്ധിയും ഗുണമേന്മയും കാര്യശേഷിയുമുള്ള അധ്യാപകരെ തിരഞ്ഞെടുക്കുന്നതിനായി ഇന്റർവ്യൂ ബോർഡിനെയും അഭിവന്ദ്യ രൂപതാദ്ധ്യക്ഷൻ നിയോഗിച്ചിട്ടുണ്ട്.

പേജ് 10–ൽ തുടരുന്നു ▸

## ആശംസകൾ

താമരശ്ശേരി രൂപതയുടെ നവീകരണ കേന്ദ്രമായ പുല്ലൂരാംപാറ ബഥാനിയായിൽ അധ്യാപക സംഗമവും അതോടൊപ്പം വിരമിക്കുന്ന അധ്യാപകരെ ആദരിക്കുകയും ചെയ്തതിൽ നിങ്ങളോടൊപ്പം ഞാനും സന്തോഷിക്കുന്നു. അധ്യാപനമെന്നത് മഹത്തായ ധർമ്മമാണ്. സമൂഹനിർമ്മിതിയിൽ അധ്യാപകരാണ് മുഖ്യപങ്കുവഹിക്കുന്നത്. അവരുടെ ചെറിയ പിഴവുകൾ പോലും സമൂഹത്തിൽ വലിയ മൂല്യശോഷണത്തിന് കാരണമാകും. അതുകൊണ്ട് തന്നെ അധ്യാപകന് സമൂഹത്തോട് വലിയ ഉത്തരവദിത്വമുണ്ട്. ഏറെ ആദരവോടെയാണ് സമൂഹം അധ്യാപകരെ കാണുന്നത്. ഗുരു എന്ന വാക്കിന്റെ അർത്ഥം തിരഞ്ഞാൽ അത് നിർവചനാതീതമായി നമുക്ക് തോന്നും. മൂല്യരൂപീകരണത്തിന്റെ ഉപദേഷ്ടാവ്, സത്യസമത്വ സമഭാവനയിലേയ്ക്ക് നയിക്കുന്ന വഴികാട്ടി, അക്ഷരങ്ങൾക്കൊപ്പം അനുഭവജ്ഞാനം പകർന്ന് ജീവിതത്തിന്റെ പരുപരുക്കൻ യാഥാർത്ഥ്യങ്ങളെ സമചിത്തതയോടെ നേരിടാനും ശരി തെറ്റുകൾ വിവേചിച്ചറിയാനും പ്രാപ്തനാക്കുന്നവൻ, മഞ്ഞുപോലെ തണുത്തുറഞ്ഞ മനസ്സുകളെ ഉണർത്തുന്നവൻ, പ്രക്ഷുബ്ധമായ കടലലകൾ പോലെ പതഞ്ഞുയരുന്ന മനസുകളെ ശാന്തനാക്കുന്നവൻ ഇതെല്ലാമാണ് അധ്യാപകൻ. നന്മയുടെ പ്രചോദകനാണ് അധ്യാപകൻ. അന്ധകാരത്തെ നീക്കുന്ന ദിവ്യമായ സ്നേഹത്തിന്റെ പ്രകാശനമാകണം അധ്യാപനം. തികഞ്ഞ ശ്രദ്ധയോടെ, സൂഷ്മതയോടെയാകണം അധ്യാപനം നിവർത്തിതമാക്കേണ്ടത്. 'ആശാനക്ഷരമൊന്നു പിഴച്ചാലമ്പത്തൊന്ന് പിഴയ്ക്കും ശിഷ്യന്' എന്ന കുഞ്ചൻ നമ്പ്യാരുടെ വരികൾ പ്രസക്തമാണ്. ശിഷ്യൻ ഗുരുവിനെക്കാൾ വലിയവനല്ല. എന്നാൽ എല്ലാം പഠിച്ചു കഴിയുമ്പോൾ അവൻ ഗുരുവിനെപ്പോലെയാകും (ലൂക്ക 6: 40) എന്ന് വി. ലൂക്കയുടെ സുവിശേഷത്തിൽ പറയുന്നു. അറിഞ്ഞോ അറിയാതെയോ വിദ്യർത്ഥികൾ നിങ്ങളെപ്പോലെയാകാൻ ശ്രമിക്കുമെന്നതും വിസ്മരിക്കരുത്.

അധ്യാപനത്തെ കേവലമൊരു തൊഴിൽ മാത്രമായല്ല സമൂഹം വീക്ഷിക്കുന്നത്. അധ്യാപകന് ഉന്നതമായ സ്ഥാനമാണ് സമൂഹം നൽകുന്നത്. നമ്മുടെ സ്കൂളുകളിൽ അധ്യാപനം അതിന്റെ പരിപൂർണ്ണതയിൽ പ്രാവർത്തികമാക്കി മുന്നേറുമെന്നാണ് ഞാൻ മനസിലാക്കുന്നത്. കഴിഞ്ഞ വർഷത്തെ നമ്മുടെ സ്കൂളുകളുടെ വിജയശതമാനം അത് വ്യക്തമാക്കുന്നുണ്ട്. എല്ലാ സ്കൂളുകളും 100 ശതമാനം വിജയം നേടിയത് അഭിമാനകരമാണ്. പിടിഎയുടെ വലിയ സഹകരണവും ഈ വിജയത്തിനു പിന്നിലുണ്ട്. നിങ്ങളേവർക്കും ഹൃദയപൂർവ്വം അഭിനന്ദനങ്ങൾ അറിയിക്കുന്നു. സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങളും ഏറെ മെച്ചപ്പെടുത്തിയിട്ടുണ്ട്. നമ്മുടെ വിദ്യാലങ്ങളിലേറെയും ഹൈടെക് നിലവാരം പുലർത്തുന്നുണ്ട്. കോർപ്പറേറ്റ് മാനേജർ ഫാ. ജോസഫ് പാലക്കാട്ട് അക്കാര്യത്തിൽ ബദ്ധശ്രദ്ധനാണ്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നമ്മുടെ വിദ്യാലങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി പ്രവർത്തന മികവിന്റെ പാരമ്യതയിൽ മുന്നേറുകയാണ്.



മാർ റെമീജിയോസ് ഇഞ്ചനാനിയിൽ
(താമരശ്ശേരി രൂപതയുടെ മെത്രാൻ)

എൽപി, യുപി, ഹൈസ്കൂൾ, ഹയർസെക്കൻഡറി സ്കൂളുകളിൽ നിന്ന് വിരമിക്കുന്ന അധ്യാപകരെ ആദരിക്കുന്നതിൽ ഏറെ സന്തോഷമുണ്ട്. സഹചരോട് നമുക്കുള്ള സ്നേഹത്തിന്റെ, കരുതലിന്റെ, ബഹുമാനത്തിന്റെ, നന്ദിയുടെ പ്രകടഭാവമാണ് ആദരവായി രൂപപ്പെടുന്നത്. അത് അർഹിക്കുന്ന പരിഗണനയോടെ തന്നെ നിങ്ങൾ നൽകുന്നുണ്ട്. വിരമിക്കുന്ന എല്ലാ അധ്യാപകർക്കും ദൈവാനുഗ്രഹവും കൃപയുമുണ്ടാകട്ടെ, തുടർന്നുള്ള വിശ്രമ ജീവിതം സർവ്വൈശ്വര്യങ്ങളാൽ ധന്യമാകട്ടെ. എല്ലാവർക്കും ആയുരാരോഗ്യസൗഖ്യം ആശംസിക്കുന്നു. ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.



താമരശ്ശേരി രൂപതയുടെ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിൽ നിന്ന് ഈ വർഷം വിരമിച്ചവർ ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ, കോർപ്പറേറ്റ് മാനേജർ ഫാ. ജോസഫ് വർഗീസ്, ഫാ. മാത്യു മാവേലി, ഫാ. ജോസഫ് കളരിക്കൽ എന്നിവരോടൊപ്പം പുല്ലൂരാംപാറ ബഥാനിയായിൽ നടന്ന ചടങ്ങിൽ

## ആശംസകൾ



**മോൺ. അബ്രാഹം വയലിൽ**
**(വികാരി ജനറാൾ, താമരശ്ശേരി രൂപത)**

താമരശ്ശേരി കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി ബഥാനിയായിൽ അധ്യാപക സംഗമവും അതോടൊപ്പം വിരമിക്കുന്ന അധ്യാപകർക്ക് യാത്രയയപ്പും സംഘടിപ്പിച്ചതിൽ അതിയായ സന്തോഷമുണ്ട്. ഈ കൂട്ടായ്മയിൽ നിങ്ങൾ കൂടുതൽ ഊർജ്ജസ്വലരാകട്ടെയെന്നാശംസിക്കുന്നു. ഉയർന്ന ചിന്തകളും ഉന്നതമായ കാഴ്ചപ്പാടുകളുമുള്ളവരായി (Diginified vision and noble thought) നമ്മുടെ കുഞ്ഞുങ്ങളെ രൂപപ്പെടുത്തി മൂല്യബോധമുള്ള ജനതയെ സൃഷ്ടിച്ചെടുക്കുന്ന ശിൽപ്പികളാണ് അധ്യാപകർ.

അറിവ് പകരുന്നവനാണ് അധ്യാപകൻ. ഒന്നുമറിയാത്തവന് നിറയെ വിവരങ്ങൾ ശേഖരിച്ചു നൽകുന്നതുമാത്രമല്ല അധ്യാപനം. അറിവെന്നാൽ വിവരശേഖരണം മാത്രമല്ല. ശേഖരിക്കുന്ന വിവരങ്ങൾ ഉപയോഗപ്പെടുത്തി പുതിയതൊന്ന് കണ്ടെത്തുമ്പോഴും ജീവിതത്തിൽ പ്രായോഗികമാക്കുമ്പോഴുമാണ് അറിവ് പൂർണ്ണതയിലേക്കെത്തുന്നത്. പകർന്നു നൽകുന്ന അറിവ് പ്രാവർത്തികമാക്കാൻ വിദ്യാർത്ഥികളെ പ്രചോദിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുമ്പോഴാണ് അധ്യാപനവും പൂർണ്ണതയിലേക്കടുക്കുന്നത്. വിദ്യാർത്ഥികൾ സാമൂഹിക പരിഷ്കരണത്തിന്റെ ചാലകശക്തികളാണ്. കാലത്തിന്റെ വൈരുധ്യാത്മക ചുവരെഴുത്തുകൾ മായിച്ച് വൈവിധ്യമാർന്നവ എഴുതിച്ചേർക്കേണ്ടവരാണവർ. അവരെ അതിനു പ്രാപ്തരാക്കുന്നത് അധ്യാപകരാണ്. എത്ര മഹത്തരമായ ജോലിയാണ് നിങ്ങൾ ഏറ്റെടുത്തിരിക്കുന്നത്. അതിന്റെ പൂർണ്ണതയിൽ ചെയ്ത് തീർക്കാൻ നിങ്ങൾക്കാകട്ടെ. ദീർഘകാലത്തെ സേവനത്തിനുശേഷം സർവ്വീസിൽ നിന്നും വിരമിക്കുന്ന അധ്യാപകർക്ക് തുടർജീവിതത്തിൽ വിജയാശംസകൾ നേരുന്നു. വിശ്രമജീവിതത്തിലേക്കല്ല നിങ്ങൾ പ്രവേശിക്കുന്നത്. വിശ്രമമില്ലാത്ത ജീവിതത്തിലേയ്ക്കാണ്. ഇതുവരെ നിങ്ങൾ ഏറെ നേരം ചെലവിട്ടിരുന്നത് വിദ്യാലയത്തിലാണ്. ഇനി നിങ്ങൾ ഏറെ നേരം ചെലവിടുന്നത് സമൂഹത്തിലായിരിക്കും. നിങ്ങളുടെ അറിവും പ്രയോഗിക ജ്ഞാനവുമെല്ലാം ഉപയോഗിക്കുന്നതിലൂടെ സമൂഹത്തിൽ വലിയ മാറ്റങ്ങൾക്ക് കാരണമാകട്ടെ. എല്ലാവർക്കും ആരോഗ്യവും സൗഖ്യവും ആശംസിക്കുന്നു. ദൈവാനുഗ്രഹം എന്നുമെപ്പോഴും എല്ലാവരോടമൊപ്പമുണ്ടാകട്ടെ.

# ചരിത്രവഴിയിലൂടെ...

പേജ് ഒമ്പതിൽ നിന്നു തുടർച്ച

എഡ്യുക്കേഷണൽ ട്രസ്റ്റ് ഓഫ് ഡയസിസ് ഓഫ് താമരശ്ശേരി എന്ന രജിസ്റ്റേർഡ് ട്രസ്റ്റാണ് കോർപ്പറേറ്റ് സ്കൂളുകളുടെ അടിസ്ഥാനവികസന പ്രവർത്തനങ്ങൾ നിയന്ത്രിക്കുകയും നടപ്പിൽ വരുത്തുകയും ചെയ്യുന്നത്. അഭിവന്ദ്യ രൂപതാദ്ധ്യക്ഷന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ട്രസ്റ്റിന്റെ പ്രസിഡണ്ട് ബഹു. വികാരി ജനറാളച്ചനാണ്. കോർപ്പറേറ്റ് മാനേജർ, രൂപതാ ചാൻസലർ, രൂപതാ ഫിനാൻസ് ഓഫീസർ എന്നിവർ ട്രസ്റ്റ് അംഗങ്ങളുമാണ്. നമ്മുടെ കോർപ്പറേറ്റിലെ മുഴുവൻ സ്കൂളുകൾക്കും ദേശീയ ന്യൂനപക്ഷ വിദ്യാഭ്യാസ കമ്മീഷൻ ന്യൂനപക്ഷ പദവി അനുവദിച്ച് നൽകിയിട്ടുണ്ട്. ഏതൊരു പൊതുവിദ്യാലയത്തിനും മാതൃക ആക്കാൻ കഴിയുന്ന വിധം അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ശിശു സൗഹൃദ ഭൗതിക സാഹചര്യങ്ങൾ മുഴുവൻ സ്കൂളുകളിലും ലഭ്യമാക്കുന്നതിനുള്ള യത്നത്തിലാണ് കോർപ്പറേറ്റ് മാനേജ്മെന്റ്. 2025-ഓടുകൂടി മുഴുവൻ കോർപ്പറേറ്റ് സ്കൂളുകളിലും ഏറ്റവും മികച്ച കെട്ടിട സൗകര്യങ്ങൾ ഒരുക്കണമെന്ന അഭിവന്ദ്യ റെമീജിയോസ് പിതാവിന്റെ ആഗ്രഹം ഫലപ്രാപ്തിയിൽ എത്തുകയാണ്. സെന്റ് ജോർജ്ജ് ഹൈസ്കൂൾ വിലങ്ങാട്, സെന്റ് ആന്റണീസ് ഹൈസ്കൂൾ കണ്ണോത്ത്, സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ കൂടരഞ്ഞി, സെന്റ് ജോർജ്ജ് ഹൈസ്കൂൾ കുളത്തുവയൽ, സെന്റ് സെബാസ്റ്റ്യൻസ് എൽ.പി. സ്കൂൾ കൂടരഞ്ഞി എന്നീ വിദ്യാലയങ്ങളുടെ കെട്ടിടങ്ങൾ കഴിഞ്ഞവർഷം പുതുക്കി പണിയുകയുണ്ടായി. സെന്റ് ജോൺസ് ഹൈസ്കൂൾ നെല്ലിപ്പൊയിൽ, സെന്റ് മേരീസ് ഹൈസ്കൂൾ കക്കാടംപൊയിൽ, നസ്രത്ത് എൽ.പി. സ്കൂൾ മുത്തോറ്റിക്കൽ, സെന്റ് ജോസഫ്സ് എൽ.പി.സ്കൂൾ പന്തല്ലൂർ എന്നീ സ്കൂളുകളുടെ ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിട നിർമ്മാണം ഈ വർഷം പൂർത്തീകരിച്ച് പ്രവർത്തനസജ്ജമായി കഴിഞ്ഞിട്ടുണ്ട്.

അക്കാദമിക രംഗത്തും കലാകായിക രംഗങ്ങളിലും മികവാർന്ന പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിൽ കോർപ്പറേറ്റ് സ്കൂളുകൾ ഏറെ മുന്നിട്ട് നിൽക്കുന്നു. എസ്.എസ്.എൽ.സി, പ്ലസ്ടു, എൽ.എസ്.എസ്., യു.എസ്.എസ്. പരീക്ഷകളിൽ തിളക്കമാർന്ന വിജയം കൈവരിക്കാൻ നമ്മുടെ സ്കൂളുകൾക്ക് കഴിയുന്നുണ്ട്. പഠനമികവ്, അച്ചടക്കം, മൂല്യാധിഷ്ഠിത വ്യക്തിത്വവികസനം, സർഗ്ഗശേഷി വികാസം എന്നീ രംഗങ്ങളിൽ പുതിയ അദ്ധ്യായം രചിക്കാനുള്ള സംഘയത്നത്തിൽ ഏർപ്പെട്ടിരിക്കുന്ന കോർപ്പറേറ്റ് സ്കൂളുകളിലെ ബഹു. മാനേജർ അച്ചന്മാർ, പ്രധാനധ്യാപകർ, അധ്യാപക - അനധ്യാപക ജീവനക്കാർ, രക്ഷിതാക്കൾ, വിദ്യാർത്ഥികൾ എന്നിവരെ നന്ദിയോടെ സ്മരിക്കുകയും എല്ലാ വിജയങ്ങളും നേരുകയും ചെയ്യുന്നു. നിർധന വിദ്യാർത്ഥികൾക്ക് ഉപരിപഠന സഹായം നൽകുന്ന 'കോർഡിയ', സ്കൂളുകളുടെ ഭൗതിക സൗകര്യവികസനത്തിന് കൈത്താങ്ങായ 'ഗുരുനിധി', കോർപ്പറേറ്റ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ചികിത്സാ സഹായം നൽകുന്ന 'അൽഫോൻസ സ്നേഹനിധി' എന്നിവ കോർപ്പറേറ്റ് സ്കൂളുകളിലെ ജീവനക്കാരുടെ സാമൂഹ്യപ്രതിബദ്ധതയുടെ നേർസാക്ഷ്യങ്ങളാണ്.

പതിറ്റാണ്ടുകൾ നീണ്ട ഔദ്യോഗിക ജീവിതത്തിനുശേഷം സ്ഥാപനമേലധികാരികളായ 9 പ്രധാനധ്യാപകരും 24 അധ്യാപകരും 3 ഓഫീസ് ജീവനക്കാരും ഉൾപ്പെടെ 36 പേർ ഈ വർഷം സർവ്വീസിൽനിന്നും വിരമിക്കുകയാണ്. അവരുടെ സ്തുത്യർഹ സേവനത്തിന് ഹൃദയത്തിന്റെ ഭാഷയിൽ നന്ദി പ്രകാശിപ്പിക്കുകയും എല്ലാവിധ ആയുരാരോഗ്യസൗഖ്യങ്ങളും മംഗളങ്ങളും നേരുകയും ചെയ്യുന്നു.

## കോർപ്പറേറ്റ് സ്കൂളുക



**ലില്ലിക്കുട്ടി ജോർജ്**
പ്രിൻസിപ്പാൾ
മരുതോങ്കര H.S.S



**വിൽസൺ ജോർജ്**
പ്രിൻസിപ്പാൾ
കോടഞ്ചേരി H.S.S



**തങ്കച്ചൻ ഇ.ജെ.**
ഹെഡ്മാസ്റ്റർ
വേനപ്പാറ H.S



**ഡെന്നീസ് മാ**
ഹെഡ്മാസ്റ്റർ
പശുക്കടവ് U.P.

## ഹയർ സെക്കൻഡറി സ്കൂൾ അധ്യാപ



**തങ്കച്ചൻ കെ.ജെ.**
എച്ച്.എസ്.എസ്.ടി
മരുതോങ്കര H.S.S



**ആൻസി തോമസ്**
എച്ച്.എസ്.എസ്.ടി
കുളത്തുവയൽ H.S.S



**ബീന ജേക്കബ്**
എച്ച്.എസ്.എസ്.ടി.
കൂടരഞ്ഞി H.S.S



**ലിസി ചെറിയാ**
എച്ച്.എസ്.എസ്
തിരുവമ്പാടി H.S

## ഹൈസ്ക്കൂൾ അധ്യാപകർ



**തോമസ് സി.ജെ.**
എച്ച്.എസ്.ടി.
ചെമ്പനോട H.S



**ജോളി ജോസഫ്**
എച്ച്.എസ്.ടി.
കൂരാച്ചുണ്ട് H.S



**സി.ഗ്രേയ്സി ടി.എം.**
എച്ച്.എസ്.ടി.
കക്കാടംപൊയിൽ H.S



**മിനിമോൾ സിറി**
എച്ച്.എസ്.ടി.
കോടഞ്ചേരി H.

## പ്രൈമറി സ്കൂൾ അധ്യാ



**ഇമ്മാനുവൽ വി.എം.**
യു.പി.എസ്.ടി.
കൂടരഞ്ഞി H.S



**മേഴ്സി ജോസഫ്**
യു.പി.എസ്.ടി.
കോടഞ്ചേരി H.S




**ജോയി ജോസഫ്**
യു.പി.എസ്.ടി.
കക്കാടംപൊയിൽ H.S



**സജി വി. ജോ**
യു.പി.എസ്.ടി
നെന്മേനി U.P.S

## കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻ



**ഫാ. അഗസ്റ്റിൻ മണക്കാട്ടുമറ്റം**




**ഫാ. മാത്യു മറ്റക്കോട്ടിൽ**



**ഫാ. മാത്യു മാവേലി**

## ...ളിൽ നിന്നു വിരമിക്കുന്നവർ: പ്രധാനാധ്യാപകർ



...ത്യു
...S



**ജീമോൾ കെ.**
ഹെഡ്മിസ്ട്രസ്
കോടഞ്ചേരി L.P.S



**സി. ലൗലി റ്റി. ജോർജ്**
ഹെഡ്മിസ്ട്രസ്
കൂടരഞ്ഞി L.P.S



**വത്സമ്മ എ.ജെ.**
ഹെഡ്മിസ്ട്രസ്
പൂതംപാറ L.P.S




**മിനി ജോൺ**
ഹെഡ്മിസ്ട്രസ്
വിളക്കാംതോട് U.P.S



**മേരി പി.ജെ.**
ഹെഡ്മിസ്ട്രസ്സ്
നീലേശ്വരം L.P.S

## ...കർ

## ഹൈസ്ക്കൂൾ അധ്യാപകർ



...ർ വി.
...ടി.
...S



**ഷേർളി മാത്യു**
എച്ച്.എസ്.എസ്.ടി.
വേനപ്പാറ H.S.S



**ലാലി സെബാസ്റ്റ്യൻ**
എച്ച്.എസ്.ടി.
വിലങ്ങാട് H.S



**ജെയിംസ് കെ.സി.**
എച്ച്.എസ്.ടി.
നെല്ലിപ്പൊയിൽ H.S




**ഷേർളി ടി.കെ.**
എച്ച്.എസ്.ടി.
കൂരാച്ചുണ്ട് H.S



**സോമിനി പി.ഡി.**
എച്ച്.എസ്.ടി.
പുല്ലൂരാംപാറ H.S

## പ്രൈമറി സ്കൂൾ അധ്യാപകർ



...യക്
...S



**സഫിയ ടി.**
എച്ച്.എസ്.ടി.
തോട്ടുമുക്കം H.S



**ജോൺസൺ ജോസഫ്**
മ്യൂസിക് ടീച്ചർ
മരുതോങ്കര H.S



**സിൽവി സെബാസ്റ്റ്യൻ**
മ്യൂസിക് ടീച്ചർ
ചെമ്പനോട H.S




**ലിസമ്മ വി. എൽ.**
പി.ഇ.ടി.
കുണ്ടുതോട് H.S



**ത്രേസ്യാമ്മ ജോസഫ്**
യു.പി.എസ്.ടി.
കുളത്തുവയൽ H.S.S

## ...പകർ

## അനധ്യാപകർ



...ൺ



**ബീന പോൾ ഇ.**
ഹിന്ദി ടീച്ചർ
കൂരാച്ചുണ്ട് U.P.S



**റോസ്‌ലിൻ കെ.ജെ.**
എൽ.പി.എസ്.ടി.
കൂരാച്ചുണ്ട് U.P.S



**ബെന്നി സെബാസ്റ്റ്യൻ**
ലാബ് അസിസ്റ്റന്റ്
കൂടരഞ്ഞി H.S.S



**ജോഷി കെ.എം.**
ഓഫീസ് അറ്റൻഡന്റ്
വിലങ്ങാട് H.S



**റോസക്കുട്ടി എം.വി.**
ഓഫീസ് അറ്റൻഡന്റ്
കൂരാച്ചുണ്ട് H.S

## ...സിയുടെ മുൻ മാനേജർമാർ





**ഫാ. ജോസഫ്**
**കളരിക്കൽ**



**ഫാ. സെബാസ്റ്റ്യൻ**
**പുരയിടത്തിൽ**

**THE CORPORATE EDUCATIONAL AGENCY**

Bishop's House,
P.B. No. 1,
Thamarassery P. O.
Calicut - 673573

Phone: 0495 2225617

Email: dotedn@gmail.com
www.corporateschoolstsy.org

## താമരശ്ശേരി രൂപത കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകൾ

### ഹയർ സെക്കൻഡറി സ്കൂളുകൾ

1. സെന്റ് മേരീസ് എച്ച്എസ്എസ് കല്ലാനോട് 2. ഹോളി ഫാമിലി എച്ച്എസ്എസ് കട്ടിപ്പാറ 3. സെന്റ് സെബാസ്റ്റ്യൻ എച്ച്എസ്എസ് കൂടരഞ്ഞി 4. സെന്റ് ജോർജ്ജ് എച്ച്എസ്എസ് കുളത്തുവയൽ 5. സെന്റ് മേരീസ് എച്ച്എസ്എസ് മരുതോങ്കര 6. സേക്രട്ട് ഹാർട്ട് എച്ച്എസ്എസ് തിരുവമ്പാടി 7. സെന്റ് ജോസഫ് എച്ച്എസ്എസ് കോടഞ്ചേരി 8. സെന്റ് ജോസഫ് എച്ച്എസ്എസ് പുല്ലൂരാംപാറ 9. ഹോളി ഫാമിലി എച്ച്എസ്എസ് വേനപ്പാറ 10. സെന്റ് തോമസ് എച്ച്എസ്എസ് കൂരാച്ചുണ്ട് 11. ഹോളി ഫാമിലി എച്ച്എസ്എസ് പടത്തുകടവ്

### ഹൈസ്കൂളുകൾ

1. സെന്റ് ജോസഫ് എച്ച്എസ് ചെമ്പനോട 2. സെന്റ് മേരീസ് എച്ച്എസ് കക്കാടംപൊയിൽ 3. സെന്റ് മേരീസ് എച്ച്എസ് കല്ലാനോട് 4. സെന്റ് ആന്റണീസ് എച്ച്എസ് കണ്ണോത്ത് 5. ഹോളി ഫാമിലി എച്ച്എസ് കട്ടിപ്പാറ 6. സെന്റ് ജോസഫ് എച്ച്എസ് കോടഞ്ചേരി 7. സെന്റ് സെബാസ്റ്റ്യൻ എച്ച്എസ് കൂടരഞ്ഞി 8. സെന്റ് തോമസ് എച്ച്എസ് കൂരാച്ചുണ്ട് 9. സെന്റ് ജോർജ്ജ് എച്ച്എസ് കുളത്തുവയൽ 10. പി. ടി. ചാക്കോ മെമ്മോറിയൽ എച്ച്എസ് കുണ്ടുതോട് 11. സെന്റ് ജോൺസ് എച്ച്എസ് നെല്ലിപൊയിൽ 12. ഹോളി ഫാമിലി എച്ച്എസ് പടത്തുകടവ് 13. സെന്റ് ജോസഫ് എച്ച്എസ് പുല്ലൂരാംപാറ 14. സെന്റ് സെബാസ്റ്റ്യൻ എച്ച്എസ് പുന്നയ്ക്കൽ 15. സേക്രട്ട് ഹാർട്ട് എച്ച്എസ് തിരുവമ്പാടി 16. സെന്റ് ജോർജ് എച്ച്എസ് വിലങ്ങാട് 17. മേരിഗിരി എച്ച്എസ് മരഞ്ചാട്ടി 18. സെന്റ് മേരീസ് എച്ച്എസ് മരുതോങ്കര 19. ഹോളി ഫാമിലി എച്ച്എസ് വേനപ്പാറ

### യുപി സ്കൂളുകൾ

1. സെന്റ് മേരീസ് യുപിഎസ് ആനക്കാംപൊയിൽ 2. നിർമ്മല യുപിഎസ് ചമൽ 3. സെന്റ് ജോസഫ് യുപിഎസ് ചെമ്പനോട 4. ഹോളി ഫാമിലി യുപിഎസ് ചങ്ങരോത്ത് 5. സെന്റ് തോമസ് യുപിഎസ് കല്ലുരുട്ടി 6. സെന്റ് ആന്റണീസ് യുപിഎസ് കണ്ണോത്ത് 7. നസ്രത്ത് യുപിഎസ് കട്ടിപ്പാറ 8. നിർമ്മല യുപിഎസ് കാറ്റുള്ളമല 9. സെന്റ് തോമസ് യുപിഎസ് കൂരാച്ചുണ്ട് 10. വിമല യുപിഎസ് മഞ്ഞുവയൽ 11. സെന്റ് ജോസഫ് യുപിഎസ് മൈലെള്ളാംപാറ 12. വിദ്യാജ്യോതി യുപിഎസ് നെന്മേനി 13. ഫാത്തിമ യുപിഎസ് മരിയാപുരം 14. ലിറ്റിൽ ഫ്ളവർ യുപിഎസ് പശുക്കടവ് 15. ഫാത്തിമ എയുപിഎസ് പെരുവണ്ണാമുഴി 16. ഐ.സി. യുപിഎസ് പൂഴിത്തോട് 17. സെന്റ് ജോസഫ് യുപിഎസ് പുല്ലൂരാംപാറ 18. ലിറ്റിൽ ഫ്ളവർ യുപിഎസ് പുഷ്പഗിരി 19. സെന്റ് തോമസ് യുപിഎസ് തെയ്യപ്പാറ 20. സേക്രട്ട് ഹാർട്ട് യുപിഎസ് തിരുവമ്പാടി 21. ലിറ്റിൽ ഫ്ളവർ യുപിഎസ് വേനപ്പാറ 22. എം. എ. എം. യുപിഎസ് വിളക്കാംതോട്

### എൽ പി സ്കൂളുകൾ

1. സെന്റ് തോമസ് എൽപിഎസ് ആനക്കുളം 2. സെന്റ് ആന്റണീസ് എൽപിഎസ് ചക്കിട്ടപ്പാറ 3. സെന്റ് മേരീസ് എൽപിഎസ് കല്ലാനോട് 4. സെന്റ് മേരീസ് എൽപിഎസ് കരിങ്ങാട് 5. സെന്റ് ജോസഫ് എൽപിഎസ് കോടഞ്ചേരി 6. സെന്റ് സെബാസ്റ്റ്യൻ എൽപിഎസ് കൂടരഞ്ഞി 7. സെന്റ് ജോസഫ് എൽപിഎസ് കൂടത്തായി 8. സെന്റ് ജോർജ്ജ് എൽപിഎസ് കുളത്തുവയൽ 9. സെന്റ് ജോസഫ് എൽപിഎസ്, മാലാപറമ്പ് 10. സെന്റ് മേരീസ് എൽപിഎസ് മരുതോങ്കര 11. സെന്റ് സെബാസ്റ്റ്യൻ എൽപിഎസ് മുത്തപ്പൻപുഴ 12. നസ്രത്ത് എൽപിഎസ് മൂത്തോറ്റിക്കൽ–കട്ടിപ്പാറ 13. പുഷ്പ എൽപിഎസ് നരിനട 14. സെന്റ് തോമസ് എൽപിഎസ് നീലേശ്വരം 15. സെന്റ് ജോസഫ് എൽപിഎസ് പന്തല്ലൂർ 16. സെന്റ് ജോസഫ് എൽപിഎസ് പൂതംപാറ 17. ലിറ്റിൽ ഫ്ളവർ എൽപിഎസ് പുഷ്പഗിരി 18. എഎൽപിഎസ് തലയാട് 19. ഫാത്തിമ മാതാ എൽപിഎസ് തേക്കുംകുറ്റി 20. എം.എ.എം. എൽപിഎസ് വിളക്കാംതോട്

## ബഥാനിയായിൽ നടന്ന അധ്യാപക സംഗമം



## പുതുശോഭയിൽ കോർപ്പറേറ്റ് സ്കൂളുകൾ

കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ പുതുതായി നിർമാണം പൂർത്തിയാക്കിയ സ്കൂൾ കെട്ടിടങ്ങൾ


നസ്രത്ത് എൽപിഎസ് മൂത്തോറ്റിക്കൽ


സെന്റ് സെബാസ്റ്റ്യൻസ് എൽപിഎസ് കൂടരഞ്ഞി



സെന്റ് ജോൺസ് ഹൈസ്കൂൾ നെല്ലിപ്പൊയിൽ


ഫാത്തിമ എയുപിഎസ് പെരുവണ്ണാമൂഴി


സെന്റ് ജോസഫ്സ് എഎൽപിഎസ് പന്തല്ലൂർ


സെന്റ് മേരീസ് ഹൈസ്കൂൾ കക്കാടംപൊയിൽ

# ദാമ്പത്യജീവിതത്തിന്റെ താത്കാലിക വേർപിരിയൽ

## ചോദ്യം ഉത്തരം



**റവ. ഡോ. ഏബ്രഹാം കാവിൽപുരയിടത്തിൽ**

?വിവാഹം ഒരു വ്യക്തിയുടെ കൂടെ ജീവിതാവസാനംവരെ എന്നാണല്ലോ സഭയുടെ പ്രബോധനം. പ്രതിസന്ധികളിലാകുന്ന വിവാഹങ്ങളെല്ലാം സഭാകോടതി അസാധുവാക്കുന്നില്ലല്ലോ? ഒരുമിച്ചുള്ള ജീവിതം തുടരാൻ ദമ്പതികൾക്കു സാധിക്കാത്ത സാഹചര്യത്തിൽ മറ്റെന്തെങ്കിലും മാർഗം സഭാനിയമം നിർദ്ദേശിക്കുന്നുണ്ടോ?

**● കുട്ടപ്പൻ അറപ്പുരക്കൽ**

കത്തോലിക്കാസഭയിൽ വിവാഹമെന്നത് ഒരു വ്യക്തിയുടെ കൂടെ ജീവിതാവസാനംവരെ നിലനില്ക്കേണ്ട ഒരു ബന്ധമാണ്. ഒരേസമയം വിവാഹജീവിതത്തിന്റെ മനോഹാരിതയും വെല്ലുവിളിയുമാണത്. ജീവിതാവസാനംവരെ നിലനിറുത്തേണ്ടതാണ് വിവാഹബന്ധമെങ്കിലും ചില സാഹചര്യങ്ങളിൽ അത് പ്രായോഗികമായി സാധിക്കാതെ വരുന്നുണ്ട്. പരസ്പരബന്ധം തകരുകയും ഒരുമിച്ചുള്ള ജീവിതം സാധ്യമല്ലാതാവുകയുംചെയ്യുന്ന സാഹചര്യങ്ങളിൽ സിവിൽ കോടതികൾ വിവാഹമോചനം നല്കുന്നു. എന്നാൽ ഇത്തരം വിവാഹമോചനങ്ങൾ സഭ അംഗീകരിക്കുന്നില്ല. ദൈവം യോജിപ്പിച്ചതു മനുഷ്യനു വേർപെടുത്താൻ സാധിക്കില്ല എന്നതാണ് സഭയുടെ വ്യക്തമായ നിലപാട്. അതേസമയം, സഭാ കോടതികൾ ചില വിവാഹങ്ങൾ 'പിരിച്ചുവിടാറുണ്ട്'. ചിലവിവാഹങ്ങൾ ചില പ്രത്യേക കാരണങ്ങളാൽ ആരംഭംമുതലേ അസാധുവായിരിക്കും. ഇത്തരം വിവാഹബന്ധങ്ങളിൽ ഒന്നിച്ചുചേർന്നവർ തങ്ങളുടെ ഒരുമിച്ചുള്ള ജീവിതത്തിൽ പ്രശ്നങ്ങൾ ഉടലെടുക്കുമ്പോൾ സഭാകോടതിയെ സമീപിക്കുകയും സഭാകോടതി വിവാഹത്തിന്റെ സാധുത പരിശോധിക്കുകയും വിവാഹത്തെ അസാധുവാക്കുന്ന ഘടകങ്ങൾ ഉണ്ടെന്നു കണ്ടെത്തിയാൽ ആ വിവാഹം അസാധുവെന്നു പ്രഖ്യാപിക്കുകയും ചെയ്യുന്നു. ചോദ്യത്തിൽ ഒരു തിരുത്ത് ആവശ്യമാണ്. സഭാകോടതി ഒരിക്കലും വിവാഹം 'അസാധുവാക്കുന്നില്ല'. മറിച്ച്, ആരംഭംമുതലേ അസാധുവായിരുന്ന വിവാഹം, നടപടികളുടെ പൂർത്തീകരണത്തിൽ അസാധുവെന്നു പ്രഖ്യാപിക്കുകമാത്രമാണ് ചെയ്യുന്നത്.

രണ്ടു വ്യക്തികൾ തമ്മിൽ സഭാനിയമപ്രകാരം നടത്തിയ ഒരു വിവാഹത്തിൽ ക്രമേണ പ്രശ്നങ്ങൾ ഉടലെടുക്കുന്നു എന്നു കരുതുക. വിവാഹം അസാധുവായി പ്രഖ്യാപിക്കാൻ മതിയായ കാരണങ്ങൾ ഇല്ലാത്തതിനാൽ സഭാകോടതിയിൽ നിന്ന് ഒരു നടപടിയും ഉണ്ടാകില്ല. സിവിൽ വിവാഹമോചനത്തിലേക്കു പോകാനുള്ള സാഹചര്യവും നിലവിൽ ഇല്ല. അതേസമയം, ഒരുമിച്ചുള്ള ജീവിതം ഇപ്പോഴത്തെ സാഹചര്യത്തിൽ തുടരാൻ ദമ്പതികൾക്ക് സാധിക്കുന്നുമില്ല. ഇങ്ങനെയുള്ള അവസരങ്ങളിൽ സഭാനിയമം നല്കുന്ന ഒരു സാധ്യതയാണ് വിവാഹബന്ധം നിലനിറുത്തിക്കൊണ്ട് താത്കാലികമായി പിരിഞ്ഞു താമസിക്കാൻ ദമ്പതികൾക്കു നല്കുന്ന അനുവാദം. ഇത്തരം സാധ്യത സാധാരണഗതിയിൽ നമ്മുടെ നാട്ടിൽ ആരും പ്രയോജനപ്പെടുത്താത്തതിനാൽ ഇതിനെക്കുറിച്ച് അധികം ആർക്കും അറിയില്ല എന്നതാണു യാഥാർഥ്യം.

കുടുംബജീവിതത്തിൽ ഒരു പങ്കാളിക്കു സഹിക്കാനും ക്ഷമിക്കാനും സാധിക്കാത്തവിധത്തിലുള്ള പെരുമാറ്റരീതികൾ മറ്റേ വ്യക്തിയുടെ ഭാഗത്തുനിന്ന് ഉണ്ടാകുമ്പോഴാണ് സഭാനിയമം ഇത്തരമൊരു സാധ്യത നല്കുന്നത്. വ്യഭിചാരം, ഒരുമിച്ചുള്ള ജീവിതം അപകടപ്പെടുത്തുന്ന വിധത്തിലുള്ള ഒരു പങ്കാളിയുടെ പെരുമാറ്റം എന്നിവയാണ് ഇങ്ങനെയൊരു വേർപിരിയലിനെ സാധൂകരിക്കുന്ന സാഹചര്യങ്ങളായി നിയമം പറയുന്നത്.

വിവാഹബന്ധത്തിനു നിരക്കാത്ത വ്യഭിചാരബന്ധം പുലർത്തുന്ന ജീവിതപങ്കാളിയോടു കുടുംബത്തിന്റെ നന്മയും മക്കളുടെ ഭാവിയും കണക്കിലെടുത്തു ക്ഷമിക്കാനാണ് സഭ നിരപരാധിയായ ജീവിതപങ്കാളിയോടു ശുപാർശ ചെയ്യുന്നത്. എന്നാൽ, ക്ഷമിക്കാൻ പറ്റാത്ത രീതിയിൽ ആ തെറ്റു തുടരുമ്പോൾ നിരപരാധിയായ ജീവിതപങ്കാളിക്ക് ഒരുമിച്ചുള്ള ജീവിതം അവസാനിപ്പിക്കാൻ നിയമം അവകാശം നല്കുന്നു. ഭർത്താവിനാണ് വ്യഭിചാരബന്ധമുള്ളതെന്നു കരുതുക. ഭർത്താവുമായി ഒരുമിച്ചുള്ള ജീവിതം താത്കാലികമായി നിറുത്തലാക്കാൻ ഭാര്യക്ക് അവകാശം ലഭിക്കണമെങ്കിൽ ചില കാര്യങ്ങൾ ഉറപ്പാക്കേണ്ടതുണ്ട്. ഭർത്താവിന്റെ വ്യഭിചാരജീവിതശൈലിക്കു ഭാര്യ ഒരിക്കലും സമ്മതംനല്കരുത്. ഭർത്താവ് ഇത്തരമൊരു അവിശ്വസ്തതയിലേക്കു പോകാൻ ഭാര്യ കാരണക്കാരിയായിരിക്കരുത്. ഭാര്യയും ഇതേ തെറ്റ് ചെയ്യാൻ പാടില്ല. ഭർത്താവിന്റെ ദാമ്പത്യ അവിശ്വസ്തതയെക്കുറിച്ചു സംഭവം പുറത്തറിഞ്ഞു ആറുമാസത്തിനകം അധികാരികളുടെ പക്കൽ പരാതി നല്കിയിരിക്കണം. ആറുമാസം യാതൊരു നടപടിയും എടുക്കാതിരുന്നാൽ ഭാര്യ ഭർത്താവിനു മാപ്പുനല്കിയതായി കണക്കാക്കപ്പെടും. ആറുമാസത്തിനുള്ളിൽ പരാതിനല്കേണ്ടത് രൂപത മെത്രാന്റെ പക്കലാണ്. പ്രശ്നത്തിന്റെ എല്ലാ വശങ്ങളും പരിശോധിച്ചതിനുശേഷം ദമ്പതികളുടെ വേർപിരിയൽ സ്ഥിരമായി നീണ്ടുപോകാതിരിക്കാൻ വേർപിരിയൽ ആവശ്യപ്പെടുന്ന പങ്കാളിയെ ഉത്ബോധിപ്പിക്കണം (CCEO c. 863; CIC c. 1152).

വ്യഭിചാരത്തിനുപുറമേ ദമ്പതിമാരുടെ പൊതുജീവിതം അവസാനിപ്പിക്കാൻ ന്യായമായ സാഹചര്യങ്ങൾ സഭാനിയമങ്ങൾ വിവരിക്കുന്നുണ്ട്. ഭാര്യാഭർത്താക്കന്മാരുടെ ഒരുമിച്ചുള്ള ജീവിതം അപകടപ്പെടുത്തുന്ന വിധം ഒരാൾ പെരുമാറുകയോ മറ്റേ പങ്കാളിയുടെമേലോ കുട്ടികളുടെമേലോ അന്യായമായ പ്രയാസങ്ങൾ ചുമത്തുകയോ അവരുടെ ശരീരത്തിനോ ആത്മാവിനോ ഗുരുതരമായ അപകടംവരുത്തുന്ന സാഹചര്യം സൃഷ്ടിക്കുകയോ ചെയ്യുകയാണെങ്കിൽ ഒരുമിച്ചുള്ള ജീവിതം വേർപിരിയാനുള്ള ആവശ്യം മറ്റേയാൾക്കു ഉന്നയിക്കാവുന്നതാണ് (CCEO c. 864 §1; CIC c. 1153 §1). മേൽപ്പറഞ്ഞ സാഹചര്യങ്ങൾക്കുപുറമേ, സ്വയാധികാരസഭയുടെ (sui iuris) പ്രത്യേകനിയമത്തിന് ഇങ്ങനെയുള്ള അവസരങ്ങളിൽ മറ്റു കാരണങ്ങൾകൂടി നിശ്ചയിക്കാമെന്നു പൗരസ്ത്യ സഭാനിയമം പറയുന്നു (CCEO c. 864 §2). സീറോമലബാർസഭയുടെ പ്രത്യേകനിയമം ഈ വിഷയത്തിൽ പ്രത്യേക സാഹചര്യങ്ങൾ ഒന്നും കൂടുതലായി നിശ്ചയിച്ചിട്ടില്ല. എന്നാൽ സീറോമലങ്കരസഭയുടെ പ്രത്യേകനിയമം താഴെപ്പറയുന്ന കാരണങ്ങൾ കൂടി നിശ്ചയിച്ചിട്ടുണ്ട്: ക്രൂരത ശാരീരിക പീഡനം, മയക്കുമരുന്നിന്റെ ഉപയോഗം, ഗൗരവമായ മാനസിക പ്രശ്നങ്ങൾ എന്നിവ (കാനൻ 557).

ആരാണ് ദമ്പതികളുടെ ഒരുമിച്ചുള്ള ജീവിതം വേർപിരിക്കാനുള്ള തീരുമാനം നല്കുന്നത്? ഇതിനുള്ള നടപടികൾ ഇരുനിയമസംഹിതകളും കൃത്യമായ നടപടികൾ നിഷ്കർഷിച്ചിട്ടുണ്ട് (CCO cc. 1378-1382; CIC cc. 1692-1696). രൂപതാധ്യക്ഷനാണ് ഇക്കാര്യത്തിൽ ഒരു കല്പനവഴി തീരുമാനം നല്കേണ്ടത് (CCEO c. 864 §1; CIC c. 1153 §1). എന്നാൽ ഇത്തരം ഒരു കല്പന ലഭിക്കാൻ കാലതാമസം നേരിടുകയാണെങ്കിൽ നിരപരാധിയായ കക്ഷിക്കു സ്വന്തംനിലയിൽ വേർപിരിയാനുള്ള തീരുമാനമെടുക്കാനും നിയമം അവകാശം നല്കുന്നുണ്ട്.

ദമ്പതികളുടെ വേർപിരിയൽ സംഭവിച്ചാൽ മക്കളുടെ സംരക്ഷണത്തിനും വിദ്യാഭ്യാസത്തിനും വേണ്ടതെല്ലാം ഒരുക്കാൻ അജപാലനരംഗത്തു പ്രവർത്തിക്കുന്ന വൈദികർ ശ്രദ്ധിക്കേണ്ടതാണ്. ആവശ്യമെങ്കിൽ ഇക്കാര്യത്തിൽ സിവിൽ കോടതിയുടെ തീരുമാനം നിരപരാധിയായ കക്ഷിക്കു തേടാവുന്നതാണ് (CCEO c. 1378 §3; CIC c. 1692 §3).

വിവാഹബന്ധം നിലനില്ക്കുന്നതിനാൽ വേർപിരിഞ്ഞു താമസിക്കുന്നതിനെ സാധൂകരിക്കുന്ന സാഹചര്യങ്ങളിൽ മാറ്റം വരുമ്പോൾ ദാമ്പത്യജീവിതം പുനഃസ്ഥാപിക്കാൻ പരിശ്രമിക്കേണ്ടതാണ്. ഇക്കാര്യത്തിൽ നിരപരാധിയായ ജീവിതപങ്കാളി മറ്റേ വ്യക്തിയെ ദാമ്പത്യ ജീവിതത്തിന്റെ കൂട്ടായ്മയിലേക്ക് സ്വീകരിക്കാനുള്ള വിശാലമനസ്കത കാണിക്കേണ്ടതാണ്. തെറ്റുചെയ്ത ജീവിതപങ്കാളിയോട് ക്ഷമിച്ച് ഒരുമിച്ചുള്ള ജീവിതം വീണ്ടും ആരംഭിക്കാൻ നിരപരാധിയായ കക്ഷി തയ്യാറാകണമെന്നതാണ് നിയമത്തിന്റെ ചൈതന്യം. അങ്ങനെ വീണ്ടും പുതുജീവിതം ആരംഭിക്കുമ്പോൾ വേർപിരിഞ്ഞു താമസിക്കാനുള്ള സാഹചര്യം അവസാനിക്കുകയും ആ പ്രത്യേക തെറ്റിന്റെ അടിസ്ഥാനത്തിൽ വേർപിരിഞ്ഞു താമസിക്കാനുള്ള അവകാശം നഷ്ടമാകുകയും ചെയ്യുന്നു. വീണ്ടും വേർപിരിയണമെങ്കിൽ പുതിയ കാരണം ഉണ്ടായിരിക്കണം (CCEO cc. 864 §3, 866; CIC cc. 1153 §2, 1155). 'ദൈവം യോജിപ്പിച്ചതു മനുഷ്യൻ വേർപെടുത്തരുത്' എന്ന ദൈവകല്പ്പിതമായ വിവാഹബന്ധത്തിൽ സംഭവിക്കുന്ന വിള്ളലുകൾ പരിഹരിക്കാനും തെറ്റുചെയ്യുന്ന വ്യക്തി സൃഷ്ടിക്കുന്ന അപകടകരമായ സാഹചര്യത്തിൽനിന്നകന്നു ജീവിതപങ്കാളിക്കും മക്കൾക്കും സുരക്ഷിതമായ ജീവിതസാഹചര്യം ക്രമീകരിക്കാനും ഒരു താത്കാലിക സംവിധാനം എന്ന നിലയിൽ സഭാനിയമം നല്കുന്ന സാധ്യതയാണ് ദമ്പതികളുടെ താത്ക്കാലികമായ വേർപിരിയൽ. ഈ വേർപിരിയൽ വിവാഹബന്ധം അവസാനിപ്പിക്കാനല്ല, മറിച്ചു, തെറ്റുകൾ തിരുത്താനും ക്ഷമിക്കാനും അതുവഴി ബന്ധം പുതുതായി ആരംഭിക്കാനുള്ള അവസരമാണ്. വിവാഹബന്ധം നിലനില്ക്കുന്നതിനാലും നിലനിൽക്കേണ്ടതിനാലും താത്കാലികമായി വേർപിരിയുന്നതിനുള്ള തീരുമാനമെടുക്കുന്നതു ഗൗരവകരവും ഉത്തരവാദിത്തപരവുമായ ആലോചനക്കും പരിചിന്തനത്തിനും ശേഷമായിരിക്കണം. വിവാഹബന്ധം നിലനില്ക്കുന്നതിനാൽ ദമ്പതികളുടെ ഒരുമിച്ചുള്ള ജീവിതം വീണ്ടും ആരംഭിക്കാൻ അനുകൂലമായ സാഹചര്യം സൃഷ്ടിക്കാൻ ബന്ധപ്പെട്ട എല്ലാവരും ശ്രദ്ധിക്കേണ്ടതുമാണ്.

**ഉപകാരസ്മരണ**



ജിജോ, മിഷിഗൺ

**ഉപകാരസ്മരണ**

**പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന**

പരിശുദ്ധാത്മാവേ എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴി കാണിച്ചു തരികയും എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതിക ആവശ്യങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപ്പെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തുപറയുന്നു. നിത്യ മഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചോദിക്കുന്നു. ആവശ്യം പറയുക.

ജൂണിയ ജയേഷ്, വടകര

**ഉപകാരസ്മരണ**



**വി. യൂദാശ്ലീഹായോടുള്ള നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വിശുദ്ധ യൂദാശ്ലീഹായെ ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമേ. യാതൊരു സഹായവവും ഫലസിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിലും ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്ക് വിശേഷ വിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമേ. ഞങ്ങളുടെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങേ സഹായം ഞങ്ങളപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ സദാ ഞങ്ങൾ ഓർക്കുമെന്നും, അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞങ്ങൾ വാഗ്ദാനം ചെയ്യുന്നു.

**അസാധ്യകാര്യങ്ങളുടെ മദ്ധ്യസ്ഥാ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ**

ഒരു വിശ്വാസി, കുന്നമംഗലം


# രൂപതാ വൈദികരുടെ സ്ഥലംമാറ്റം

**താമരശ്ശേരി രൂപതയിലെ വൈദികരുടെ സ്ഥലം മാറ്റം (2024 മെയ് 12 മുതൽ പ്രാബല്യത്തിൽ). പേരിനൊപ്പം ചേർത്തിരിക്കുന്നത് ചുമതല യേൽക്കുന്ന ഇടവക/ഡിപ്പാർട്ട്മെന്റ്/ സ്ഥാപനം:**

● ഫാ. ജേക്കബ് അരീത്തറ (മേജർ സെമിനാരി, മംഗലപ്പുഴ), ● ഫാ. ഫിലിപ്പ് ചക്കുംമൂട്ടിൽ (മേജർ സെമിനാരി, സത്ന) ● ഫാ. ജോർജ് ചെമ്പരത്തിക്കൽ (സ്റ്റഡി ലീവ്), ● ഫാ. ജോസഫ് ഇടക്കാട്ടിൽ (മഞ്ഞക്കടവ്), ● ഫാ. ജോസഫ് ഏഴാനിക്കാട്ട് (കുമങ്കുളം) ● ഫാ. വിൻസെന്റ് ഏഴാനിക്കാട്ട് (കാക്കവയൽ), ● ഫാ. തോമസ് കളപ്പുര (കുളിരാമുട്ടി), ● ഫാ. ജോർജ് കളപ്പുരയ്ക്കൽ (മരഞ്ചാട്ടി) ● ഫാ. ജോൺ കളപ്പുരയ്ക്കൽ സിഎസ്ടി (അസി. പുഷ്പഗിരി) ● ഫാ. ജോസഫ് കളരിക്കൽ (മേജർ സെമിനാരി വടവാതൂർ), ● ഫാ. തോമസ് കളരിക്കൽ (റെക്ടർ, കുളത്തുവയൽ) ● ഫാ. ജോൺ കളരിപ്പറമ്പിൽ (മഞ്ഞുമല) ● ഫാ. ജോർജ് കളത്തൂർ (പുതുപ്പാടി) ● ഫാ. വർഗീസ് കളത്തൂർ (ചേവായൂർ), ● ഫാ. സെബാസ്റ്റ്യൻ കാരക്കാട്ട് (തോട്ടുമുക്കം) ● ഫാ. അഗസ്റ്റിൻ കിഴക്കരക്കാട്ട് (പന്തല്ലൂർ), ● ഫാ. സൈമൺ കിഴക്കേക്കുന്നേൽ (പാറോപ്പടി), ● ഫാ. കുര്യാക്കോസ് കൊച്ചുകൈപ്പയിൽ (മുതുകാട്), ● ഫാ. മാത്യു കൊല്ലംപറമ്പിൽ (അഡ്മിനിസ്ട്രേറ്റർ അൽഫോൻസാ കോളജ്), ● ഫാ. ജേക്കബ് കുത്തൂർ (ഈസ്റ്റ്ഹിൽ), ● ഫാ. ജേക്കബ് കോയിപ്പുറത്ത് (അഭയഗിരി-പാലൂർ), ഫാ. ജോർജ് കുറ്റിക്കാട്ട് (കാറ്റുള്ളമല) ● ഫാ. ഡൊമിനിക്ക് കുഴിവേലിൽ (ഡയറക്ടർ റിന്യൂവൽ മൂവ്മെന്റ്– ജീസസ് യൂത്ത്), ● ഫാ. അഗസ്റ്റിൻ മച്ചുകുഴിയിൽ (മാവൂർ, ടെംപ്റൻസ് മൂവ്മെന്റ്) ● ഫാ. മാത്യു മംഗലാമഠത്തിൽ (വയലിട) ● ഫാ. സ്കറിയ മങ്കരയിൽ (വേനപ്പാറ- മാനേജർ ക്യാമ്പ്), ● ഫാ. തോമസ് മേലാട്ട് എച്ച്ജിഎൻ (അസി. കോടഞ്ചേരി) ● ഫാ. ജോൺ മൂലയിൽ (മരുതോങ്കര) ● ഫാ. വിൽസൺ മുട്ടത്തുകുന്നേൽ (വിലങ്ങാട്), ● ഫാ. സെബാസ്റ്റ്യൻ പനമറ്റം പറമ്പിൽ (പയ്യനാട്), ● ഫാ. ജോസഫ് പന്തലാടിക്കൽ (അസി.ഡയറക്ടർ ആൽഫ മരിയ), ● ഫാ. തോമസ് പാറൻകുളങ്ങര (ഡയറക്ടർ സിഒഡി) ● ഫാ. ജോസഫ് പീടികയിൽ സിഎസ്ടി (വാണിയമ്പലം) ● ഫാ. ജേക്കബ് പ്ലാക്കൂട്ടത്തിൽ (വടകര), ● ഫാ. പീറ്റർ പുതർമണ്ണിൽ (ബിഷപ്പിന്റെ സെക്രട്ടറി, ഡയറക്ടർ സ്മാർട്ട്, വൊക്കേഷൻ പ്രമോട്ടർ) ● ഫാ. തോമസ് പുലയൻപറമ്പിൽ (അടയ്ക്കാക്കുണ്ട്) ● ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ (നരിനട) ● ഫാ. ജേക്കബ് പുത്തൻപുരയ്ക്കൽ (റെസിഡന്റ് മാനേജർ രാഷ്ട്രദീപിക, ഡിഎഫ്സി, കരുണാ ഹോസ്റ്റൽ, ജീസസ് ഫ്രട്ടേണിറ്റി) ● ഫാ. ഫ്രാൻസിസ് പുതിയേടത്ത് (താഴേക്കോട്), ● ഫാ. കുര്യൻ താന്നിക്കൽ (റെക്ടർ അൽഫോൻസ മൈനർ സെമിനാരി), ● ഫാ. മാത്യു തെക്കേക്കര മറ്റത്തിൽ (ഡയറക്ടർ, കെസിവൈഎം), ● ഫാ. മാത്യു തിട്ടയിൽ (ചെമ്പുകടവ്) ● ഫാ. ജോസ് വടക്കേടം (തലയാട്) ● ഫാ. ജോസഫ് വണ്ടനൂർ എംഎസ്ടി (പനംപ്ലാവ്) ● ഫാ. ജോർജ് വെള്ളയ്ക്കാകുടിയിൽ (ബാലുശ്ശേരി)

## പുസ്തക പരിചയം

### വാക്ക്



വാക്കുകളാൽ ജീവിതം സൃഷ്ടിക്കപ്പെടുന്നു. വാക്കുകളിൽ നാം ബോധപൂർവ്വം വരുത്തുന്ന ചെറിയ മാറ്റങ്ങൾ വലിയ മാറ്റം നമ്മുടെ ജീവിതത്തിൽ ഉണ്ടാക്കുന്നു. നമ്മുടെ പ്രവർത്തനങ്ങളിൽ വിജയം തുടർക്കഥയാകുവാനും ബന്ധങ്ങൾ ഊഷ്മളമാകുവാനും സമൃദ്ധിയും അഭിവൃദ്ധിയും ഐശ്വര്യവും നിറഞ്ഞു തുളുമ്പുവാനും വാക്കുകളുടെ ഉപയോഗക്രമത്തിൽ വരുത്തേണ്ട മാറ്റങ്ങൾ ചൂണ്ടിക്കാണിക്കുന്ന പുസ്തകം. ഗ്രന്ഥകർത്താവ്: സജി എം നരിക്കുഴി, പ്രസാധനം അശ്വിൻ ബുക്സ് ആന്റ് ആൽവിൻ ക്രിയേഷൻസ് കല്ലാനോട്. വില: 333 രൂപ.
കോപ്പികൾക്ക് 9447541934

## കോർപ്പറേറ്റ് സ്കൂളുകളിൽ അധ്യാപക ഒഴിവ്: അപേക്ഷ ക്ഷണിച്ചു

താമരശ്ശേരി രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള വിവിധ സ്കൂളുകളിൽ അടുത്ത വർഷങ്ങളിൽ ഉണ്ടാകാനിടയുള്ള ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ (HSST History), ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ (PET), ഉറുദു ടീച്ചർ (HST & JLT Urdu) ഒഴിവുകളിലേക്ക് നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽനിന്നും അപേക്ഷ ക്ഷണിച്ചു. എഴുത്തു പരീക്ഷ, കൂടിക്കാഴ്ച, പ്രായോഗിക ക്ലാസ്സ്, അക്കാദമിക മികവ് എന്നിവയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് പ്രകാരമാണ് നിയമനം. നിയമാനുസൃത യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് ബയോഡാറ്റ, യോഗ്യത സർട്ടിഫിക്കറ്റുകളുടെ പകർപ്പ് എന്നിവ സഹിതം 2024 ഏപ്രിൽ 15 മുതൽ അപേക്ഷിക്കാം. 2024 മെയ് 15ന് മുമ്പ് അപേക്ഷകൾ താമരശ്ശേരിയിൽ പ്രവർത്തിക്കുന്ന കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി ഓഫീസിൽ ലഭിക്കണം.

കൂടുതൽ വിവരങ്ങൾക്ക്: **0495 2965617**

## സിവിൽ സർവീസ് ഫൗണ്ടേഷൻ കോഴ്സ്

**കുന്നമംഗലം:** ആൽഫാ മരിയാ അക്കാദമിയിൽ സിവിൽ സർവീസ് ഫൗണ്ടേഷൻ കോഴ്സ് ക്ലാസുകൾ ജൂൺ എട്ടു മുതൽ ആരംഭിക്കും. ആറാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയുള്ള കുട്ടികൾക്ക് സ്കൂൾ പഠനത്തോടൊപ്പം പൊതുവിജ്ഞാനം, കറന്റ് അഫേഴ്സ്, പ്രസംഗ പരിശീലനം തുടങ്ങിയ വിഷയങ്ങളിൽ പ്രഗൽഭരായ അധ്യാപകർ പരിശീലനം നൽകും. വിവരങ്ങൾക്ക്: 0495 2962180, 7907028758

# ക്വിസ് കോർണർ 2024

## 2024 മെയ് – ജൂൺ ചോദ്യങ്ങൾ

**ഈ ലക്കത്തിൽ നിന്നുമാണ് ചോദ്യങ്ങൾ തയ്യാറാക്കിയിരിക്കുന്നത്**

1. ബുദ്ധന്റെ യഥാർത്ഥ പേര് എന്ത്?
2. ദേശീയ വിദ്യാഭ്യാസ നയം 2020 പ്രകാരം ദേശീയ വരുമാനത്തിന്റെ എത്ര ശതമാനമാണ് വിദ്യാഭ്യാസത്തിനായി മാറ്റിവയ്ക്കേണ്ടത്?
3. ഔപചാരിക വിദ്യാഭ്യാസത്തിന്റെ പരമമായ ലക്ഷ്യം എന്ത്?
4. സിവിൽ സർവീസ് പരീക്ഷയ്ക്ക് എത്ര തലങ്ങളുണ്ട്?
5. മയക്കുമരുന്നുകൾ ബാധിക്കുന്നത് തലച്ചോറിന്റെ ഏതുഭാഗത്താണ്?
6. താമരശ്ശേരി രൂപത കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി ആരംഭിച്ചത് ഏത് വർഷമാണ്?
7. ഫാ. ജോർജ്ജ ആശാരിപറമ്പിൽ പ്രഥമ ദിവ്യബലി അർപ്പിച്ചത് ഏതു ദേവാലയത്തിലാണ്?
8. അദിലബാദ് രൂപതയുടെ മെത്രാൻ ആര്?
9. മൂന്നാമത് എപ്പാർക്കിയൽ അസംബ്ലിയുടെ ആപ്തവാക്യമെന്ത്?
10. പാലൂർക്കോട്ട സെന്റ് മേരീസ് ഇടവകയുടെ പ്രഥമ വികാരി ആര്?

**ഉത്തരങ്ങൾ 2024 ജൂൺ 20 ന് മുമ്പ് ലഭിക്കണം**

*മാർച്ച് – ഏപ്രിൽ ലക്കം വിജയികളായവർ:*

● ഒന്നാം സമ്മാനം, 1000 രൂപ
**റെനീഷ് തോമസ്**
വിളക്കാംതോട്

● രണ്ടാം സമ്മാനം, 500 രൂപ
**സാജു തോമസ്**
മരിയഗിരി

● മൂന്നാം സമ്മാനം, 250 രൂപ
**അഞ്ജലി ഷാജു**
കുണ്ടുതോട്

ഉത്തരങ്ങൾ അയയ്ക്കേണ്ട വാട്സാപ്പ് നമ്പർ
**97 44 99 5553**

### മാർച്ച് – ഏപ്രിൽ ലക്കം ഉത്തരങ്ങൾ

1.സമഗ്ര 2. ബെനഡിക്ട് 16–ാമൻ 3. ഈജിപ്ത് 4. വിൻഹീൽസ് 5. ബൈസിക്കിൾ തീവ്സ് 6. അലിവും സ്നേഹവും 7. ചാൻസലർ 8. മിലിയ ഡൂബിയ 9. ആൽഫ മരിയ അക്കാദമി 10. വേനപ്പാറ

സമ്മാനങ്ങൾ സ്പോൺസർ ചെയ്യുന്നത്
**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

### ഉത്തരങ്ങൾ ഇവിടെ എഴുതുക

1
2
3
4
5
6
7
8
9
10

പേര്: ..............................
വീട്ടുപേര്: ..............................
ഇടവക: ..............................
ഫോൺ: ..............................

ഇവിടെ മുറിക്കുക

### പൊതുനിർദ്ദേശങ്ങൾ

● പേജിന്റെ വലതു വശത്ത് നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരങ്ങൾ എഴുതി, പേരും വിലാസവും രേഖപ്പെടുത്തി അയക്കേണ്ടതാണ്. ● വാട്സാപ്പിലൂടെ ഉത്തരങ്ങൾ അയക്കുന്നവർ ഉത്തരങ്ങൾ രേഖപ്പെടുത്തിയ ക്വിസ് കോർണർ ഭാഗം മാത്രം ഫോട്ടോ എടുത്തോ സ്കാൻ ചെയ്തോ അയക്കണം. ഉത്തരങ്ങൾ വായിച്ചെടുക്കാൻ പാകത്തിനു വേണം ഫോട്ടോയെടുത്ത് അയക്കാൻ. അവ്യക്തമായ ഉത്തരങ്ങളുള്ളവ പരിഗണിക്കില്ല. ● പേപ്പറുകളിൽ എഴുതിയോ വാട്സാപ്പിൽ ടൈപ്പ് ചെയ്തോ അയക്കുന്ന ഉത്തരങ്ങൾ മത്സരത്തിനായി പരിഗണിക്കുന്നതല്ല.
● **വിലാസം: എഡിറ്റർ, മലബാർ വിഷൻ, പിഎംഒസി, മേരിക്കുന്ന് പി.ഒ, കോഴിക്കോട് 673012.** ● സംശയങ്ങൾക്ക് വിളിക്കുക: **97 44 99 5553**

# കൂട്ടായ്മയുടെ ആഘോഷമായി 'അർപ്പിതം 2024'

▶▶ യേശുവിന്റെ ശരീരത്തെയാണ് ഓരോ സമർപ്പിതരും ശുശ്രൂഷിക്കുന്നത്. കൂട്ടായ്മയോടെ ഒരുമിച്ചു നിൽക്കുന്നത് വലിയൊരു പ്രേഷിത പ്രവർത്തനമാണ്

–മാർ റെമീജിയോസ് ഇഞ്ചനാനിയിൽ



താമരശ്ശേരി രൂപത സംഘടിപ്പിച്ച 'സമർപ്പിതം 2024' വൈദിക, സന്യസ്ത സംഗമത്തിൽ പങ്കെടുത്തവർ ബിഷപ്പുമാരായ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ, മാർ പ്രിൻസ് പാണേങ്ങാടൻ, ചലച്ചിത്രതാരം സിജോയ് വർഗീസ് എന്നിവരോടൊപ്പം

താമരശ്ശേരി രൂപതയുടെ റൂബി ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിച്ച 'അർപ്പിതം 2024' കൂട്ടായ്മയുടെയും സൗഹൃദത്തിന്റെയും ആഘോഷമായി. തിരുവമ്പാടി സേക്രഡ് ഹാർട്ട് ഫൊറോന ചർച്ച് പാരിഷ് ഹാളിൽ നടന്ന സംഗമത്തിൽ ആയിരത്തോളം വൈദികരും സന്യസ്തരും പങ്കെടുത്തു.

സഭയാകുന്ന വലിയ രഹസ്യത്തിലേക്കാണ് ഓരോ സമർപ്പിതരും വിളിക്കപ്പെട്ടിരിക്കുന്നതെന്നും സഭയുടെ തൂണും സത്യത്തിന്റെ കോട്ടയുമാണ് അവരെന്നും ആമുഖ പ്രഭാഷണത്തിൽ ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പറഞ്ഞു.

'യേശുവിന്റെ ശരീരത്തെയാണ് ഓരോ സമർപ്പിതരും ശുശ്രൂഷിക്കുന്നത്. കൂട്ടായ്മയോടെ ഒരുമിച്ചു നിൽക്കുന്നത് വലിയൊരു പ്രേഷിത പ്രവർത്തനമാണ്. പ്രതിസന്ധികളും വെല്ലുവിളികളും എല്ലാ കാലവും ഉണ്ടാകും. അതിനെ നാം സമീപിക്കുന്നത് എങ്ങനെയെന്നതാണ് പ്രധാനം. ദൈവം നമ്മുടെ കൂടെയുണ്ടെന്ന് എപ്പോഴും ഓർക്കണം'– ബിഷപ് കൂട്ടിച്ചേർത്തു.രൂപതയിൽ നിന്ന് വൈദികരും സന്യസ്തരുമായ 3000–ൽ അധികം പേർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സേവനം ചെയ്യുന്നുണ്ട്. അദിലാബാദ് രൂപതാ ബിഷപ് മാർ പ്രിൻസ് പാണേങ്ങാടൻ, ചലച്ചിത്രതാരം സിജോയ് വർഗീസ് എന്നിവർ പ്രസംഗിച്ചു. ഡോ. ജെയിംസ് കിളിയനാനി രചിച്ച രണ്ടു ഗ്രന്ഥങ്ങൾ ചടങ്ങിൽ ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പ്രകാശനം ചെയ്തു.

വികാരി ജനറൽ മോൺ. അബ്രാഹം വയലിൽ, ചാൻസലർ ഫാ. സുബിൻ കാവളക്കാട്ട്, ഫാ. കുര്യൻ പുരമഠം, ഫാ. ജിൽസൺ തയ്യിൽ, ഫാ. അഭിലാഷ് ചിലമ്പിക്കുന്നേൽ എന്നിവർ നേതൃത്വം നൽകി.

## സമർപ്പിതർ വെല്ലുവിളികളെ അതിജീവിക്കേണ്ടവർ: ബിഷപ് മാർ പ്രിൻസ് പാണേങ്ങാടൻ



● പ്രതിസന്ധികൾ അകത്തു നിന്നും പുറത്തു നിന്നും സഭയെ ബലഹീനയാക്കുന്ന കാലമാണിത്. പ്രേഷിത പ്രവർത്തനമാണ് സഭയ്ക്ക് പുതുജീവൻ നൽകാൻ ഏക മാർഗം. പ്രേഷിത ചൈതന്യം കുറഞ്ഞു പോകുമ്പോഴാണ് തകർച്ചകൾ ആരംഭിക്കുന്നത്. ജീവവായുവാണ് പ്രേഷിത പ്രവർത്തനം. പ്രതിസന്ധികളെ തരണം ചെയ്യാൻ പ്രേഷിത ചൈതന്യം വേണം. എല്ലാ സുവിശേഷങ്ങളും അവസാനിക്കുന്നത് പ്രേഷിത പ്രവർത്തനമെന്ന ആഹ്വാനത്തോടെയാണ്. സുവിശേഷം പ്രസംഗിക്കുകയെന്നതാണ് നമ്മുടെ പ്രധാന കടമ. സമൂഹത്തിന്റെ മാറ്റം വേഗത്തിലാണ്. അതിനൊപ്പമെത്താൻ നമുക്ക് കഴിയുന്നില്ല. കാലത്തിന്റെ അടയാളങ്ങൾ തിരിച്ചറിയണം. മാറ്റങ്ങളോടു ക്രിയാത്മകമായി ഇടപെടണം. മാറ്റങ്ങൾ മനസ്സിലാക്കണം. ശക്തമായ പദ്ധതിയോടെ മുന്നോട്ടു പോകണം.



# ഓർമ്മകളിൽ ഫാ. ജോർജ് ആശാരിപറമ്പിൽ

**ഏപ്രിൽ ഏഴിന് അന്തരിച്ച താമരശ്ശേരി രൂപതാ വൈദികൻ ഫാ. ജോർജ് ആശാരിപറമ്പിലിനെ അനുസ്മരിക്കുന്നു**

'ശുശ്രൂഷിക്കാനും ജീവൻ നൽകാനും' എന്ന ആപ്തവാക്യം ജീവിതംകൊണ്ടു കാണിച്ചുതന്ന വൈദികനായിരുന്നു കഴിഞ്ഞ ദിവസം അന്തരിച്ച ഫാ. ജോർജ് ആശാരിപറമ്പിൽ. കുടിയേറ്റത്തിന്റെ ആദ്യനാളുകളിൽ അസൗകര്യങ്ങൾ മാത്രം കൈമുതലായുണ്ടായിരുന്ന ഇടവകകളെ ധീരമായി മുന്നോട്ടു നയിക്കുവാൻ അദ്ദേഹം നടത്തിയ പരിശ്രമങ്ങൾ ഏറെയാണ്. ബന്ധുക്കളോ, പരിചയക്കാരോ ഇല്ലാത്ത മലബാറിലേക്ക് വൈദികനായി വന്ന തന്നെ നിറഞ്ഞ സ്നേഹത്തോടെയാണ് ഇടവകകളെല്ലാം വരവേറ്റതെന്ന് ഫാ. ജോർജ് ആശാരിപറമ്പിൽ ഒരിക്കൽ പറഞ്ഞിട്ടുണ്ട്.

## ദൈവവിളി

കുറവിലങ്ങാട് ഇടവകയിൽ ആശാരിപ്പറമ്പിൽ ചെറിയാൻ-മറിയം ദമ്പതികളുടെ ഒമ്പതു മക്കളിൽ അഞ്ചാമനായി 1937 ഒക്ടോബർ 30-നാണ് ജോർജ് ജനിക്കുന്നത്. മൂവായിരത്തോളം കുടുംബങ്ങളുള്ള സജീവമായ ഇടവകതന്നെയാണ് ജോർജിൽ പൗരോഹിത്യ താൽപ്പര്യം വളർത്തിയത്. പൊതുപ്രവർത്തകനായ അപ്പന് വൈദികരോടുള്ള ബഹുമാനവും സ്നേഹവും മൂത്തപെങ്ങളുടെ പ്രോത്സാഹനവും സെമിനാരിയിൽ ചേരാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു.

1954-ൽ ഉയർന്ന മാർക്കോടെ എസ്എസ്എൽസി പാസായ ജോർജിനെ തലശേരി രൂപതയ്ക്കു വേണ്ടി വൈദികനാകാൻ പ്രേരിപ്പിച്ചത് കുറവിലങ്ങാട് ഇടവക വികാരിയായിരുന്ന ഫാ. തോമസ് മണക്കാട്ടാണ്. തലശേരി രൂപതാ ബിഷപ്പായിരുന്ന മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളിയുടെ ചെറുപ്പകാലത്ത് അദ്ദേഹത്തിന്റെ ഇടവകയിൽ വികാരിയായിരുന്ന ഫാ. തോമസ് ബിഷപ്പിന്റെ ഉറ്റ സ്നേഹിതൻ കൂടിയായിരുന്നു.

പാലാ രൂപതയുടെ മൈനർ സെമിനാരിയിൽ തലശേരി രൂപതയ്ക്കു വേണ്ടി വൈദിക പഠനം ആരംഭിച്ചു. തുടർന്ന് ആലുവാ കർമ്മലഗിരി സെമിനാരിയിൽ മേജർ സെമിനാരി പഠനം തുടർന്നു.

## വിദേശത്തേക്ക്

റോമിലെ പ്രൊപ്പഗാന്ത കോളജിൽ ഒരു സീറ്റ് ഒഴിവുള്ളതായി വള്ളോപ്പിള്ളി പിതാവിന് അറിയിപ്പു കിട്ടുന്നത് ആയിടയ്ക്കാണ്. പഠനത്തിൽ മിടുക്കനായ ജോർജിനെ റോമിലയച്ചു പഠിപ്പിക്കാൻ വള്ളോപ്പിള്ളി പിതാവ് തീരുമാനിച്ചു. ബോംബെയിൽ നിന്ന് വിമാനം കയറി. ഡിസംബർ രണ്ടിന് പാതിരാത്രിയോടെ റോമിലെത്തി. പുറത്തിറങ്ങിയപ്പോൾ കഠിനമായ തണുപ്പു കൊണ്ട് വിറയ്ക്കാൻ തുടങ്ങിയ അദ്ദേഹത്തെ സ്വീകരിക്കാൻ വിമാനത്താവളത്തിൽ എത്തിയത് ജേക്കബ് തൂങ്കുഴി ശെമ്മാശൻ (പിന്നീട് മെത്രാൻ) ആയിരുന്നു. അദ്ദേഹം കൊണ്ടുവന്ന കമ്പിളി വസ്ത്രങ്ങൾ ധരിച്ചാണ് വൈദിക വിദ്യാർത്ഥിയായ ജോർജ് അന്ന് തണുപ്പകറ്റിയത്.

ഡോക്ടറേറ്റ് ഉൾപ്പെടെയുള്ള പഠനങ്ങൾ നടത്തിയത് പ്രൊപ്പഗാന്ത യൂണിവേഴ്സിറ്റിയിലാണ്. പ്രൊപ്പഗാന്ത ഫീദേ കോളജിൽ ഏഴു വർഷവും ഡമഷേനോ കോളജിൽ രണ്ടു വർഷവുമായിരുന്നു പഠനം.

1962 ഡിസംബർ 22-ന് കർദ്ദിനാൾ പീറ്റർ അഗജിയാനിൽ നിന്നു പൗരോഹിത്യം സ്വീകരിച്ചു. പിറ്റേ ദിവസം സെന്റ് പീറ്റേഴ്സ് ബസിലിക്കയിലായിരുന്നു ഫാ. ജോർജിന്റെ പ്രഥമ ദിവ്യബലി. വിമാനക്കൂലി ഭീമമായിരുന്നതിനാൽ ചടങ്ങുകൾക്ക് സാക്ഷിയാകാൻ മാതാപിതാക്കളോ ബന്ധുക്കളോ അന്ന് റോമിലെത്തിയില്ല.


ഫാ. ജോർജ് ആശാരിപറമ്പിൽ

പീയൂസ് പന്ത്രണ്ടാമൻ, ജോൺ ഇരുപത്തി മൂന്നാമൻ, പോൾ ആറാമൻ എന്നീ മാർപാപ്പമാരെ നേരിൽ കാണുവാനും അവരുമായി സംസാരിക്കാനും ഫാ. ജോർജ് ആശാരിപറമ്പിലിന് ഭാഗ്യം ലഭിച്ചു. രണ്ടാം വത്തിക്കാൻ കൗൺസിലിൽ മെത്രാന്മാരുടെ സഹായിയായി നാലു സെഷനുകളിലും പ്രവർത്തിച്ചു.

## മലബാറിലെ കർമരംഗം

പഠനം കഴിഞ്ഞ് തിരിച്ചെത്തിയപ്പോൾ കൂടരഞ്ഞി പള്ളിയിൽ അസിസ്റ്റന്റ് വികാരിയായി ആദ്യ നിയമനം. തുടർന്നു തലശേരി രൂപതാ ചാൻസലറായും വള്ളോപ്പിള്ളി പിതാവിന്റെ സെക്രട്ടറിയായും രണ്ടു വർഷം പ്രവർത്തിച്ചു. നാലു വർഷം തലശേരി മൈനർ സെമിനാരി റെക്ടറായും സേവനമനുഷ്ഠിച്ചു. 1972-ൽ കണ്ണോത്ത് പള്ളിയിൽ വികാരിയായി. തുടർന്ന് തിരുവമ്പാടി, മരുതോങ്കര, കട്ടിപ്പാറ, കല്ലാനോട്, കുണ്ടുതോട്, ചമൽ, മാലാപറമ്പ്, കൂരാച്ചുണ്ട്, മരിയാപുരം, ചക്കിട്ടപ്പാറ, താഴേക്കോട്, വാണിയമ്പലം എന്നീ പള്ളികളിലും വികാരിയായി.

1974 മുതൽ 1981 വരെ തിരുവമ്പാടി വികാരിയായിരുന്നു. പള്ളിക്ക് പുതിയ മുഖവാരവും കുരിശടിയും അക്കാലത്ത് നിർമ്മിച്ചു. തോട്ടത്തിൻകടവ് റോഡ് വീതി കൂട്ടിയത് ഫാ. ജോർജിന്റെ നേതൃത്വത്തിലാണ്. മരുതോങ്കര അങ്ങാടിയിലെ കുരിശുപള്ളി, പള്ളിക്കെട്ടിടം മുതലായവ ഫാ. ജോർജ് വികാരിയായിരുന്നപ്പോൾ നിർമിച്ചവയാണ്. ചമലിൽ അപകടാവസ്ഥയിലായിരുന്ന പള്ളിയുടെ മുഖവാരം പൊളിച്ച് സൗകര്യപ്രദമായ പോർട്ടിക്കോയും മുഖവാരവും പണികഴിപ്പിച്ചു. ചക്കിട്ടപാറയിൽ സ്ഥിരം സ്റ്റേജ്, സെമിത്തേരിയിൽ ചാപ്പൽ മുതലായവ ജോർജച്ചന്റെ കാലത്ത് നിർമ്മിച്ചു. വാണിയമ്പലം പള്ളിയുടെ ഇരുവശത്തും ചാർത്തുണ്ടാക്കി പള്ളി കൂടുതൽ സൗകര്യപ്രദമാക്കി. അച്ചന്റെ പൗരോഹിത്യ സുവർണ ജൂബിലി വാണിയമ്പലം ഇടവകക്കാർ വളരെ ആഘോഷമായാണ് നടത്തിയത്. 2013 മുതൽ മേരിക്കുന്ന് ഗുഡ് ഷെപ്പേഡ് പ്രീസ്റ്റ് ഹോമിൽ വിശ്രമ ജീവിതം നയിച്ചു വരികയായിരുന്നു. 2024 ഏപ്രിൽ ഏഴിന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.

കർണാടകയിൽ നഴ്സിങ് പഠിക്കാം...
സഹായത്തിനുണ്ട് LDS



● ബിഎസ്സി നഴ്സിങ്, ജനറൽ നഴ്സിങ് എന്നിവ പരമാവധി കുറഞ്ഞ ഫീസിൽ യൂണിവേഴ്സിറ്റി, കൗൺസിൽ അംഗീകാരമുള്ള കോളജുകളിൽ അഡ്മിഷന് അവസരം ഒരുക്കുന്നു.
● കോഴ്സ് കാലാവധി തീരുന്നത് വരെ 4 മാസത്തിലൊരിക്കൽ എൽഡിഎസ് ഡയറക്ടർ അച്ചന്റെ നേതൃത്വത്തിൽ കോളജുകൾ സന്ദർശിച്ച് കുട്ടിയുടെ പഠന നിലവാരവും ആത്മീയ കാര്യങ്ങളും വിലയിരുത്തുന്നു.
● പ്ലസ്ടു കൊമേഴ്സ് ഹ്യുമാനിറ്റീസ് കോഴ്സുകൾ തിരഞ്ഞെടുത്തവർക്കും ജനറൽ നഴ്സിങ്ങിന് സ്പോട്ട് അഡ്മിഷൻ

2024 - 2025
അഡ്മിഷനുകൾ
ആരംഭിച്ചു

LEADERSHIP DEVELOPING SOCIETY (LDS)
A VENTURE OF THAMARASSERY DIOCESE
Reg. No. KKD/CA/1055/2012 Thamarassery PO, Kozhikode 673 573
Email: ldsthamarassery@gmail.com
SHINOJ P.C. (Manager) Mob: 9447929223, 8075780754
Fr. Sai Parankulangara (Director) Mob: 9544285018

യൂറോപ്പ് – മരിയൻ തീർത്ഥയാത്ര
● വത്തിക്കാൻ ● സ്വിറ്റ്സർലന്റ് ● ഇറ്റലി ● ബെൽജിയം
● പോർച്ചുഗൽ ● ജർമ്മനി ● ഫ്രാൻസ് ● സ്പെയ്ൻ ● ഹോളണ്ട്



മാർപാപ്പയെ കാണാൻ സുവർണ്ണാവസരം
കൊളോസിയം, വത്തിക്കാൻ മ്യൂസിയം, കാറ്റക്യൂമ്പ്സ്, സെന്റ് പീറ്റേഴ്സ് ബസിലിക്ക, സിസ്റ്റെയ്ൻ ചാപ്പൽ, പിസ, അസീസി, വെനീസ്, പാദുവ, മിലാൻ കത്തീഡ്രൽ, മൗണ്ട് റ്റിറ്റ്ലീസ്, ആംസ്റ്റർഡാം, ബ്രസൽസ്, ലിസ്യൂ, നോർത്തഡാം കത്തീഡ്രൽ, ഈഫൽ ടവർ, ലൂർദ്ദ്, ഫാത്തിമ
2024 ഒക്ടോബർ മാസം പുറപ്പെടുന്നു

ഡൽഹി – ആഗ്ര – അമൃത്സർ യാത്ര
● 2 രാത്രി ഡൽഹി ● 2 രാത്രി അമൃത്സർ ● 1 രാത്രി ആഗ്ര
ഇന്ത്യാഗേറ്റ്, ചെങ്കോട്ട, ഗോൾഡൻ ടെമ്പിൾ, ജാലിയൻ വാലാ ബാഗ്, വാഗാ ബോഡർ, ആഗ്രാ ഫോർട്ട്, താജ്മഹൽ, അക്ഷർദാം ടെമ്പിൾ, രാഷ്ട്രപതി ഭവൻ, ലോട്ടസ് ടെമ്പിൾ, കുത്തബ് മിനാർ...
2024 സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ പുറപ്പെടുന്നു.

ഗോവ തീർത്ഥയാത്ര
യാത്രയടക്കം മൂന്ന് രാത്രി 2 പകൽ. കോഴിക്കോട് നിന്ന് ഗോവക്കും തിരിച്ചും ട്രെയിൻ യാത്ര
2024 ഒക്ടോബർ മാസം പുറപ്പെടുന്നു.

Contact : Fr. Sai Parankulangara: 9544 28 50 18

# സ്വപ്നസാക്ഷാത്ക്കാരമായി പാലൂർക്കോട്ട സെന്റ് മേരീസ് ദേവാലയം



## പാലൂർക്കോട്ട ഇടവക നാൾവഴികളിലൂടെ

കുടിയേറ്റ മേഖലയായ മാലാപറമ്പിൽ 1980–ൽ അന്നത്തെ വികാരിയായിരുന്ന ഫാ. സിറിയക് വാഴയിലിന്റെ കാലത്ത് ചിറക്കടവിൽ ആഗസ്തി സൗജന്യമായി നൽകിയ 12 സെന്റ് സ്ഥലത്ത് ഒരു കുരിശുപള്ളി സ്ഥാപിച്ചതോടെയാണ് പാലൂർക്കോട്ട ഇടവക ചരിത്രത്തിന്റെ തുടക്കം. തുടർന്ന് 1988–ൽ അന്നത്തെ വികാരി ഫാ. ജോസഫ് മണ്ണൂർ സ്വന്തമായി പണം കണ്ടെത്തി പാലൂർക്കോട്ട കുരിശു പള്ളിക്കായി 2 ഏക്കർ സ്ഥലം വാങ്ങുകയും പുതിയ കുരിശുപള്ളി സ്ഥാപിക്കുകയും ചെയ്തു.


1990 മുതൽ മാലാപറമ്പ് പള്ളി വികാരിയായി വന്ന ഫാ. അലക്സ് മണക്കാട്ടു മറ്റം എല്ലാ ഞായറാഴ്ചകളിലും പ്രദേശത്തെ വിശ്വാസ സമൂഹത്തിനായി വിശുദ്ധ കുർബാന അർപ്പിച്ചു പോന്നു. പിന്നീട് 1995–2000 കാലഘട്ടത്തിൽ ഫാ. ജോസഫ് അരഞ്ഞാണിപുത്തൻപുരയും 2000–2003 കാലയളവിൽ ഫാ. ജോർജ്ജ് ആശാരിപറമ്പിലും 2003– 2006 കാലത്ത് ഫാ. വർഗീസ് ചക്കുങ്കലും സേവനം തുടർന്നു.

2006–2010 കാലത്ത് ഫാ. ബെന്നി കൊച്ചുമുണ്ടൻമലയിൽ പാലൂർക്കോട്ട ഭാഗത്തെ കുടുംബ യൂണിറ്റുകൾ ശക്തിപ്പെടുത്തുകയും പാലൂർക്കോട്ട ഇടവകയെന്ന സ്വപ്നത്തിലേക്കുള്ള ചിന്തകൾ തുടങ്ങുകയും ചെയ്തു. 2010 മുതൽ 2015 വരെ വികാരിയായിരുന്ന ഫാ. ജോർജ്ജ് കഴിക്കച്ചാലിൽ പാലൂർകോട്ട ഇടവകക്കായി മനോഹരമായ സെമിത്തേരി നിർമ്മാണം പൂർത്തിയാക്കി. ഈ കാലഘട്ടത്തിൽ അമലോത്ഭവ മാതാവിന്റെ തിരുനാൾ ആഘോഷപൂർവ്വം കൊണ്ടാടാനും തുടങ്ങി. തുടർന്ന് മാലപറമ്പ് വികാരിയായിരുന്ന ഫാ. സെബാസ്റ്റ്യൻ വടക്കേൽ (2015 – 2018) പള്ളിമുറി പണി ആരംഭിച്ചു. അസി. വികാരിയായിരുന്ന ഫാ. ചെറിയാൻ പൊങ്ങൻപാറ നേതൃത്വം നൽകി. 2015 ഡിസംബർ 8–ന് പാലൂർക്കോട്ട കുരിശുപള്ളിയെ സ്വതന്ത്രകുരിശുപള്ളിയായി ഉയർത്തി. തുടർന്ന് ചുരുങ്ങിയ കാലയളവിൽ ഫാ. സെബാസ്റ്റ്യൻ കാരക്കൽ ആത്മീയ നേതൃത്വം നൽകി.

2018 ജനുവരിയിൽ ആദ്യവികാരിയായി ഫാ. ജോമോൻ പാട്ടശ്ശേരിൽ നിയമിതനാവുകയും അതേ വർഷം ഡിസംബർ 8–ന് പാലൂർക്കോട്ടയെ സ്വതന്ത്ര ഇടവകയായി ഉയർത്തുകയും ചെയ്തു. സെമിത്തേരിയും, പള്ളിമുറിയും ഇടവകയും യാഥാർത്ഥ്യമായതോടെ പുതിയ ദേവാലയം എന്ന ചിന്തയും ഇടവകാഗങ്ങൾക്കിടയിൽ ഉയർന്നു. പുതിയ ദേവാലയ നിർമ്മാണത്തിനായി വിശുദ്ധ കുർബാന മധ്യേ ഇടവകാംഗങ്ങളിൽ നിന്ന് പ്രത്യേക സ്തോത്രകാഴ്ച സ്വീകരിക്കാൻ തുടങ്ങി. ഫാ. ജോമോൻ പാട്ടശ്ശേരിയുടെ നേതൃത്വത്തിലാണ് പുതിയ ദേവാലയ നിർമ്മാണമെന്ന സ്വപ്നത്തിലേക്കുള്ള കൂടുതൽ പ്രവർത്തനങ്ങൾ തുടങ്ങിയത്.

2019 നവംബർ ഒന്നിന് അഭിവന്ദ്യ റെമീജിയോസ് പിതാവ് പുതിയ ദേവാലയത്തിന്റെ ശിലാസ്ഥാപനം നടത്തി. ദൈവനിയോഗം ഏറ്റെടുത്ത് ഇടവകാ സമൂഹത്തിന്റെയും വിശ്വാസികളുടെയും പിന്തുണയോടെ നിർമാണം പൂർത്തിയാക്കി 2024 ഏപ്രിൽ 23–ന് അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് ദേവാലയത്തിന്റെ കൂദാശാകർമ്മം നിർവഹിച്ചു.

## ആശംസ



പരിശുദ്ധ ദൈവമാതാവിന്റെ നാമത്തിൽ സ്ഥാപിതമായ പാലൂർക്കോട്ട ഇടവക ഒരു കുടുംബമായി പുതിയ ദൈവാലയത്തിന്റെ കൂദാശാ കർമ്മത്തിന് ഒരുങ്ങുമ്പോൾ ഒരു ഭക്തന്റെ ജീവിതത്തിൽ ദൈവാലയത്തിനുള്ള സ്ഥാനം വ്യക്തമാക്കുന്ന സങ്കീർത്തന വചനമാണ് മനസിൽ തെളിയുന്നത്. 'ക്ലേശകാലത്ത് അവിടുന്ന് തന്റെ ആലയത്തിൽ എനിക്ക് അഭയം നൽകും; തന്റെ കൂടാരത്തിനുള്ളിൽ എന്നെ ഒളിപ്പിക്കും; എന്നെ ഉയർന്ന പാറമേൽ നിർത്തും' (സങ്കീ. 27:5) 1980–ൽ സിറിയക്ക് വാഴയിലച്ചൻ, ചിറക്കടവിൽ ആഗസ്റ്റി സൗജന്യമായി നൽകിയ 12 സെന്റ് സ്ഥലത്ത് ഒരു കുരിശുപള്ളി നിർമ്മിച്ചതോടെ ആരംഭിച്ച പാലൂർക്കോട്ട ഇടവകയുടെ ചരിത്രം ബഹുമാനപ്പെട്ട ജോസഫ് മണ്ണൂരച്ചന്റെ ദീർഘവീക്ഷണത്തിലൂടെ കരുത്താർജിച്ചു. തുടർന്ന് ശുശ്രൂഷ ചെയ്ത ഓരോ വൈദികരുടെയും ത്യാഗത്തിന്റെയും ആത്മസമർപ്പണത്തിന്റെയും ഫലങ്ങൾ ഒപ്പിയെടുത്ത് വളർന്ന് പന്തലിച്ചു നിൽക്കുമ്പോൾ ദൈവം ചൊരിയുന്ന നന്മകളെ കൃതജ്ഞതയോടെ ഓർക്കാം. ദൈവാലയം കൂദാശചെയ്തു സമർപ്പിക്കുമ്പോൾ ഒരു വിശ്വാസസമൂഹത്തിന്റെ സ്വപ്നങ്ങളാണ് പൂവണിയുന്നത്. ഇടവക കുടുംബത്തിന്റെ സ്നേഹത്തിന്റെയും, കൂട്ടായ പരിശ്രമത്തിന്റെയും, തികഞ്ഞ വിശ്വാസത്തിന്റെയും, നിശ്ചയദാർഢ്യത്തിന്റെയും, ആത്മാർത്ഥമായ പ്രാർത്ഥനയുടെയും ബഹിർസ്ഫുരണമാണത്.

മനോഹരമായ ഈ ദേവാലയ നിർമ്മിതിക്കായി അത്യധ്വാനം ചെയ്ത ഇടവക സമൂഹത്തിന്റെ ശ്രേഷ്ഠമാതൃക തീർച്ചയായും വരും തലമുറകളെ പ്രചോദിപ്പിക്കും. കൂട്ടായ്മയും ദൈവികപരിപാലനയിലുള്ള ആശ്രയത്വവും ഉറച്ച വിശ്വാസവും നിലനിർത്തി പാലൂർക്കോട്ട ഇടവക സമൂഹത്തിന് ഇനിയും വളരാൻ സാധിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. ഇടവക സമൂഹത്തെ മുഴുവൻ ഒറ്റക്കെട്ടായി നിർത്തി മനോഹരമായ ഇടവക ദേവാലയം പണികഴിപ്പിച്ച ഇടവക വികാരി ബഹു. സെബാസ്റ്റ്യൻ പാട്ടശ്ശേരിയച്ചനും നിർമ്മാണ കമ്മിറ്റി അംഗങ്ങൾക്കും ഇതിൽ സഹകാരികളായ എല്ലാവർക്കും പ്രത്യേകം അഭിനന്ദനങ്ങൾ. ഇടവകയുടെ ജീവസ്രോതസ്സായ പുതിയ ദേവാലയം ആത്മീയ ഉണർവിന്റെയും ആശ്വാസത്തിന്റെയും ദൈവാനുഗ്രഹത്തിന്റെയും കേന്ദ്രമായിരിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
(താമരശ്ശേരി രൂപതയുടെ മെത്രാൻ)




"ഇവിടെ നിന്നും ഉയരുന്ന പ്രാർത്ഥനകൾക്കുനേരെ എന്റെ കണ്ണും കാതും ജാഗരൂകമായിരിക്കും" (2ദിന. 7:15) ഈ ഇടവക സമൂഹത്തിൽ നിന്നും ഉയർന്ന പ്രാർത്ഥനകൾക്ക് കാതോർത്ത നല്ല തമ്പുരാൻ പാലൂർക്കോട്ടക്കാർക്ക് കനിഞ്ഞുനൽകിയ അനുഗ്രഹമാണ് പുതിയ ഇടവക ദേവാലയം. പ്രതിസന്ധികൾ ഏറെ ഉണ്ടായിട്ടും അതിനെ അതിജീവിച്ച് മുന്നോട്ട് നീങ്ങാൻ 'ഇമ്മാനുവേലാ'യ ദൈവം എന്നും ഞങ്ങളുടെ കൂടെയുണ്ടായിരുന്നു. ദേവാലയ നിർമ്മാണത്തിന്റെ തുടക്കം മുതൽ ഈ നിമിഷം വരെ തമ്പുരാന്റെ കരുതലിന്റെയും തണലിന്റെയും കരം ഞങ്ങളോടൊപ്പമുണ്ടായിരുന്നു. ഇടവക സമൂഹത്തിന്റെ കൂട്ടായ്മയുടെയും ത്യാഗത്തിന്റെയും, കഠിനാധ്വാനത്തിന്റയും പ്രാർത്ഥനയുടെയും ഫലമാണ് പൂർത്തിയായത്. 2019 നവംമ്പർ 1–ന് ആരംഭിച്ച ദേവാലയ നിർമ്മാണത്തിൽ പ്രാർത്ഥന വഴിയും സാമ്പത്തികമായും സാന്നിധ്യം വഴിയും കൂടെ നിന്ന് സഹായിച്ച എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. തമ്പുരാൻ ഇനിയും അവിടുത്തെ അനുഗ്രഹങ്ങൾ നമ്മുടെ മേൽ ചൊരിയട്ടെ. പരിശുദ്ധ അമ്മ തന്റെ മാധ്യസ്ഥത്താൽ തമ്പുരാനിൽ നിന്നും നമുക്കാവശ്യമായ അനുഗ്രഹങ്ങൾ ചൊരിയട്ടെ.

**ഫാ. ജോമോൻ പാട്ടശ്ശേരിൽ** (വികാരി)




ബിനു പി.ജെ
പച്ചിലമാക്കൽ (ട്രസ്റ്റി)



ജോസഫ് കെ.എം
കൂത്രപ്പള്ളി (ട്രസ്റ്റി)



തോമസ് കെ.കെ
കരിയംപള്ളി (ട്രസ്റ്റി)



ജോബി
ചെന്നിക്കര (ട്രസ്റ്റി)



ജോസഫ് കെ.എസ്
കൊച്ചിത്ര
(പാരിഷ് സെക്രട്ടറി)



അരുൺ
വട്ടക്കുടിയിൽ
(ദേവാലയ ശുശ്രൂഷി)

# സിവിൽ സർവീസ് പരീക്ഷയ്ക്ക് ഒരുങ്ങാം

**കോഴിക്കോട് ഡെപ്യൂട്ടി കലക്ടറായ ഷാമിൻ സെബാസ്റ്റ്യൻ സിവിൽ സർവീസ് പരീക്ഷാ ഒരുക്കത്തെക്കുറിച്ച് വിവരിക്കുന്നു**

## വിദ്യാധനം



**ഷാമിൻ സെബാസ്റ്റ്യൻ**
(ഡെപ്യൂട്ടി കലക്ടർ, കോഴിക്കോട്)




സിവിൽ സർവീസിൽ പ്രവേശിക്കുകയെന്നത് കുട്ടിക്കാലം മുതലുള്ള ആഗ്രഹമായിരുന്നുവെങ്കിലും ഈ മോഹം തീക്ഷ്ണമായത് കോളജ് വിദ്യാഭ്യാസം പൂർത്തിയാക്കിയ അവസരത്തിലാണ്. ഇൻഫോസിസിൽ ജോലി ലഭിച്ച ശേഷവും ഈ ആഗ്രഹം ശക്തമായി തുടർന്നപ്പോഴാണ് ഞാൻ ജോലി രാജിവച്ച് സിവിൽ സർവീസ് പരീക്ഷയ്ക്ക് തയാറെടുപ്പ് തുടങ്ങിയത്. സിവിൽ സർവീസ് പരീക്ഷയ്ക്ക് ഇറങ്ങിപ്പുറപ്പെടുമ്പോൾ ചെറുപ്പം മുതലുണ്ടായിരുന്ന വായനാശീലവും ആത്മവിശ്വാസവും മാത്രമായിരുന്നു തുണ.

ആഴത്തിലും പരപ്പിലുമുള്ള വായനയാണ് സിവിൽ സർവീസ് പരീക്ഷയ്ക്കുള്ള ആദ്യപടി. മൂന്നു തലങ്ങളിലായാണ് സിവിൽ സർവീസ് പരീക്ഷ. പ്രിലിമിനറി, മെയിൻസ്, ഇന്റർവ്യൂ.

ഒബ്ജക്റ്റീവ് മാതൃകയിലുള്ള പ്രിലിമിനറി പരീക്ഷയ്ക്ക് ചരിത്രം, ഭൂമിശാസ്ത്രം, ഇന്ത്യൻ ഭരണഘടന, സാമ്പത്തികശാസ്ത്രം, ശാസ്ത്രവിഷയങ്ങൾ, പരിസ്ഥിതി, കല, സാഹിത്യം, സംസ്കാരം മുതലായ മേഖലകളിൽ നിന്നുള്ള ചോദ്യങ്ങളോടൊപ്പം ആനുകാലിക സംഭവ വികാസങ്ങളിൽ നിന്നുള്ള ചോദ്യങ്ങളും തുല്യപ്രാധാന്യത്തോടു കൂടി ചോദിക്കും. അതുകൊണ്ടു തന്നെ പുസ്തക വായനയോടൊപ്പം ഏതെങ്കിലും ഒരു ഇംഗ്ലീഷ് ദിനപത്രം നിഷ്ഠയോടെ വായിക്കുകയും അവ കുറിപ്പുകളായി സൂക്ഷിക്കുകയും ചെയ്തിരുന്നു.

പ്രിലിമിനറിയിൽ വിജയിച്ചവർക്ക് മാത്രമേ മെയിൻസ് പരീക്ഷ എഴുതുവാൻ സാധിക്കുകയുള്ളൂ. മെയിൻസ് പരീക്ഷ ഡിസ്ക്രിപ്റ്റീവ് മാതൃകയിൽ ഉള്ളതാണ്. അതായത്, വസ്തുത അറിഞ്ഞാൽ മാത്രം പോരാ, അതെക്കുറിച്ച് നമ്മുടെ അഭിപ്രായങ്ങളും ചേർത്തുവേണം ഓരോ ഉത്തരവുമെഴുതാൻ. റാങ്ക് നിശ്ചയിക്കുന്നത് മെയിൻസിന്റെയും ഇന്റർവ്യൂവിന്റെയും മാർക്കുകളുടെ അടിസ്ഥാനത്തിലാണ്. അതുകൊണ്ട് തന്നെ കാഴ്ചപ്പാടും നിലപാടുകളും വ്യക്തമാക്കുന്ന രീതിയിലുള്ള ഉത്തരങ്ങളായിരിക്കണം എഴുതേണ്ടത്. മേൽ പ്രതിപാദിച്ച വിഷയങ്ങളിൽ നിന്നാണ് മെയിൻസ് പരീക്ഷയ്ക്കുള്ള ചോദ്യങ്ങൾ വരിക. വിശദമായ ഉത്തരങ്ങൾ ആവശ്യമുള്ളതിനാൽ, പുസ്തകങ്ങളോടൊപ്പം ഒന്നോ, രണ്ടോ ആനുകാലിക മാസികകൾ വായിക്കുന്നത് നിങ്ങളുടെ ആശയങ്ങൾക്ക് കൃത്യതയും തെളിമയും നൽകും.

മെയിൻസ് പരീക്ഷ പാസായവർക്കു മാത്രമേ അഭിമുഖ പരീക്ഷ ഉണ്ടാവുകയുള്ളു. യുപിഎസ്സി ചെയർമാനും മുതിർന്ന ഐഎഎസ് ഉദ്യോഗസ്ഥന്മാരുമടക്കം അഞ്ചു പേരടങ്ങിയ പാനലാണ് അഭിമുഖം നടത്തിയത്. പ്രിലിമിനറിക്കും മെയിൻസ് പരീക്ഷയ്ക്കും രാജ്യ-രാജ്യാന്തര തലത്തിലുള്ള സംഭവ വികാസങ്ങളിൽ നിന്നുമാണ് ചോദ്യങ്ങളെങ്കിൽ അഭിമുഖ പരീക്ഷയ്ക്ക് നേരെ മറിച്ചാണ്. നമ്മുടെ സംസ്ഥാനത്തെപ്പറ്റിയും ജില്ലയെപ്പറ്റിയുമാണ് ചോദ്യങ്ങൾ ഏറെയും.

പത്രവായനയുടെ പ്രാധാന്യത്തെക്കുറിച്ച് ഊന്നൽ നൽകിക്കൊണ്ട് പറയട്ടെ, അന്നേ ദിവസത്തെ പത്രത്തിൽ നിന്നുവരെ ചോദ്യങ്ങൾ ഉണ്ടായിരുന്നു. സർക്കാരും കോടതിയും കൈക്കൊണ്ട തീരുമാനത്തിനെതിരായി ഞാൻ അഭിപ്രായം പറയുകയുണ്ടായെങ്കിലും എന്തുകൊണ്ട് അങ്ങനെയൊരു നിലപാട് ഞാൻ കൈക്കൊണ്ടു എന്ന് സമർത്ഥിക്കാൻ കഴിഞ്ഞതിനാൽ ആദ്യം എതിർത്ത പാനലംഗങ്ങൾ പിന്നീട് എന്നെ അഭിനന്ദിച്ചു. നമ്മുടെ അഭിപ്രായങ്ങൾ കൃത്യമായി സമർത്ഥിക്കുക എന്നതാണ് പ്രധാനം. ഒരിക്കൽ പ്രകടിപ്പിച്ച അഭിപ്രായം പാനലിന്റെ സമ്മർദ്ദത്തിനു വഴങ്ങി മാറ്റിയാൽ അത് വളരെയേറെ ദോഷം ചെയ്യും. വളരെ ആത്മവിശ്വാസത്തോടെയും ധൈര്യത്തോടെയും വേണം അഭിമുഖപരീക്ഷയെ നേരിടാൻ. ഈ മൂന്നു കടമ്പകളും കഴിഞ്ഞാലാണ് റാങ്ക് ലിസ്റ്റിൽ ഇടം നേടുക.

സിവിൽ സർവീസ് ബാലികേറാമലയല്ല. ചിട്ടയായ വായനയോടും പഠനത്തോടും ഒപ്പം വായിച്ച കാര്യങ്ങളുടെ കുറിപ്പെഴുതി സൂക്ഷിക്കുന്നതും അവയുടെ അപഗ്രഥനം നടത്തുന്നതും ശീലമാക്കാം. ആദ്യത്തെ ഒന്നോ, രണ്ടോ ഉദ്യമങ്ങളിൽ പരാജയപ്പെട്ടാലും മനസ് തളരാതെ തെറ്റുകൾ തിരുത്തിക്കൊണ്ട് മുന്നേറിയാൽ സിവിൽ സർവീസ് കൈയെത്തിപ്പിടിക്കാവുന്നതേ ഉള്ളൂ.




VIMALA BOOK CENTRE
AMALAPURI, KOZHIKODE - 673 001
ക്രിസ്തീയ ഭക്തവസ്തുക്കളുടെ ശേഖരം
തിരുവസ്ത്രങ്ങൾ, രൂപങ്ങൾ, സക്രാരി,
കാസ, പിലാസ, ഫോട്ടോ ഫ്രെയിം,
പ്രാർത്ഥനാ പുസ്തകങ്ങൾ
ജപമാല, ഭക്തവസ്തുക്കൾ Etc..
TIME: 9.30 AM TO 6.00 PM
+91 8089 423 888/0495 276 12 07





### ഉപകാരസ്മരണ



ഒരു വിശ്വാസി, ആനക്കാംപൊയിൽ




**പ്രൊഫ. കെ. ജെ. മാത്യു & മേരിക്കുട്ടി മാത്യു**
**കൂനംതടത്തിൽ, ചക്കിട്ടപാറ**

ഞങ്ങളുടെ ജീവിതത്തിന് മാതൃകയായ ചാച്ചക്കും അമ്മയ്ക്കും സ്നേഹം നിറഞ്ഞ ആശംസകൾ

Subin Mathew & Dr. Hima Subin, Mathew, Rahel
Dr. Bipin Mathew & Dr. Theres Mathew, Edwin Mathew
Sudeep George Thekkanattu & Dr. Merin Sudeep




NBA NATIONAL BOARD of ACCREDITATION — Accredited Programmes in CE CH CS EC EE ME MCA

Accredited by NAAC NATIONAL ASSESSMENT AND ACCREDITATION COUNCIL

B TECH | M TECH | BCA | MCA | Ph D

+ Six NBA accredited B Tech & MCA Programs
+ NEXA Future Ready Lab for Future Technologies
+ Startups Valley augmented with 2 TBIs worth ₹ 8.53 crores
+ AICTE IDEA Lab ₹ 1.28 crores

Approved By: AICTE · Affiliated to: KTU

MANAGED BY THE CATHOLIC DIOCESE OF KANJIRAPPALLY

+ nirf-Innovation BAND 101-150
National Institutional Ranking Framework for Innovation
Ministry of Education, Government of India

## PROGRAMMES OFFERED

| B Tech / B Tech Honours | Seats |
|---|---|
| Artificial Intelligence & Data Science (AD) | 60 |
| Chemical Engineering (CH) | 60 |
| Civil Engineering (CE) | 60 |
| Computer Science & Engineering (CS) | 180 |
| Electrical & Electronics Engineering (EE) | 60 |
| Electronics & Communication Engineering (EC) | 120 |
| Food Technology (FT) | 60 |
| Information Technology (IT) | 60 |
| Mechanical Engineering (ME) | 60 |
| Mechanical Engineering (Automobile) (MA) | 60 |
| Metallurgical & Materials Engineering (MG) | 30 |
| Computer Science & Engineering (Cyber Security) (CY) * | 30 |

| Ph D | |
|---|---|
| Chemical Engineering | Mechanical Engineering |
| Civil Engineering | Physics, Chemistry |
| Computer Science & Engineering | Computer Applications |
| Electronics & Communication Engg | Mathematics |
| Electrical & Electronics Engg | Nanotechnology |

| M Tech | Seats |
|---|---|
| Computer Science & Engineering | 12 |
| Electric Vehicle Technology * | 12 |
| Energy Systems | 12 |
| Structural Engineering & Construction Management | 12 |
| Computer-Aided Structural Engineering | 12 |
| Environmental Engineering | 12 |
| VLSI Design & Embedded Systems * | 12 |

| BCA, Int. MCA & MCA | Seats |
|---|---|
| Bachelor of Computer Applications (4 years) * | 60 |
| Master of Computer Applications (Integrated - 5 years after 10+2) | 60 |
| Master of Computer Applications (Regular - 2 years) | 60 |

| Bachelor of Vocation (B Voc) | Seats |
|---|---|
| B Voc in Water, Sanitation and Waste Management * | 30 |

** Subject to approval of the sanctioning authorities*

KERALA'S LARGEST INFRASTRUCTURE FOR ENGINEERING EDUCATION

SKILL CENTERS & MoU PARTNERS: BOSCH, EICHER, ROYAL ENFIELD, JK TYRE, YAMAHA, srh Berlin University of Applied Sciences, सी डैक CDAC, SRC KERALA, DIGITAL CORE TECHNOLOGIES, RED HAT ACADEMY, aws academy Member Institution, GDAŃSK UNIVERSITY OF TECHNOLOGY, Elmhurst University, JAMES COOK UNIVERSITY AUSTRALIA

VIBGYOR AMAL JYOTHI IELTS ACADEMY Training & Test Center

STARTUPS VALLEY AMAL JYOTHI TBI — TECHNOLOGY BUSINESS INCUBATOR

AICTE IDEALab

Admissions open, Call
080-69 87 8484
9072 661 600 | 951 6666 000

Amal Jyothi College of Engineering, Koovappally P.O., Kanjirappally, Kottayam Dt., Kerala, India. 686 518 admissions@amaljyothi.ac.in www.ajce.in

SUCCESS Garten
Freedom Through Language
Asia's largest exclusive IELTS, OET and PTE training campus!

# Success Garten®

14 Years of Linguistic Odyssey

Mathichiparambil Edifice, Thiruvambady. Mob : 9447814774, 8590038240

Official partner of : CAMBRIDGE UNIVERSITY PRESS, idp IELTS (PROUD CO-OWNER OF IELTS), BRITISH COUNCIL PLATINUM MEMBER, ETS TOEFL, Pearson Test of English

14

Founder, Director cum Chief Trainer
CHINTU M. RAJU
[MFSc(CIFT), MBA(UGC-NET), MA English, PGDTRM, PGDTM(XLRi)]

**Success Garten continues its legacy in IELTS, OET, PTE & TOEFL**

## GREAT RESULTS OF Q1 OF 2K24

## Garten IELTS

### Garten Ruby 8 band club

Overall 8 — Alwin Joseph Stanley, Venappara, L-9, R-8, W-7, S-7
Overall 8 — Aneesha Joys, Vettilappara, L-8.5, R-8.5, W-7, S-7.5
Overall 8 — Enjoy Mrithun, Chundale, L-8.5, R-8, W-7.5, S-7.5
Overall 8 — Sera Dominic, Kodenchery, L-8.5, R-9, W-7, S-7
Overall 8 — Harshit R.K., Kasargodu, L-9, R-9, W-7, S-6.5
Overall 8 — Meryl John, Koodaranhi, L-9, R-7.5, W-7.5, S-7

### Garten Sapphire 7.5 band club

Overall 7.5 — Ashil V. Jamsh, Calicut, L-8.5, R-7.5, W-7, S-7.5
Overall 7.5 — Blesitta Susan Varghese, Kambalakad, L-8, R-8, W-7, S-7.5
Overall 7.5 — Jerit K. Saji, Pulpally, L-8, R-8, W-7, S-7

### Garten Nurses' Ireland club

Dona Thomas, Pulpally, Overall-7, L-7, R-7, W-7, S-6.5
Joslin Jose, Kasargode, Overall-7.5, L-8.5, R-7.5, W-7, S-6.5

### Garten Nurses' UK club

Dona Benny, Kasargode, Overall-7, L-7.5, R-7, W-6.5, S-7
Don Joseph, Chembukadav, Overall-7.5, L-7.5, R-8, W-6.5, S-7

### TOEFL®

Overall- 101
Steve Benny Joseph, Calicut, R-27, L- 23, S-27, W-24

## Garten OET

### Garten OET Perfect B club

ANU M.P., Koodaranji, L-B, R-B, W-B, S-B
Ashlin Jose, Thiruvambady, L-B, R-B, W-B, S-B
Aswathi K.Sudheer, Nilambur, L-B, R-B, W-B, S-B
Joicy Kurian, Mannarkad, L-B, R-B, W-B, S-B
Irene Treesa Jose, Thiruvambady, L-B, R-B, W-B, S-B
Megha Lal, Kannur, L-B, R-B, W-B, S-B
Nessy Mathew, Kodenchery, L-B, R-B, W-B, S-B
Aksa Merin Saji, Thekkumkutti, L-B, R-B, W-B, S-B
Angel Blessy George,Pulpally, L-B, R-B, W-B, S-B
Ashly Abraham, Sulthan Bathery, L-B, R-B, W-B, S-B
Amala Mathew, Thaliparamba, L-B, R-B, W-B, S-B
Jilu Vijayan, Koduvally, L-B, R-B, W-B, S-B
Dona V. Tom, Kudiyanmala, L-B, R-B, W-B, S-B
Sandra Prince, Pullurampara, L-B, R-B, W-B, S-B
Delna Thomas, Pulpally, L-B, R-B, W-B, S-B

### Garten OET : UK club

Aksa T. Antony, Mananthavady, L-B, R-B, W-C+, S-B
Reeya Johny, Santhinagar, L-B, R-B, W-C+, S-B
Lito Tiju, Chembukadav, L-B, R-B, W-C+, S-B
Sony Abraham, Kodenchery, L-B, R-B, W-C+, S-B
Anna Abina Saji, Chittarickal, L-B, R-B, W-C+, S-B

### Garten OET : Ireland club

Arya Girish P. K., Thiruvambady, L-B, R-B, W-B, S-C+
Chaithanya S., Mananthavady, L-B, R-C+, W-B, S-B
Megha Lal, Kannur, L-B, R-B, W-B, S-C+
Silpa Sunny, Malappuram, L-B, R-C+, W-B, S-B
Amitha George, Alakkode, L-C+, R-B, W-B, S-B
Jyothika Vinod, Kodenchery, L-C+, R-B, W-B, S-B
Sangeetha George, Maranchatty, L-B, R-C+, W-B, S-B
Blessy Wilson, Thiruvambady, L-B, R-C+, W-B, S-B

## Garten PTE

### Garten PTE Pinnacle club (+80)

Mariya Emmanuval, Thaliparamba, Overall-81, L-85, R-79, S-81, W-84

### Garten PTE : Citadel club (+70)

Aiswaria Joseph, Koorachundu, Overall-71, L-67, R-76, S-65, W-76
Gifty Anna Varghese, Mananthavady, Overall-79, L-80, R-79, S-83, W-81
Jophin Raju, Mukkam, Overall-79, L-83, R-80, S-88, W-74
Shilpa Karunakaran, Kalpetta, Overall-78, L-84, R-79, S-82, W-74
Suvimary Sebastian, Maruthomkara, Overall-77, L-82, R-83, S-85, W-72
Tess Joseph, Ernakulam, Overall-77, L-79, R-75, S-90, W-76

### Garten PTE : Castle club (+65)

Aleena P.S., Nilambur, Overall-67, L-66, R-65, S-67, W-72
Aniya Wilson, Mananthavady, Overall-67, L-69, R-64, S-76, W-61
Anu Maria Jose, Mananthavady, Overall-67, L-67, R-68, S-67, W-69
Biba T.S., Palaghat, Overall-65, L-62, R-63, S-59, W-67
Divya Tom, Iritty, Overall-65, L-69, R-64, S-66, W-68
Joel Benny, Cherupuzha, Overall-67, L-66, R-70, S-70, W-71
Johnwin Joby, Kalpetta, Overall-69, L-65, R-74, S-85, W-62
Linet Joseph, Chembukadavu, Overall-66, L-65, R-63, S-58, W-75
Oliviya Maria Smile, Maruthomkara, Overall-66, L-64, R-66, S-74, W-64


Printed and Published by Fr. Benny Alex Karackatt on behalf of Diocese of Thamarassery and printed at Roshni Publications (P) Ltd, Calicut-12 and published at PMOC, Marikkunnu, Calicut-12. Editor: Fr. Roni Paul Kavil